# ചെങ്കൽ ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണം
## ഗ്രാമവികസന രേഖ







"എന്നെ സംബന്ധിച്ച് സ്വരാജ് എന്റെ രാജ്യത്തിലെ ഏറ്റവും നിസ്സ്വരായവരുടെ സ്വാതന്ത്ര്യമാണ്. ഉറക്കം തൂങ്ങുന്നവരുടെയും അജ്ഞരുടെയുമല്ല, ഉണർത്തപ്പെട്ടവരുടേതാണ് സ്വരാജ്"

-ഗാന്ധിജി

# ഒമ്പതാം പദ്ധതി
# ജനകീയ പദ്ധതി





## ചെങ്കൽ ഗ്രാമ പഞ്ചായത്ത്
### സമഗ്രവികസന രേഖ


ചെങ്കൽ ഗ്രാമ പഞ്ചായത്ത്
NH 47
ചെങ്കൽ പടിഞ്ഞാറ്
ചെങ്കൽ കിഴക്ക്


# ചെങ്കൽഗ്രാമ പഞ്ചായത്ത്
## ഭരണസമിതി



എൻ. തങ്കപ്പൻ നാടാർ
(പ്രസിഡന്റ്)



ഡി. രവീന്ദ്രൻ
(ചെയർമാൻ, സ്റ്റാൻറിംഗ് കമ്മറ്റി)



പി. എസ്. സുരേഷ്കുമാർ
(വൈസ് പ്രസിഡൻറ്)



എം. ലാസർ
(സെക്രട്ടറി)


## പഞ്ചായത്ത് മെമ്പർമാർ




വട്ടവിള വിജയൻ



സി.ഇ. ജോയ്കുമാർ



കമലം എസ്.



പ്രതാപചന്ദ്രൻ



വിജയകുമാരി എസ്സ്.കെ.




സെലിൻ വിജയറാണി



ഗോപാലകൃഷ്ണൻ നായർ



ശോഭന രാജ്



വിൻസെന്റ്



സുശീല

# താളുകളിലൂടെ........


**1**

ആമുഖം

**2**

പഞ്ചായത്ത് പൊതുവിവരണം

**3**

സാമൂഹ്യ സാംസ്കാരിക ചരിത്രം

**4**

ഭൂപ്രകൃതി - ജലപ്രകൃതി, ജലവിഭവം

**5**

സാമൂഹിക - സാമ്പത്തിക മേഖലകൾ

1. കൃഷിയും ജലസേചനവും
2. മൃഗസംരക്ഷണവും, മത്സ്യബന്ധനവും, ഗതാഗതവും
3. വ്യവസായം
4. വിദ്യാഭ്യാസം
5. കുടിവെള്ളവും പൊതുജനാരോഗ്യവും
6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
7. പാർപ്പിടവും സാമൂഹ്യക്ഷേമവും
8. സംസ്ക്കാരം
9. വനിത
10. സഹകരണം
11. പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം
12. വിഭവ സമാഹരണം

**6**

ഉപസംഹാരം

അനുബന്ധം : പ്രവർത്തനരേഖ

# എഡിറ്റോറിയൽ ബോർഡ്

എഡിറ്റർ

രവീന്ദ്രൻ. ഡി

സ്റ്റാഫ്

തങ്കപ്പൻനാടാർ. എൻ

സ്റ്റാൻലിരാജ്. ആർ

ബിജു. എസ്.വി

പ്രേമശ്രീ. എൽ

രാജം. റ്റി

അജിത

സുഗന്ധി

ബ്ലോക്ക് & ഡിസൈൻസ്

എം.ആർ. & റസ്സൽ ആർട്ട്സ്

പ്രിന്റിംഗ്

വി.കെ.വി. പ്രിന്റേഴ്സ്

ഉദിയൻകുളങ്ങര

ടൈപ്പ് സെറ്റിംഗ്

ഹൈലൈറ്റ്, തിരുവനന്തപുരം, ഫോൺ : 330247

"ഭയകൗടില്യ ലോഭങ്ങൾ
വളർക്കില്ലൊരു നാടിനെ"

സ്വദേശാഭിമാനി രാമകൃഷ്ണപിള്ള

## എഡിറ്റോറിയൽ

ചെങ്കൽ ഗ്രാമ പഞ്ചായത്തിന്റെ ഒരു സമ്പൂർണ്ണ രേഖയല്ല ഈ റിപ്പോർട്ട്. നമ്മുടെ ഗ്രാമപ്രദേശത്തിന്റെ സമ്പൂർണ്ണ വികസനം രൂപപ്പെടുത്തുന്നതിലേയ്ക്കായി വികസന സെമിനാറിൽ ചർച്ച ചെയ്യപ്പെടുന്ന തിനു വേണ്ടിയാണ് ഈ രേഖ. ചുരുങ്ങിയ സമയത്തിനുള്ളിൽ ചുരുക്കം ചില പ്രവർത്തകരുടെ പരിശ്രമഫലമാണിത്. ഈ രംഗത്ത് വൈദഗ്ദ്ധ്യം നേടിയവരല്ല ഇവരെന്നുള്ളതും സൂചിപ്പിച്ചു കൊള്ളട്ടെ. നമ്മുടെ പഞ്ചായത്തിന്റെ ഭൂജല പ്രകൃതിയെക്കുറിച്ചും, പൊതുസ്ഥാപനങ്ങളെക്കുറിച്ചും, തൊഴിൽമേഖലകളെക്കുറിച്ചും, സാമൂഹ്യ, സാമ്പത്തിക, വിദ്യാഭ്യാസ, രാഷ്ട്രീയ, സാംസ്കാരിക, മേഖലകളെക്കുറിച്ചുമെല്ലാം കഴിയുന്നത്ര വിവരശേഖരണം നടത്താൻ ശ്രമിച്ചിട്ടുണ്ട്. ഈ ശ്രമത്തിൽ ഞങ്ങളോട് സഹകരിച്ച ബഹുമാനപ്പെട്ട ഉദ്യോഗ- അനുദ്യോഗസ്ഥർക്കും, സ്വകാര്യ ഉടമകൾക്കും എല്ലാത്തിനു മുപരി അക്ഷീണം പ്രവർത്തിച്ച ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ അംഗങ്ങൾക്കും, ഡി.ആർ.പിമാർക്കും, ഗ്രൂപ്പ് ലീഡർമാർക്കും പഞ്ചായത്തു കമ്മിറ്റിക്കുവേണ്ടി നന്ദിപ്രകാശിപ്പിച്ചു കൊള്ളുന്നു. ഇതിലെ പോരായ്മകൾ പരിഹരിച്ച് ഗ്രാമപഞ്ചായത്തിന്റെ പുരോഗതിക്കും വികസന ത്തിനും വേണ്ടിയുള്ള പ്രവർത്തന പദ്ധതികൾക്കും രൂപം നൽകാൻ വിനയപുരസ്കരം അഭ്യർത്ഥിക്കുന്നു.


സ്നേഹപൂർവ്വം
എഡിറ്റർ

## ജനപ്രതിനിധികൾ

| | |
|---|---|
| **പാർലമെന്റ് അംഗം** | : കെ. വി. സുരേന്ദ്രനാഥ് |
| **നിയമസഭാംഗം** | : എൻ. സുന്ദരൻനാടാർ |
| **ജില്ലാപഞ്ചായത്ത് അംഗം** | : കെ. കെ. ശ്രീധർ |
| **ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ** | : അഡ്വ. മര്യാപുരം ശ്രീകുമാർ |
| | കെ. വിജയകുമാരി |

**ഗ്രാമപഞ്ചായത്ത് അംഗങ്ങൾ**

| | |
|---|---|
| **എൻ. തങ്കപ്പൻനാടാർ** | (പ്രസിഡന്റ്) |
| **പി. എസ്. സുരേഷ് കുമാർ** | (വൈസ് പ്രസിഡന്റ്) |
| **ഡി. രവീന്ദ്രൻ** | (സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ) |
| **വട്ടുവിള വിജയൻ** | (മെമ്പർ) |
| **സി. ഇ. ജോയ്കുമാർ** | (do) |
| **എസ്സ്. കമലം** | (do) |
| **റ്റി. എം. പ്രതാപചന്ദ്രൻ** | (do) |
| **എസ്. കെ. വിജയകുമാരി** | (do) |
| **ആർ. സെലിൻ വിജയറാണി** | (do) |
| **പി. ഗോപാലകൃഷ്ണൻ** | (do) |
| **ശോഭന രാജ്** | (do) |
| **ആർ. വിൻസെന്റ്** | (do) |
| **സുശീല** | (do) |



# ആമുഖം

1947 – ആഗസ്ത് 15 – ഭാരതം സ്വതന്ത്രമായ സുദിനം! സാമ്രാജ്യത്വ അടിമത്തത്തിൽനിന്നും മോചനം നേടിയെങ്കിലും സ്വാശ്രയത്വത്തിലധിഷ്ഠിതമായി വികസനം പടുത്തുയർത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. സ്വതന്ത്ര ഭാരതം 50 വർഷം പൂർത്തിയാകുന്ന വേളയിൽ ജനങ്ങൾക്ക് വേണ്ടി ജനങ്ങളാൽ ഭരിക്കപ്പെടുന്ന ജനങ്ങളുടെ സർക്കാർ എന്ന ജനാധിപത്യ സ്വപ്നം സാക്ഷാത്കരക്കപ്പെടുവാൻ പോവുകയാണ്. അധികാരവും ആസൂത്രണവും മുകളിൽ നിന്നും താഴോട്ടൊഴുകി: അതോ ടൊപ്പം കുത്തി ഒലിച്ചത് ജനങ്ങളുടെ ആവശ്യങ്ങളായിരുന്നു. തീരുമാനങ്ങളെടുത്തവ നടപ്പിലാക്കുന്നതിനുളള പങ്ക് ഈ ആസൂത്രണത്തിലൂടെ സാധാരണക്കാരായ ജനങ്ങൾക്ക് കൈവന്നിരിക്കുകയാണ്. ഇവിടെ ജാതിമത ചിന്തകൾക്കതീതമായി ഉറപ്പു വരുത്തുവാൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കഴിയുമെന്നതിൽ തർക്കമില്ല. ഒമ്പതാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയായി കേരള സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. പഞ്ചായത്തുകൾക്കുള്ള സർക്കാർ വിഹിതം 40% കേരള സർക്കാരിന്റെ 60%-ൽപ്പെട്ട ചില സ്കീമുകൾ, കേന്ദ്ര സർക്കാർ ഫണ്ട്, ബാഹ്യ വികസന ഏജൻസികളിൽനിന്നും, സന്നദ്ധ സംഘങ്ങൾ വഴി ലഭിക്കുന്ന വികസന ഫണ്ടുകൾ നികുതി വരുമാനം ഇതിനു പുറമെ ജനകീയ സംഭാവനകൾ (വിഭവങ്ങൾ, പണം, അധ്വാനം) തുടങ്ങിയ വികസന പ്രക്രിയയെ ത്വരിതപ്പെടുത്തുന്ന സ്രോതസ്സുകൾ പലതാണ്. കേരളവും ഗ്രാമ പഞ്ചായത്തുകളും ഇന്ന് അഭിമുഖീകരിക്കുന്ന വികസന പ്രതി സന്ധിയ്ക്ക് പൂർണ്ണമായ രീതിയിലല്ലെങ്കിലും ഭാഗികവും, തൃപ്തികരവുമായ രീതിയിൽ ഈ ആസൂത്രണ തന്ത്രത്തലൂടെ പരിഹാരം കാണാൻ കഴിയുന്നതാണ്. ഏറ്റെടുക്കുന്ന പദ്ധതികൾ ബഹുജനപങ്കാളിത്തം ഫലപ്രദമാകുമ്പോൾ, സ്വാഭാവികമായും, നിലവിലുളള സ്കീമുകളുടേയും ഏറ്റെടുക്കാൻ പോകുന്ന പ്രവൃത്തികളുടേയും നടത്തിപ്പ് കാര്യക്ഷമവും, ശീഘ്രവും തൃപ്തികരവുമായി നിർവ്വഹിക്കുവാൻ കഴിയുമെന്ന് മാത്രമല്ല അഴിമതിയുടെ എല്ലാ മേഖലകളും നിയന്ത്രിക്കാൻ കഴിയുന്നതാണ്.

ചെങ്കൽ പഞ്ചായത്ത് ജനകീയ ആസൂത്രണ പരിപാടികളുടെ തുടക്കം ചെങ്കൽ പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ 20-9-96 – ൽ ഏകദിന പരിശീലന ക്യാമ്പ് നടന്നു. പഞ്ചായത്തിലെ വാർഡുകളിൽ നിന്നും 76 പേർ പങ്കെടുത്തു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എൻ. തങ്കപ്പൻ നാടാർ രാവിലെ നടന്ന യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുകയും വൈസ് : പ്രസിഡന്റ് പി. എസ്. സുരേഷ്കുമാർ ഉത്ഘാടനം ചെയ്യുകയും ചെയ്തു. തുടർന്ന് രഞ്ജിത് റാവു, വിനോദ്, ശക്തിധരൻ, പ്രസന്നകുമാരി, ഇവർ പരിശീലനം നല്കുകയുണ്ടായി. വൈകുന്നേരം നടന്ന സമാപന സമ്മേളനത്തിൽ വാർഡ് മെമ്പർമാർ എൽ.ആർ.പി.കളെ ആശംസിക്കുകയും സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ ശ്രീ. ഡി. രവീന്ദ്രൻ നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

24-9-96 മുതൽ ഗ്രാമസഭകൾക്ക് തുടക്കം കുറിക്കുകയും 2.10.96 – ൽ അവസാനിക്കുകയും ചെയ്തു. ഗ്രാമസഭകളിൽ ജനങ്ങളിൽ നിന്നും ആവേശകരമായ സഹകരണങ്ങളും പ്രതികരണങ്ങളുമാണ് ഉണ്ടായത്.

# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | - | ചെങ്കൽ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | - | ചെങ്കൽ വില്ലേജ് |
| ബ്ളോക് പഞ്ചായത്ത് | - | ചെങ്കൽ, വ്ളാത്താങ്കര |
| താലൂക്ക് | - | നെയ്യാറ്റിൻകര |
| അസംബ്ളി മണ്ഡലം | - | പാറശാല |
| വിസ്തീർണ്ണം | - | 19.37 ച.കി. മീറ്റർ |
| അതിരുകൾ | - | വടക്ക് എൻ.എച്ച് 47നും തെക്ക് കിഴക്ക് പാറശാല പഞ്ചായത്തും തെക്ക്ഭാഗം കുളത്തൂർ കാരോട് പഞ്ചായത്തുകളും പടിഞ്ഞാറ് നെയ്യാറും സ്ഥിതി ചെയ്യുന്നു. |
| ജനസംഖ്യ | - | (1991-ലെ സെൻസസ് പ്രകാരം) |
| പുരുഷൻമാർ | - | 32622 - 16407 |
| സ്ത്രീകൾ | - | 16265 |
| സാക്ഷരർ | - | 24,888 |
| വാർഡുകൾ | - | 13 എണ്ണം |
| സ്കൂളുകളുടെ എണ്ണം | - | എച്ച്.എസ്സ് - 2 |
| യു.പി.എസ് | - | 5, എൽ.പി.എസ് - 7 |
| റേഷൻകടകളുടെ എണ്ണം | - | 17 |
| സഹകരണ സ്ഥാപനങ്ങളുടെ എണ്ണം | - | 6 |
| ആശുപത്രി | - | ഗവ : 3, സ്വകാര്യം - 5 |
| മിഡ്വൈഫ് സെന്റർ | - | 1 |
| പഞ്ചായത്ത് റോഡുകളുടെ എണ്ണം/വിസ്തീർണ്ണം/ | - | |
| സാംസ്കാരിക സ്ഥാപനങ്ങളുടെ എണ്ണം | - | 10 |
| വായനശാല/ഗ്രന്ഥശാല എണ്ണം | - | വായനശാല - 3<br>ഗ്രന്ഥശാല - 3 |



# സാമൂഹിക – സാംസ്കാരിക ചരിത്രം

കേരളത്തിന്റെ തെക്കേ അറ്റത്തായി തമിഴ്നാടിനോട് തൊട്ടുരുമ്മികിടക്കുന്നതും, പാറശ്ശാല പഞ്ചായത്തിനോട് ചേർന്ന് കിടക്കുന്നതുമായ ഒരു പഞ്ചായത്താണ് ചെങ്കൽ ഗ്രാമ പഞ്ചായത്ത്. തമിഴ് നാടിനോട് അടുത്ത് കിടക്കുന്ന പഞ്ചായത്തായതിനാൽ ഭൂരിപക്ഷം ജനങ്ങളും തമിഴ് കലർന്ന മലയാളമാണ് സംസാരിക്കുന്നത്. ഏകദേശം ദീർഘ വൃത്താകൃതിയിൽ സ്ഥിതി ചെയ്യുന്ന ഈ ഗ്രാമ പഞ്ചായത്തിന് 19.37 ച.കി.മീ വിസ്തീർണ്ണമുണ്ട്. പഞ്ചായത്തിന്റെ വടക്കുഭാഗം ദേശീയപാതയോടും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയോടും പടിഞ്ഞാറു ഭാഗം നെയ്യാറിനോടും തൊട്ടുകിടക്കുന്നു. ഏതാണ്ട് ഈ പഞ്ചായത്ത് തുടങ്ങുന്ന ഭാഗം മുതൽ അവസാനിക്കുന്ന ഭാഗം വരെ വണ്ടിച്ചിറ തോട് പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി കടന്ന് പോകുന്നു. വണ്ടിച്ചിറ തോടിന്റേയും നെയ്യാറിന്റേയും സ്പർശനമേറ്റ് കിടക്കുന്ന പഞ്ചായത്താണെങ്കിൽ പോലും കൃഷിയ്ക്കും, കുടിയ്ക്കുന്നതിനും ആവശ്യമായ വെള്ളം ലഭിക്കുന്നില്ല.

മാർത്താണ്ഡവർമ്മ, ധർമ്മരാജ തുടങ്ങിയ സാഹിത്യകൃതികൾ രചിച്ച മലയാളികളുടെ മനം കവർന്ന സി.വി. രാമൻ പിള്ളയ്ക് ജന്മം നൽകിയ പഞ്ചായത്താണിത്. മാർത്താണ്ഡവർമ്മയ്ക്ക് അഭയം കൊടുത്ത പെരിയ വീടും തിരുവിതാംകൂർ സൈന്യത്തലവനായിരുന്ന വി.എം. പരമേശ്വരൻപിള്ളയും ജനിച്ചത് ഈ പഞ്ചായത്തിലാണെന്ന കാര്യം സ്മരിക്കാവുന്നതാണ്. അഭേദാശ്രമ സ്ഥാപകനായ ശ്രീ അഭേദാനന്ദനും ഇപ്പേൾ നെയ്യാറ്റിൻകര രൂപതയുടെ മെത്രാനായ ഫാ: വിൻസന്റ് സാമുവലും ഈ പഞ്ചായത്തിന്റെ അഭിനമാനങ്ങളാണ്. കൂടാതെ കേരള സംസ്ഥാന മന്ത്രിസഭയിലെ അംഗമായിരുന്ന ശ്രീ. എൻ. സുന്ദരേശൻനാടാർക്ക് ജന്മം നൽകിയതും ഈ പഞ്ചായത്തുതന്നെ.

കേരള സംസ്ഥാനം രൂപംകൊള്ളുന്നതിന് മുമ്പ് തന്നെ തിരുവിതാംകൂർ–തിരുകൊച്ചി സംസ്ഥാനത്ത് 1953–ൽ പഞ്ചായത്ത് നിലവിൽവന്നു. അതിന്റെ ഭാഗമായി ചെങ്കൽ പഞ്ചായത്തും രൂപംകൊണ്ടു. ആദ്യത്തെ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജോഷാ (പപ്പു മുതലാളി) ആയിരുന്നു. തുടർന്ന് സർവ്വശ്രീ. ജെ. മുത്തയ്യ, ശ്രീഹറി, കെ. പുരുഷോത്തമൻ നായർ, ജെ. ഇമ്പസാഗരൻ, എൻ. സഹദേവൻ, ജെ. സത്യദാസ് എന്നിവർ നേതൃത്വം നല്കിയ ഭരണസമിതികളായിരുന്നു നിലനിന്നിരുന്നത്. 2–10–95 മുതൽ ശ്രീ. എൻ. തങ്കപ്പൻനാടാർ പ്രസിഡന്റ് ആയിട്ടുള്ള കമ്മറ്റിയാണ് ഭരണം നിർവ്വഹിക്കുന്നത്. ചെങ്കൽ പഞ്ചായത്തിൽ പതിമൂന്ന് വാർഡുകൾ ഇപ്പോൾ നിലവിലുണ്ട്. അതിൽ അഞ്ച് വാർഡുകൾ വനിതാ സംവരണവും ഒരെണ്ണം SC/ST സംവരണവും ഏഴെണ്ണം ജനറൽ വാർഡുകളുമാകുന്നു.

കേരള സംസ്ഥാന ചരിത്രത്തിന്റെ താളുകളിൽ ഇടം തേടിയ രണ്ടു തൊഴിലുകളായിരുന്നു പനകയറ്റവും, തേനീച്ച വളർത്തലും. കേരളത്തിൽ ആദ്യമായി തേനീച്ച വ്യവസായം ആരംഭിച്ചത് ചെങ്കൽ ഗ്രാമപഞ്ചായത്തിൽ കോടങ്കര എന്ന സ്ഥലത്താണ്. ഈ പ്രദേശത്തെ ജനങ്ങളുടെ പ്രധാന തൊഴിലും തേനീച്ച വളർത്തൽ തന്നെയാണ്. ഇതു മൂലം വിദേശ നാണ്യം വരെ ലഭിക്കുന്നുണ്. എന്നാൽ പരമ്പരഗത തൊഴിലുകളിലൊന്നായ തേനീച്ച വ്യവസായം ഇന്ന് തകർച്ചയുടെ വക്കിലാണ്. കൂടാതെ പനകയറ്റം ഏതാണ്ട് അസ്തമിച്ച അവസ്ഥയിലാണ്.

നിരന്ന വയലേലകളും ഫലഭൂയിഷ്ടമായ മണ്ണും പരിമിതമായ രീതിയിൽ നെയ്യാർ, വണ്ടിച്ചിറ തോട്, എന്നിവയിൽ നിന്ന് ലഭിക്കുന്ന ജലവും നമ്മുടെ കാർഷിക മേഖലയെ സമ്പുഷ്ടമാക്കുന്നു. പ്രധാന കൃഷി നെൽകൃഷി ആണെങ്കിലും മരച്ചീനി, വാഴ, പച്ചക്കറികൾ, വെറ്റിലക്കൊടി ഇടകൃഷിയായി പയറും നല്ല രീതിയിൽ കൃഷി ചെയ്തു വരുന്നു. വ്ളാത്താങ്കര, തൃക്കണ്ണാപുരം, മര്യാ പുരം, കുട്യം മ്പോട്ടുകോണം, ആറയൂർ, വാണിയൻകാല, കൂടിച്ചാണി എന്നീ പ്രദേശങ്ങൾ പച്ചക്കറി കൃഷിയ്ക്ക് കീർത്തി കേട്ട സ്ഥലങ്ങളാണ്. ഈ പഞ്ചായത്തിലെ 70% ആളുകൾ കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നു. സ്ഥിരോത്സാഹികളും അദ്ധ്വാനശീലരുമായ തൊഴിലാളികൾ തന്റെ കായികശേഷി മണ്ണിൽ പ്രയോഗിച്ച് മണ്ണിനെ പൊന്നാക്കി ഈ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ ദാരിദ്ര്യം അകറ്റുന്നു.

പഞ്ചായത്താഫിസ്, കൃഷിഭവൻ, വില്ലേജ് ആഫീസ്, പ്രൈമറി ഹെൽത്ത സെന്റർ, മൃഗാശുപത്രി, ആയുർ വേദാശുപത്രി, ഹോമിയോ ആശുപത്രി, പോസ്റ്റാഫീസ്, എന്നീ സർക്കാർ സ്ഥാപനങ്ങൾ ഈ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ വിവിധങ്ങളായ ആവശ്യങ്ങൾ നിറവേറ്റി വരുന്നു.

ചരിത്ര രേഖകൾ പരിശോധിച്ചാൽ ഒരു നൂറ്റാണ്ടിന് മുൻപ് തന്നെ പ്രൈമറി വിദ്യാഭ്യാസം ഈ പഞ്ചായത്തിൽ ആരംഭിച്ചതായി കാണാം. കാലക്രമേണ അപ്പർപ്രൈമറി സ്കൂളുകളും ഹൈസ്കൂളുകളും നിലവിൽ വന്നു. ഭൂരിഭാഗവും കർഷകരാണെങ്കിൽപോലും വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും മുൻപന്തിയിൽ തന്നെയെന്നു കാണാം. ഗ്രന്ഥ ശാലകൾ, വായന ശാലകൾ മറ്റു സാംസ്കാരിക കേന്ദ്രങ്ങൾ എന്നിവ അര നൂറ്റാണ്ടു കാലത്തിനു മുൻപു തന്നെ ഈ പഞ്ചായത്തിൽ നിലവിൽ വന്നു അവയെല്ലാം ഇന്നും നല്ല രീതിയിൽ പ്രവർത്തിക്കുകയും ജനങ്ങളുടെ വിദ്യാഭ്യാസ സാംസ്കാരിക നാഭാ മണ്ഡലത്തിലെ നാഴിക കല്ലായി നിലനില്ക്കുകുകയും ചെയ്യുന്നുണ്ട്. വിദ്യാഭ്യാസ, സാംസ്കാരിക, സാമൂഹിക പുരോഗതി കൈവരിക്കുന്നതിന്, കേരള സർക്കാർ നടപ്പാക്കിയ സാക്ഷരതാ പ്രവർത്തനം ഒന്നും രണ്ടും ഘട്ടം പൂർത്തിയാക്കി മൂന്നാംഘട്ടം ഭംഗിയായി നടന്നു വരുന്നു.

ഈ ഗ്രാമ പഞ്ചായത്തിലെ ചരിത്രം പരിശോധിച്ചാൽ ഇവിടത്തെ ജനങ്ങൾ അധികവും ഈശ്വര വിശ്വാസികളാണെന്നും മത സഹിഷ്ണതയിൽ മുൻപന്തിയിലാണെന്നും കാണാം. ഹിന്ദുക്കളും ക്രിസ്ത്യാനികളും ഇടകലർന്നു താമസിക്കുന്നതു പോലെതന്നെ ആരാധനാലയങ്ങളും ഇടകലർന്നു സ്ഥിതി ചെയ്യുന്നു. ഇന്ന് എല്ലാ വാർഡുകളിലും ഒന്നോ അതിലധികമോ പള്ളികളും ക്ഷേത്രങ്ങളും നിലവിലുണ്ട്. ഈ പഞ്ചായത്തിലെ ജനങ്ങളുടെ മത സഹിഷ്ണുതയ്ക്കു മകുടോദാഹരണമാണ് വ്ളാത്താങ്കരയിൽ സ്ഥിതി ചെയ്യുന്ന ക്ഷേത്രവും പള്ളിയും അവിടത്തെ മതവിശ്വാസികളും.

സ്വാതന്ത്ര്യ സമര സേനാനികൾ മുതൽ മന്ത്രിയെ വരെ വാർത്തെടുത്ത പഞ്ചായത്താണിത്. വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും മുൻപന്തിയിൽ നിൽക്കുന്ന ഈ പഞ്ചായത്ത് കർമ്മ നിലതരായ പൊതു പ്രവർത്തകരെയും പ്രബുദ്ധരായ രാഷ്ട്രീയക്കാരെയും വാർത്തെടുത്തിട്ടുണ്ട്. കർഷകർ, കർഷകതൊഴിലാളികൾ, കൂലിവേലക്കാർ, ഉദ്യോഗസ്ഥന്മാർ തുടങ്ങിയവർ സമ്മിശ്രമായി ജീവിച്ചു വരുന്ന ഒരു പഞ്ചായത്താണെങ്കിലും ബഹുഭൂരിപക്ഷം വരുന്ന കർഷക തൊഴിലാളികളും കോളനി നിവാസികളും ഇന്നും ദാരിദ്ര്യരേഖയ്ക്കു താഴെയാണ്. എന്നാൽ ആത്മാഭിമാനം കൈവിടാതെ ജീവിക്കുന്നു എന്നത് ഈ പഞ്ചായത്തിലെ ജനങ്ങളുടെ പ്രത്യേകതയാണ്.

ചെങ്കൽ ഗ്രാമപഞ്ചായത്തിൽ നിരവധി കലാ കായിക സംസ്കാരിക സംഘടനകൾ പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തനം ആളുകളുടെ മാനസ്സീകവും ബൗദ്ധികവുമായ വളർച്ചയെ സമ്പുഷ്ടമാക്കുന്നുണ്ടോയെന്ന് ആത്മ പരിശോധന നടത്തേണ്ടിയിരിക്കുന്നു. നവ ചൈതന്യം പകരുന്ന വിദ്യാഭ്യാസ സാമ്പത്തിക, സാമൂഹിക വിപ്ളവത്തിലൂടെയും ഒട്ടേറേ സംഘടനകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവരുടെ സാങ്കല്പിക ലോകം പൂർത്തീകരിക്കുന്നതിന് ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയാക്കി മാറ്റുവാൻ ഏവരുടേയും സൻമനസ്സു പ്രതീക്ഷിച്ചു കൊണ്ട് ചരിത്ര താളുകൾ ഇവിടെ പൂർണ്ണമാക്കട്ടെ.



# ഭൂപ്രകൃതി

നെയ്യാറിനോടും ദേശീയപാതയോടും തൊട്ടുരുമി കിടക്കുന്ന ഈ പഞ്ചായത്തിൽ പലതരത്തിലുള്ള ഭൂപ്രകൃതിയാണ്. പഞ്ചായത്തിലെ ഏറ്റവും ഉയർന്ന കിഴക്കെ അതിർത്തി പൊൻവിളയാണ്. ജലദൗർലഭ്യം വളരെയധികം അനുഭവപ്പെടുന്ന ഈ ഭൂപ്രദേശത്ത് റബ്ബർ, മരച്ചീനി, തെങ്ങ്, എന്നിവയാണ് കൃഷി ചെയ്യുന്നത്. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ഒരേതരത്തിലുള്ള കൃഷി സമ്പ്രദായമല്ല നിലവിലിരിക്കുന്നത്. മണ്ണിന്റെ ഘടന ഏകദേശം ഏകീകൃത സ്വഭാവമുള്ളതാണ്. ഈ ഘടന ഇടത്തരം കാർഷിക വിളകൾക്ക് പ്രയോജനമുള്ളതായി കാണുന്നു. മുൻകാലങ്ങളിൽ ആവശ്യാനുസരണം മരച്ചീനി കൃഷിയാണ് ചെയ്തു പോന്നിരുന്നത്. എന്നാൽ ഇന്ന് ചെറിയ തോതിൽ മാത്രമേ മരച്ചീനി കൃഷി ചെയ്യുന്നുള്ളു. മരച്ചീനി കൃഷി ചെയ്തിരുന്ന സ്ഥലങ്ങളിൽ അക്കേഷ്യ, മാഞ്ചിയം, തെങ്ങ്, റബ്ബർ, ഇവ നട്ടുപിടിപ്പിക്കുന്നതിനാലാണ് ഈ കൃഷി കുറയുന്നത്. തരിശ് നിലമായി കിടക്കുന്ന സ്ഥലങ്ങൾ ഇല്ല. വിവിധ തരത്തിലുള്ള ഫലവൃക്ഷങ്ങൾ ഈ പ്രദേശങ്ങളിൽ വ്യാപകമായി കാണപ്പെടുന്നു. വിവിധ തരത്തിലുള്ള മണ്ണ് കാണുന്നു. ഉയർന്ന പ്രദേശങ്ങളിൽ ചരൽ നിറഞ്ഞ മണ്ണും താഴ്ന്ന പ്രദേശങ്ങളിൽ മണൽ ചേർന്ന മണ്ണും ചില സ്ഥലത്ത് കരിമണ്ണും, എക്കൽ മണ്ണും കാണപ്പെടുന്നു. തെങ്ങ്, പന കമുക്, പുളി, പ്ലാവ്, മാവ്, കശുമാവ്, ആഞ്ഞിലി, തുടങ്ങിയ വൻ വൃക്ഷങ്ങളും കൂവ, ചേന, ചേമ്പ്, കാച്ചിൽ മുക്കിഴങ്ങ് ചെറുകിഴങ്ങ്, പയർ പടവൽ, പാവൽ, കൈതച്ചക്ക, ഇഞ്ചി, കുരുമുളക്, നെല്ല്, വാഴ, തുടങ്ങിയ കാർഷിക വിഭവങ്ങളും ഉണ്ട്. നെല്ല്, മരച്ചീനി എന്നീ വിഭവങ്ങൾ ഈ പ്രദേശങ്ങളിൽ ധാരാളമായി കൃഷി ചെയ്തിരുന്നു. എന്നാൽ ഇന്ന് അപൂർവ്വ മായിട്ടാണ് ഇത് കൃഷി ചെയ്യുന്നത്.

എല്ലാ വീടുകളിലും ചെടികൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. എന്നാൽ പൂകൃഷി വാണിജ്യ രീതിയിൽ പ്രയോജനപ്പെടുത്തക്ക വിധത്തിൽ ഉപയോഗിക്കുന്നില്ല. ഔഷധച്ചെടിയായ കൊടുവേലി, മാങ്ങാഇഞ്ചി, ഗ്രാമ്പ്, ജാതി, കൊക്കൊ, കാപ്പി, ഏലം എന്നീ വിളകളും ചെറിയ രീതിയിൽ ഉത്പാദിപ്പിക്കപ്പെടുന്നു. ഫലഭൂയിഷ്ടിയില്ലാത്തതരത്തിലുള്ള മണ്ണ് കാണുന്ന പ്രദേശങ്ങളിൽ രാമച്ചം നട്ടുപിടിപ്പിച്ചിട്ടുണ്ട്.

ഭൂപ്രകൃതി അനുസരിച്ച് ചെങ്കൽ പ്രദേശത്തെ കുന്നിൻ പ്രദേശം, ചരിവ്,സമതലം വെള്ളപ്പൊക്ക മേഖല, ഉയർന്ന പ്രദേശം താഴ്വര എന്നീ ആറ് മേഖലകളായി തിരിക്കാം.

### ഭൂപ്രകൃതി പഠനം

| ഭൂപ്രകൃതി | നദീതീരം | ചരിവ് | സമതലം | ഉയർന്ന പ്രദേശം | താഴ്വര | കുന്നിൻ മുകൾ |
|---|---|---|---|---|---|---|
| മണ്ണിനം | മണൽ മണ്ണ് | പാറ | ചെമ്മണ്ണ് ചരൽ ചേർന്നത് | കറുത്ത ചരൽ മണ്ണ് | കളിമണ്ണ് | ചരൽമണ്ണ് |
| സസ്യാവരണം | തെങ്ങ് നെല്ല് ഫലവൃക്ഷങ്ങൾ | തെങ്ങ് മരച്ചീനി ഫല വൃക്ഷങ്ങൾ തേക്ക് മാഞ്ചിയം | തെങ്ങ് മരച്ചീനി വാഴ പച്ചക്കറി വെറ്റില [illegible] | തെങ്ങ് മരച്ചീനി ഫല വൃക്ഷങ്ങൾ | തെങ്ങ് നെല്ല് വാഴ പച്ചക്കറികൾ | റബ്ബർ മരച്ചീനി തെങ്ങ് ഫലവൃക്ഷങ്ങൾ മറ്റു വൃക്ഷങ്ങൾ |
| പരിസ്ഥിതി പ്രശ്നങ്ങൾ | വെള്ളപ്പൊക്കം | മണ്ണൊലിപ്പ് | ജലദൗർലഭ്യം | ജലദൗർലഭ്യം | ജലദൗർലഭ്യം | ജലദൗർലഭ്യം |

ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗമായിരുന്ന കൃഷി ആദായകരമല്ലാത്തതിനാൽ പലരും മറ്റ് തൊഴിൽ മേഖലകളിലേക്ക് കടന്നു കയറി. പ്രധാനമായും കെട്ടിടനിർമ്മാണ രംഗത്താണ് ഈ കടന്നുകയറ്റം. പരമ്പരാഗത മേഖലയിൽ തൊഴിൽ അവസരങ്ങൾക്കു കുറഞ്ഞുവരുന്നു. ഗൾഫ് പണത്തിന്റെ സ്വാധീനം ഏറെയുള്ള ഒരു പഞ്ചായത്താണിത്. കെട്ടിടനിർമ്മാണ മേഖല ഉൾപ്പെടെ പലരംഗത്തും തൊഴിൽ ചെയ്യുവാൻ ആളെ കിട്ടാതെ വരുന്ന അവസ്ഥയാണ് പഞ്ചായത്തിലുള്ളത്.

### ജലപ്രകൃതി

പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്തായി നെയ്യാർ ഒഴുകുന്നു. പഞ്ചായത്തിന്റെ പ്രധാന തോടുകളെല്ലാം നെയ്യാ

റിലാണ് പതിയ്ക്കുന്നത്. നെയ്യാറിലെ പ്രധാനപ്പെട്ട ഒൻപത് തോടുകളും 62 കുളങ്ങളും ചേർന്നതാണ് ചെങ്കൽ പഞ്ചായത്തിലെ ഉപരിതല ജലസ്രോതസ്സ്.


| കുളങ്ങളുടെ എണ്ണം സെന്റിൽ | എണ്ണം |
|---|---|
| 10 സെന്റിന് താഴെ | 0 |
| 10 20 ന് ഇടയ്ക്ക് | 4 |
| 20 30 ന് | 5 |
| 30 40 | 11 |
| 40 50 | 7 |
| 50 ന് മുകളിൽ | 35 |
| ആകെ | 62 |

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കാണപ്പെടുന്ന മൺതരങ്ങൾ ഇപ്രകാരമാണ്. ചരൽമണ്ണ്, കളിമണ്ണ് കലർന്ന പശിമരാശി മണ്ണ്, വെള്ളമണൽ മണ്ണ് എക്കൽമണ്ണ്, കരിമണ്ണ്, മണൽ ചേർന്ന മണ്ണ്, എന്നിങ്ങനെ തരംതിരിയ്ക്കാം. (പഠന പര്യടനങ്ങളുടെ റിപ്പോർട്ടിൻ പ്രകാരം)

### ജനപ്രകൃതി

ചെങ്കൽ പഞ്ചായത്തിലെ ജനസംഖ്യ 62622 ആണ്. ഇതിൽ പുരുഷൻമാർ 32316 ഉം സ്ത്രീകൾ 3306 ഉം ആണ്. ആകെ വീടുകളുടെ എണ്ണം 7042 ആയിരുന്നു. 6 വയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം 8060 ആണ്. ഇതിൽ 4076 ആൺകുട്ടികളും 3984 പെൺകുട്ടികളുമാണ്. പട്ടികജാതി ജനസംഖ്യ 4249 ആണ്. അതിൽ 2071 പുരുഷൻമാരും 2178 സ്ത്രീകളുമാണ്. പുരുഷൻമാരെ അപേക്ഷിച്ച് 107 സ്ത്രീകൾ കൂടുതലാണ്. ആകെ ജനങ്ങളിൽ 54888 പേർ സാക്ഷരരാണ്. ഇതിൽ 29804 പേർ പുരുഷന്മാരും 25084 പേർ സ്ത്രീകളുമാണ്. സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനത്തിൽ നിരക്ഷരരായിരുന്ന ഈ പഞ്ചായത്തിലെ 8324 പേരിൽ 92 ശതമാനം പേരെ സാക്ഷരരാക്കുവാൻ കഴിഞ്ഞു.

# സാമൂഹിക സാമ്പത്തിക മേഖലകൾ



# കൃഷിയും ജലസേചനവും

ചെങ്കൽ പഞ്ചായത്ത് പൊതുവെ ഒരു കാർഷിക ഗ്രാമമാണ്. നെയ്യാറിനോടു ചേർന്നുകിടക്കുന്ന ഈ പഞ്ചായത്തിൽ നെല്ലാണ് പ്രധാന കൃഷി. ഒപ്പം വാഴ, മരച്ചീനി, പച്ചക്കറി, തെങ്ങ് എന്നിവയും കൃഷി ചെയ്തു വരുന്നു. ഇടവിളയായി കിഴങ്ങു വർഗങ്ങൾ, എള്ള്, പയറ്, വാഴ എന്നിവയും കൃഷിചെയ്തു വരുന്നു.

ഭൂരിഭാഗം കൃഷിക്കാരും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമി കൈവശമുള്ളവരാണ്. ആദ്യകാലത്ത് ശ്രദ്ധയും പരിചരണവും വേണ്ടുവോളം നല്കിയിരുന്നത് കൃഷിക്കായിരുന്നു. പൂർണ്ണമായും മഴയെ ആശ്രയിച്ചായിരുന്നു കൃഷി നടത്തിയിരുന്നത്. കൃഷിക്കുവേണ്ടി കുളം, കനാൽ, തോട് എന്നിവിടങ്ങളിലെ ജലവും ഉപയോഗിച്ചിരുന്നു. ആകെ ഭൂമിയുടെ 18% നെൽക്കൃഷി ചെയ്യുന്ന വയലുകളാണ്. നാടൻ വിത്തിനങ്ങളാണ് ഇവിടെ ഉപയോഗിച്ചിരുന്നത്. തുളുനാടൻ, കുറ്റിച്ചിറയാടി, പട്ടാമ്പി, പൊന്നാനി എന്നീ നാടൻ വിളകൾ ജൈവവളം ഉപയോഗിച്ചാണ് കൃഷി ചെയ്തിരുന്നത്. ഇരുപ്പൂവിനും മുപ്പൂവിനും ഇളവിത്തുകളാണ് കൃഷിക്കുപയോഗിച്ചിരുന്നത്.

പാടങ്ങളിൽ ഇടവിളയായി, എള്ള്, പയർ, എന്നീ ധാന്യങ്ങളും, കിഴങ്ങുവർഗ്ഗങ്ങളായ ചേന, ചേമ്പ്, വിവിധയിനം പച്ചക്കറികൾ, വാഴ എന്നിവ കൃഷി ചെയ്തു വരുന്നു. ജലസേചനത്തിനായി തോടുകൾ, കുളങ്ങൾ, എന്നിവ ചിറകെട്ടി അതിരുകളിൽ കൈത തുടങ്ങിയവ നട്ടുപിടിപ്പിച്ച് സംരക്ഷിച്ചിരുന്നു. നാടൻ ജലസേചന യന്ത്രങ്ങളായ, ഏറവട്ടി, ചക്രം എന്നിവ ഉപയോഗിച്ചിരുന്നു. കീടനിയന്ത്രണത്തിന് നാടൻ രീതികളാണ് ഉപയോഗിച്ചിരുന്നത്.

ഇന്ന് ഇത്തരം കൃഷിരീതികൾക്ക് ഒരുപാട് മാറ്റം വന്നിട്ടുണ്ട്. കൃഷി പണിക്ക് ആളെ കിട്ടാത്ത അവസ്ഥയാണ്. പൊതുവേ കൃഷിയോട് ആഭിമുഖ്യം കുറഞ്ഞുവരുന്നു. കൃഷിയുമായി ബന്ധപ്പെട്ട, കുളങ്ങൾ, തോടുകൾ എന്നിവ സംരക്ഷിച്ചുനിർത്തുന്നതിനും യാതൊരു പരിപാടിയുമില്ല. പലയിടങ്ങളിലും കുളങ്ങൾ, തോടുകൾ എന്നിവയുടെ അതിരുകളിൽ തെങ്ങ് വയ്ക്കുന്ന പ്രവണത കൂടി വരുന്നു.

### കൃഷിഭൂമി വിനിയോഗം

| നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1. | ഒരു ഹെക്ടറിൽ താഴെ | 7314 |
| 2. | ഒരു ഹെക്ടറിനും രണ്ടിനുമിടയിൽ | 1814 |
| 3. | രണ്ടു ഹെക്ടറിനു മുകളിൽ | 16 |

### ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 2000 ഹെക്ടർ ആണ്. ഇത് ചരിഞ്ഞ പ്രദേശം, സമതലം, ഉയർന്ന പ്രദേശം, താഴ്വര, കുന്നിൻ മുകൾ എന്നിങ്ങനെ തരംതിരിക്കാം. ഇവിടെ കണ്ടുവരുന്ന മൺതടങ്ങൾ നദീതീരത്ത് മണൽകലർന്ന മണ്ണും ചരിവുള്ള പ്രദേശങ്ങളിൽ പാറമണ്ണും, സമതല പ്രദേശങ്ങളിൽ ചെമ്മണ്ണും ഉയർന്ന പ്രദേശത്ത് കറുത്ത ചരൽമണ്ണും, താഴ്വരകളിൽ കളിമണ്ണും, കുന്നിൻമുകളിൽ ചരൽമണ്ണുമാണ്. ഈ ഭൂപ്രകൃതിയിലെ കൃഷിയിനങ്ങൾ പട്ടികയിൽ പറയും പ്രകാരമാണ്.

| നമ്പർ | ഭൂപ്രകൃതി | പ്രധാനകൃഷി |
|---|---|---|
| 1 | നദീതീരം | തെങ്ങ്, നെല്ല്, ഫല വൃക്ഷങ്ങൾ |
| 2 | ചരിവ് | തെങ്ങ്, മരച്ചീനി, ഫലവൃക്ഷങ്ങൾ, തേക്ക് |
| 3 | സമതലം | തെങ്ങ്, മരച്ചീനി, വാഴ, പച്ചക്കറി വെറ്റിലക്കൊടി |
| 4 | ഉയർന്ന പ്രദേശം | തെങ്ങ്, മരച്ചീനി, ഫലവൃക്ഷങ്ങൾ |
| 5 | താഴ്വര | നെല്ല്, മരച്ചീനി, വാഴ, പച്ചക്കറി |
| 6 | കുന്നിൻമുകൾ | റബ്ബർ, മരച്ചീനി, തെങ്ങ്, മറ്റുകൃഷികൾ |

പ്രധാനപ്പെട്ട പരിസ്ഥിതി പ്രശ്നങ്ങൾ നെയ്യാറിന്റെ തീരത്തായി മഴക്കാലത്തുണ്ടാകുന്ന വെള്ളപ്പൊക്കവും, ചരിഞ്ഞ പ്രദേശങ്ങളിലെ മണ്ണൊലിപ്പുമാണ്. ഇതിനുപുറമേ വേനൽക്കാലത്ത് ജലദൗർലഭ്യവും അനുഭവപ്പെടുന്നു.

### നെൽക്കൃഷി

വിള വിസ്തീർണ്ണം

| നമ്പർ | വിള | വിസ്തീർണ്ണം ഹെക്ടറിൽ | ഉൽപാദനം | ഉൽപാദനം ക്ഷമത ഹെക്ടറിൽ |
|---|---|---|---|---|
| 1 | നെല്ല് 1-ാം വിള | 300 | 660 ടൺ | 2.25 ടൺ |
| 2 | നെല്ല് 2-ാം വിള | 300 | 630 ടൺ | 2.1 ടൺ |
| 3 | നെല്ല് 3-ാം വിള | 90 | 126 ടൺ | 1.4 ടൺ |

കൃഷിക്കായി ഭൂരിഭാഗം പേരും നാടൻവിളകളാണ് ഉപയോഗിക്കുന്നത്. എന്നാൽ കൃഷിഭവൻ വഴി സങ്കര യിനം വിത്തുകളും കൃഷി ചെയ്യുന്നു. നെൽക്കൃഷിക്കു ശേഷം ഭൂരിഭാഗം പേരും ഇടവിളകളായി പച്ചക്കറി, പയറ്, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്യുന്നു.

തെങ്ങിന്റെ ഉൽപാദനക്ഷമത ഒരു ഹെക്ടറിന് 6465 എണ്ണമാണ്. നദീതീരത്തും പുഴയോരങ്ങളിലുമാണ് കൂടുതലായി തെങ്ങ് കൃഷി ചെയ്യുന്നത്.

### വളം

സഹകരണ മേഖലയിൽ 4ഉം സ്വകാര്യമേഖലയിൽ 8 എണ്ണവുമാണുള്ളത്. കൃഷിക്കുപയോഗിക്കുന്നത് 70% വും രാസവളങ്ങളാണ്. ഇത് ശാസ്ത്രീയമായ രീതിയിലും. ജൈവവളങ്ങൾ വിരളമായി മാത്രമേ ഉപയോഗിക്കുന്നുള്ളു. അതോടൊപ്പം പലതരം കീടനാശിനികളും ഉപയോഗിക്കുന്നു. പ്രധാനമായും , നെല്ല്, പച്ചക്കറികൾ, വാഴ എന്നീ വിളകൾക്കാണ് കൂടുതലും ഉപയോഗിക്കുന്നത്. ശാസ്ത്രീയമായിട്ടല്ല ഇവയുടെ ഉപയോഗവും.

പാടശേഖരകമ്മിറ്റിക്കായി കൃഷിഭവൻ മുഖേന കാർഷികോപകരണങ്ങൾ നൽകിയിട്ടുണ്ട്. ഇവയ്ക്കു പുറമെ നാടൻ രീതിയിലുള്ള യന്ത്രങ്ങളും ഉപയോഗിക്കുന്നു. കാർഷികോപകരണങ്ങളുടെ വിവരം പട്ടികയിൽ ചേർത്തിരിക്കുന്നു.

| ഉഴവ് ഉപകരണങ്ങൾ | | മരുന്നുതളി | | | മെതി യന്ത്രം | തെങ്ങുകയറ്റ യന്ത്രം |
|---|---|---|---|---|---|---|
| ട്രില്ലർ | നാടൻ കലപ്പ | റോക്കർ സ്പ്രേയർ | നാപ്സാക്ക് സ്പ്രേയർ | മറ്റുള്ളവ | | |
| 4 | 53 | 10 | 40 | 10 | 3 | 6 |

കാർഷിക മേഖലയിൽ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുകയാണ്. സാർവത്രിക വിദ്യാഭ്യാസം, കൃഷിയോടുള്ള വൈമുഖ്യം എന്നിവ ഇതിനു പ്രധാന കാരണമാണ്. പലരും കൃഷി മുഖ്യ ഉപജീവനമാർഗമായി കാണാൻ ആഗ്രഹിക്കുന്നില്ല. പഞ്ചായത്തിലെ ശരാശരി കൂലിനിരക്ക് പുരുഷന് 80 രൂപയും സ്ത്രീകൾക്ക് 40 രൂപയുമാണ്.

പഞ്ചായത്തിന് മൂന്ന് സർവ്വീസ് സഹകരണ സ്ഥാപനങ്ങളും രണ്ടു ബാങ്കുകളുമാണ് പഞ്ചായത്തിന്റെ പരിധിയിൽ വരുന്നത്. ഇതിനു പുറമേ സമീപ പഞ്ചായത്തുകളിലെ ബാങ്കുകളിൽ നിന്നും കൃഷിയ്ക്ക് വായ്പ ലഭിക്കുന്നതാണ്.

### ജലസേചനം

പ്രധാനമായും മഴയെമാത്രം ആശ്രയിച്ച് കൃഷി നടത്തുന്ന പഞ്ചായത്താണ്. രണ്ടു ഘട്ടങ്ങളിലായിട്ടാണ് മഴ ലഭിക്കുന്നത്. കാലവർഷവും തുലാവർഷവും. ഇതിനുപുറമേ 6 കിലോമീറ്റർ ദൂരത്തിൽ നെയ്യാറിന്റെ തീരവും പഞ്ചായത്തിനെ ചുറ്റിക്കിടക്കുന്നു.

പഞ്ചായത്തിൽ ആകെയുള്ള തോടുകളുടെ നീളം 18.5 കി.മി. ആണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട തോട് വണ്ടിച്ചിറ തോട്, പാറശ്ശാലയിൽ നിന്നുത്ഭവിച്ച് 6 വാർഡുകളിലൂടെ കടന്ന് നെയ്യാറിൽ ചെന്നവസാനിക്കുന്നു.

### ജലവുമായി ബന്ധപ്പെട്ട ആസ്തികൾ

| നമ്പർ | ആസ്തി | വിസ്തീർണ്ണം (കി.മി) |
|---|---|---|
| 1 | നെയ്യാർ | 6 കി.മി |
| 2. | തോട്/അരുവി | 18.5 കി.മി |
| 3. | കുളം | 62 എണ്ണം |
| 4 | ജലസംഭരണി | 5 എണ്ണം |
| 5 | കുഴൽകിണർ | 8 എണ്ണം |

പഞ്ചായത്തിൽ ചെറുതും വലുതുമായ 62 കുളങ്ങളാണ് ഉള്ളത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട കുളം വലിയ കുളം. ഇത് നാലാംവാർഡായ പടിഞ്ഞാറേ ചെങ്കലിലാണ്. ഇതിന്റെ വിസ്തീർണ്ണം 21 ഏക്കർ 18 സെന്റ് ആണ്. ഭൂരിഭാഗം കുളങ്ങളും വേനൽക്കാലത്ത് വറ്റാത്തവയാണ്. പ്രധാനപ്പെട്ട കുളങ്ങളുടെ വിവരം ചുവടെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

കുളങ്ങളെ സംബന്ധിക്കുന്ന വിവരം
(സെക്കന്ററി സ്റ്റേറ്റ്)

| നമ്പർ | കുളം | ഉൾപ്പെടുന്നത് | വിസ്തീർണ്ണം |
|---|---|---|---|
| 1 | ആശായൂർ കുളം | I | 50 സെന്റ് |
| 2. | ഏക്കല്ലൂർകോണം കുളം | II | 52 സെന്റ് |
| 3. | പാണിയംകുഴി കുളം | III | |
| 4. | വലിയ കുളം | IV | 21 ഏക്കർ 18 സെന്റ് |
| 5. | കോപ്പ കുളം | V | |
| 6. | പുൽക്കുളം | VI | |

| | | |
|---|---|---|
| 7. | പുൽകുളം | VII |
| 8. | കുംഭ കുളം | VIII |
| 9. | കോട്ടുകുളങ്ങര കുളം | IX |
| 10. | ഉദിയം കുളം | X |
| 11. | കാട്ടു കുളം | XI |
| 12. | പുതുകുളം | XII |
| 13. | പെരിങ്ങോട്ടു കുളം | XIII |

## കൃഷിഭവൻ

1986–ലാണ് കൃഷിഭവൻ പഞ്ചായത്തിൽ നിലവിൽ വന്നത്. കൃഷിഭവലൻ വന്നതിനുശേഷം പഞ്ചായത്തിന്റെ മുൻകാലങ്ങളെ അപേക്ഷിച്ച് കാർഷികരംഗത്ത് വൻപുരോഗതി ഉണ്ടായിട്ടുണ്ട്. ഒരു കൃഷി ഓഫീസറും, 3 കൃഷി അസിസ്റ്റന്റുമാണ് കൃഷിഭവനിലുള്ളത്. പഞ്ചായത്തിന്റെ കാർഷിക പുരോഗതിയിൽ ഇനിയും ഗണ്യമായ പുരോഗതി ഉണ്ടാക്കുന്നതിനു കൃഷിഭവനു കഴിയും.

## പ്രശ്നങ്ങൾ

നെയ്യാർ ഡാമിലെ ജലത്തെ ആശ്രയിച്ചാണ് ഈ പഞ്ചായത്തിലെ നെൽക്കൃഷിയുടെ അഭിവൃദ്ധി നിലനില്കുന്നത്. ചാനൽ യഥാസമയം കൃഷിക്കാരുടെ താൽപര്യം അനുസരിച്ച് തുറന്ന് വിടാത്തതിനാൽ താളംതെറ്റിയ രീതിയിലാണ് കൃഷിനടക്കുന്നത്. കൊയ്ത്ത് സമയത്ത് ചാനൽ മെയിന്റനൻസ് ചെയ്യുന്നതിന് പകരം കൃഷിയിറക്കിയ ശേഷമാണ് ഈ പണികൾ ചെയ്യുന്നത്. തൻനിമിത്തം നെൽക്കൃഷി ഉപേക്ഷിച്ച് ഭൂരിഭാഗം ആൾക്കാരും വിപ്ളവ പരിവർത്തനം എന്ന ഓമനപ്പേര് നൽകി വാഴക്കൃഷി, മരച്ചീനി, പച്ചക്കറി നടീൽ തുടങ്ങിയ കൃഷികളിൽ വ്യാപൃതരായിരിക്കുകയാണ്. തൻനിമിത്തം അരിക്ക് വേണ്ടി തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാടിനെ ആശ്രയിക്കേണ്ട സ്ഥിതി സംജാതമായിരിക്കുകയാണ്.

ഉത്പാദന ചെലവിൽവന്ന വർദ്ധനവ് കർഷക തൊഴിലാളികളുടെ എണ്ണത്തിൽവന്ന കുറവ്, ഉത്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തത്. കാലവർഷ വ്യതിയാനങ്ങൾ കൃഷി ഉപജീവനമായി സ്വീകരിച്ചവരുടെ എണ്ണത്തിലുള്ള കുറവ് തുടങ്ങിയവയൊക്കെ നെൽക്കൃഷി ഉത്പാദനം കുറയുന്നതിന് കാരണമായി.

നിലം നികത്തിക്കൊണ്ട് നടുന്നതുകൊണ്ട് ജലം കെട്ടിനിൽക്കുന്നതിനാൽ തെങ്ങിന്റെ വളർച്ച മുരടിക്കുകയും കായ്ഫലം കുറയുകയും ചെയ്യുന്നു. കൂടാതെ ചെങ്കൽ പഞ്ചായത്തിൽ IV, VII വാർഡുകളിൽ കാറ്റ് വീഴ്ച മൂലം തെങ്ങുകൾ നശിച്ചുകൊണ്ടിരിക്കുകയാണ്. രോഗത്തിൽനിന്നും തെങ്ങുകൃഷിയെ സംരക്ഷിക്കേണ്ടതാണ്. വളപ്രയോഗം നടത്തുന്നുവെങ്കിലും മഴയുടെ വ്യതിയാനം നിമിത്തം തക്കസമയത്ത് മഴപെയ്യാത്തതിനാൽ രാസവള പ്രയോഗം മൂലം മണ്ണ് വരണ്ടുപോയതിനാൽ വേരുകൾക്ക് വളം ആഗീരണം ചെയ്യുന്നതിനുള്ള ശക്തി കുറവ് ഉണ്ടാകുന്നതു നിമിത്തം വളപ്രയോഗങ്ങൾ ഉദ്ദേശിച്ച ലക്ഷ്യത്തിന് വിപരീത ഫലമാണ് ഉളവാക്കുന്നത്. ജലസേചന സൗകര്യങ്ങൾ ഉള്ള സ്ഥലങ്ങളിൽ മാത്രമേ രാസവള പ്രയോഗം ഉദ്ദേശിക്കുന്ന രീതിയിൽ തെങ്ങിനും (മറ്റ് വൃക്ഷങ്ങൾക്കും) ഗുണം ചെയ്യുകയുള്ളൂ.

പതിമൂന്നാം വാർഡിൽപ്പെട്ട ചാവല്ലൂർ പൊറ്റ, മൂന്നാം പൊറ്റ എന്നീ പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയാൻ വളം വേണ്ട കല്ലടുക്ക് പദ്ധതി നടപ്പിലാക്കിയാൽ റബ്ബർ കൃഷി തുടങ്ങിയ വ്യവസായ വിളകൾക്ക് പ്രയോജനകര മായി തീരുന്നതാണ്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന്, മണ്ണ് പരിശോധന നടത്തിയിട്ടുണ്ടെങ്കിലും പരിശോധനാ റിപ്പോർട്ട് ലഭിക്കാത്തതു കാരണം മണ്ണിന്റെ പൊതു സ്വഭാവം മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. ഇക്കാരണത്താൽ വളം വേണ്ടരീതിയിൽ ചേർക്കാൻ കഴിയാത്തതുകൊണ്ട് ഉദ്ദേശിക്കുന്ന രീതിയിൽ വിളവ് കിട്ടുന്നില്ല.

ഇടവിളയായ പയറർകൃഷി, വയലുകളിൽ ചെയ്തുവരുന്നു. കൃഷി ആഫീസുകളിൽനിന്നും തക്കസമയത്ത് വിത്തിനങ്ങൾ ലഭിക്കാത്തതു കാരണം മോശമായ ഇനം വിത്തുകൾ വാങ്ങി കൃഷി ഇറക്കുന്നതുകൊണ്ട് വിളവുകൾ കുറയുകയും പയർ ചെടികൾക്ക് മുഞ്ഞ രോഗം ബാധിക്കുകയും ചെയ്യുന്നു. പയർകൃഷി കൂടാത, പാവൽ, പടവലം, വെള്ളരി, വെണ്ട, മത്തങ്ങ തുടങ്ങിയ പച്ചക്കറി കൃഷികളും ചെയ്തുവരുന്നു.

പ്രധാനമായും കൃഷിക്ക് കണ്ടുവരുന്ന രോഗങ്ങൾ മുഞ്ഞരോഗം, പോളരോഗം, പോളിച്ചരോഗം എന്നിവ നെല്ലിനും കൂമ്പ് ചീയൽ, തെങ്ങോലപ്പുഴു എന്നിവ തെങ്ങിനും കണ്ടുവരുന്നു. കുരുമുളകിന് ദ്രുതവാട്ടം ചിലയിടങ്ങളിൽ കാണപ്പെടുന്നുണ്ട്. കുളങ്ങളിൽ ആഫ്രിക്കൻ പായലുകളുടെ ശല്യമുണ്ട്.

അമിതമായ വളപ്രയോഗം കൊണ്ട്, നത്ത, ഞണ്ട്, തവള തുടങ്ങിയ ജീവജാലങ്ങൾ നശിക്കുന്നു. ഇത് മണ്ണിനും നെൽച്ചെടിക്കും ഉപദ്രവകാരികളായ കീടങ്ങൾ പെറ്റു പെരുകുന്നു. കൂടാതെ ജലമത്സ്യങ്ങൾക്ക് വൻതോതിൽ ജീവനാശം ഉണ്ടായിക്കൊണ്ടിരിക്കുന്നു.

## നിർദ്ദേശങ്ങൾ :

1. നെയ്യാർഡാമിൽനിന്നും കനാൽവഴി തുറന്നുവിടുന്ന ജലം കൃഷിക്ക് പ്രയോജനകരമായ രീതിയിൽ ആകണം. നികന്നു കിടക്കുന്ന കുളങ്ങൾ താഴ്ത്തി ചെളി മാറ്റി കനാൽവെള്ളം സംഭരിച്ചുനിർത്തുക. നെൽപ്പാടങ്ങളുടെ അരികിലൂടെ ഒഴുകുന്ന തോടുകളിൽ ഒഴുകാൻ സൗകര്യപ്രദമായ രീതിയിൽ ചാനൽവെള്ളം തുറന്ന് വിടുകയും വെള്ളം ഏലാകളിൽ കയറ്റി വിടുന്നതിന് തോടുകളും കുറുകെ തടയണകൾ കെട്ടുകയും ആവശ്യമാണ്.

2. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ മണ്ണിന്റെ സാമ്പിളുകൾ എടുത്ത് പരിശോധന നടത്തി ആവശ്യമായ വളപ്രയോഗങ്ങളെപ്പറ്റി കർഷകർക്ക് ധാരണ നല്കുവാൻ കഴിയണം.

3. മുൻകാലങ്ങളിൽ പരിസ്ഥിതിയെ സംരക്ഷിക്കുന്നതിലും നീർക്കെട്ട് ഒഴിവാക്കുന്നതിലും വലിയ പങ്ക് വഹിച്ചിരുന്ന തോടുകളും കുളങ്ങളും കർഷകരുടെ സഹായത്തോടെ സംരക്ഷിക്കണം. നിലവിലുണ്ടായിരുന്ന പല നീർച്ചാലുകളും റോഡുകളായി മാറിക്കഴിഞ്ഞു. ഇവയുടെ അരികിൽ ഡ്രെയിനേജ് സൗകര്യം ഉറപ്പുവരുത്തണം. കൂടാതെ നിലവിലുള്ള പല തോടുകൾക്കും നേരത്തെയുണ്ടായിരുന്ന ചീർപ്പുകൾ പല കാരണങ്ങളാലും നശിക്കുകയോ ഭാഗികമായി കേടുവരുകയോ ചെയ്തിട്ടുണ്ട്. ഇവ നന്നാക്കിയെടുക്കണം. സഹകരണ ജലസേചന രീതിയും ഉപയോഗപ്പെടുത്താവുന്നതാണ്.

4. ഔഷധസസ്യങ്ങൾ : കെടുവേലി, വേലിപ്പരുത്തി, ആടലോടകം, നൊച്ചി, നീലാമരി, കുറുന്തോട്ടി, എരുക്കില, ആനചവിട്ടടി, തൊട്ടാവാടി, മുള്ളില്ലാ തൊട്ടാവാടി, വേപ്പ്, മുടില്ലാതാളി, തുളസി, തെറ്റി, കച്ചോലം രാമച്ചം, ഞറുങ്ങണം, നറുകണ്ടി, മുട്ടപ്പായൽ, നിലവിളാത്തി, കൂവളം, മയിലാഞ്ചി, കോലിഞ്ചി, നെല്ലി, ചോപൂകറ്റാഴ ഇവ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കാണപ്പെടുന്നു. ഇവയെ സംരക്ഷിച്ച് ഉൽപാദനം വർദ്ധിപ്പിക്കേണ്ടതാണ്.

വാർഡ് – IV
വലിയകുളം, നെടുകുളം, പുത്തൻകുളം

വാർഡ് – I
ആശാരൂർകുളം, മാരായികുളം, തൃക്കണ്ണാപുരംകുളം

വാർഡ് – II
എക്കല്ലൂർകോണത്ത്കുളം, പൊട്ടകുളം

വാർഡ് – III
ചാണിയാഴികുളം, കാരിയോട്ട്കുളം, കർണികുളം

വാർഡ് – IV
നെടുംകുളം, പുത്തൻകുളം

വാർഡ് – V
കോച്ചകുളം, പെരിഞ്ചിറകുളം കുള്ളംകുളം

വാർഡ് – VI
അമരാവതികുളം, പുൽകുളം, കോരകുളം

വാർഡ് – VII
നെടുമൺകുളം, കുത്തക്കോട്ടുകുളം, മാച്ചിയോട്ടുകുളം

വാർഡ് – VIII
കരുമൻകോട്ടുകുളം, കുമ്പകുളം, കോലിയോട്ടുകുളം

വാർഡ് – IX
മാത്തികുളം, കോടുകുളങ്ങരകുളം, തോട്ടത്തികുളം

വാർഡ് – X
ഉദിയൻകുളം, പൂവണ്ണറകുളം, മാത്തികുളം

വാർഡ് – XI
ഐത്തികുളം, ഓവ്കുളം, ഇലഞ്ഞികുളം, കാട്ടുകുളം

വാർഡ് – XII
മണ്ണാംകുളം, പുതുകുളം, ഊറ്റൻകുളം

വാർഡ് – XIII
പെരിങ്ങോട്ടുകുളം, അന്ന് വെട്ടികുളം

ഈ കുളങ്ങളെ താഴ്ത്തികോരി ബണ്ട് ഫോം ചെയ്ത് ചാനൽവെള്ളം കയറ്റിനിർത്തിയാൽ കൃഷിക്ക് ഉപയുക്തമാവുകയും ആണ്ടിൽ മൂന്ന് തവണ നെൽകൃഷി ചെയത് ഈ പഞ്ചായത്തിലെ ആളുകളുടെ ഭക്ഷ്യ പ്രശ്നം പരിഹരിക്കാൻ സാധിക്കുന്നതുമാണ്.

## പഞ്ചായത്ത് പ്രശ്നങ്ങൾ, നിർദ്ദേശങ്ങൾ

നെയ്യാറിലെ വെള്ളപ്പൊക്ക കെടുതി പെയ്പാറ മുതൽ കാഞ്ഞിരംമൂട്ട് കടവ് എം.എൽ.എ. റോഡ് വരെ ബണ്ട്ഫാം ചെയ്ത് കാരിയോട്ട് ഏല എന്നിവിടങ്ങളിലെ നെൽകൃഷിയെ വെള്ളപ്പൊക്ക ഭീഷണിയിൽനിന്നും രക്ഷിക്കുന്നതൊടൊപ്പം തന്നെ നെയ്യാറിന്റെ തീരത്ത് താമസിക്കുന്ന ഉദ്ദേശം 500 കുടുംബങ്ങളിലേറെയുള്ള വീടുകൾ ഇടിഞ്ഞു നശിക്കാതിരിക്കുന്നതിനും ഈ ബണ്ട് നിർമ്മാണംകൊണ്ട് സാധ്യമാകുന്നതാണ്. കാട്ടുവിള കടവു മുതൽ ആവണക്കിൻവിള പി.ഡബ്ല്യൂ.ഡി. പാലംവരെ സ്ഥലത്ത് ബണ്ട് ഫാം ചെയ്ത് ആറ്റുവെള്ള ഭീഷണിയിൽനിന്നും ഉദ്ദേശം 300ലേറെ കുടുംബങ്ങളെ രക്ഷിക്കാൻ കഴിയുന്നതാണ്.

കീഴമ്മാകം ഏലയുടെ പടിഞ്ഞാറെകര തൊട്ട് ബണ്ട് കെട്ടി വെള്ളക്കെട്ടിൽ നിന്ന് ഏലകളെ സംരക്ഷിക്കേണ്ടതാണ്. മേലമ്മാകം ഏല മുതൽ കലിടാഞ്ചി മുതൽ വണ്ടിച്ചിറ തോടുവരെയുള്ള കരതൊട്ട് ബണ്ട് ഫാം ചെയ്ത് ഈഴക്കോണത്ത് കുളം മുതൽ മുള്ളംകുളം വഴി, വലിയകുളംവരെയുള്ള ഉദ്ദേശം 2കിലോമീറ്റർ നീളം വരുന്ന കരതൊട്ട് ബണ്ട് ഫാം ചെയ്ത് വട്ടവിള ഏലായും കിഴക്കെത്തട്ട് ഏലയും സംരക്ഷിക്കേണ്ടതാണ്.

കൊച്ചു ഭഗവതിക്ഷേത്രം മുതൽ വണ്ടിച്ചിറ തോടുവരെയുള്ള മേലമ്മാകം നേരന്നൂർ ഏലവരെ പടിഞ്ഞാറ് കരത്തോട്ട പുതുക്കി പണിയണം.

പൈങ്കര മുതൽ തോട്ടിൻകര ക്ഷേത്രം വരെയുള്ള വണ്ടിച്ചിറ തോടിന്റെ ഇരുഭാഗങ്ങളിലുമുള്ള പൈങ്കര ഏല, മാളികവട്ടം ഏല, പോരന്നൂർ ഏല എന്നിവയെ വെള്ളപ്പൊക്കത്തിൽനിന്നും സംരക്ഷിക്കുക.

കരിത്തലയ്ക്കൽ മുതൽ താമവിളകടവുവരെയുള്ള കര തോട്ടിൽ ബണ്ട് നിർമ്മിക്കണം.

തോട്ടിൻകരമുതൽ വെഞ്ചകുളം വരെയുള്ള ബണ്ട് നിർമ്മിക്കുക.

ചെറുകര മുതൽ മാത്തറയ്ക്കൽ തോടിന്റെ ബണ്ട് നിർമ്മിക്കണം.

കുന്നിൻപുറം മുതൽ കൈതക്കവഴി കോടങ്കര വരെയുള്ള ബണ്ട് നിർമ്മിക്കുക.

ഊറ്റൻകുളം, പെരിങ്ങോട്ടുകുളം കരതോട് വഴി ബണ്ട് നിർമ്മിക്കണം.

**മൃഗസംരക്ഷണ മേഖലയുടെ സാധ്യതകൾ :**

1. പോഷക പ്രധാനമായ പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപാദനം.
2. വ്യവസായ ആവശ്യത്തിനുള്ള തുകൽ, എല്ല്, ജെലാറ്റിൻ, ഓസീൻ, കൊഴുപ്പ്.
3. ഔഷധ വ്യവസായം, ഹോർമോൺ, വാക്സിൻ, എക്സൈമുകൾ മുതലായവ.
4. പരീക്ഷണശാലയ്ക്കുള്ള മൃഗങ്ങൾ, Specific Pathojan free eggs.
5. കാർഷിക മേഖലക്ക് ആവശ്യമായ ജൈവവളം നിലം ഒരുക്കുന്നതിനും ഭാരം വലിക്കുന്നതിനുള്ള മൃഗ ശക്തി.
6. ഊർജ്ജ സ്രോതസ്സ് (Biogas)
7. പേ വിഷബാധാ നിയന്ത്രണം, മാംസപരിശോധനയിലൂടെ ശ്രദ്ധേയമായ മാംസ ഉല്പാദനം തുടങ്ങിയ പൊതുജനാരോഗ്യം സംബന്ധിയായ സേവനങ്ങൾ.
8. തൊഴിൽ സാധ്യതകൾ, വരുമാനവർദ്ധനവ്.
9. കന്നുകാലി സമ്പത്തിന്റെ 94 ശതമാനവും ഗ്രാമപ്രദേശങ്ങളിൽ ചെറുകിട നാമമാത്ര കർഷകരുടെ കയ്യിൽ ഭൂരിഭാഗവും ആയതുകൊണ്ട് ഈ മേഖലയുടെ വികസനം ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ ശക്തമാക്കും.
10. ഈ മേഖലയിൽ 60 ശതമാനം അദ്ധ്വാനവും സ്ത്രീകൾ നിർവ്വഹിക്കുന്നു.

**ചരിത്രം**

1995 മേയ്മാസം 29-ാം തീയതി ചെങ്കൽ പഞ്ചായത്തിലെ വ്‌ളാത്താങ്കരയിൽ ഈ മൃഗാശുപത്രി തുറന്നു പ്രവർത്തനമാരംഭിച്ചു. ഇവിടെ ഒരു വെറ്റിനറി സർജ്ജനും, ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറും, ഒരു അറ്റന്ററും, എരു പി.റ്റി.എസ്. ഉം ജോലി നോക്കുന്നു.

ഇവിടെ കൃത്രിമ ബീജസങ്കലനത്തിന്റെ ഫലമായി മുഴുവൻ N.D. Breed ഉം Cross Breed ഉം ആക്കി പാൽ ഉല്പാദനം കൂട്ടിയിട്ടുണ്ട്.

ഈ ആശുപത്രി ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവത്തിച്ചുകൊണ്ടിരിക്കുന്നത്.

ഈ പഞ്ചായത്തിൽ ഉൾപ്പെട്ട മര്യാപുരത്തിൽ ഒരു Sub Centre കൂടി പ്രവൃത്തിക്കുന്നുണ്ട്. ഇവിടെ ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറും, ഒരു പി.റ്റി.എസ്.ഉം ജോലി നോക്കുന്നു.

**നടപ്പുപദ്ധതികൾ, പോരായ്മകൾ, വേണ്ടി മാറ്റങ്ങൾ**

1. **പ്രത്യേക കന്നുക്കുട്ടി പരിപാലന പരിപാടി :**
ഈ പരിപാടിയുടെ ആനുകൂല്യം ഒരു വിഭാഗം കർഷകർക്ക് മാത്രമേ ഇപ്പോൾ ലഭ്യമാകുന്നുള്ളു. ഈ പദ്ധതിയിൽ പഞ്ചായത്തിലെ എല്ലാ സങ്കരയിനം പശുക്കുട്ടികളെയും, എരുമക്കുട്ടികളെയും ഉൾപ്പെടുത്തണം. കാലിത്തീറ്റ വിലവർദ്ധനവ് അനുസരിച്ച് സബ്സിഡി സഹായം വർദ്ധിപ്പിക്കണം.

2. **പേ വിഷ നിയന്ത്രണ പദ്ധതി :**
പ്രതിരോധ കുത്തിവയ്പ് ഇപ്പോൾ നിർബന്ധമല്ല. പഞ്ചായത്തിലെ എല്ലാ നായ്ക്കളെയും നിർബന്ധ കുത്തിവയ്പിന് വിധേയമാക്കുകയും ലൈസൻസിംഗ് ഏർപ്പെടുത്തുകയും വേണം. ലൈസൻസ് ഇല്ലാത്ത അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുക. ആവശ്യാനുസരണമുള്ള വാക്സിൻ പകുതി വിലയ്ക്കോ സൗജന്യമായോ ലഭ്യമാക്കണം.

3. **ഊർജ്ജിത പന്നി വളർത്തൽ പദ്ധതി :**
പന്നിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യമാണ് പ്രധാന പ്രശ്നം. സർക്കാർ ഫാമുകളെ മാത്രം ആശ്രയിക്കാതെ ഇവ ലഭ്യമാക്കുന്നതിന് സ്വകാര്യ മേഖലയിലും പ്രാദേശിക ജീവിത രീതിക്കനുസൃതമായും പന്നിവളർത്തൽ പ്രോത്സാഹിപ്പിക്കണം. അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

4. **ആടുവളർത്തൽ പദ്ധതി :**
നല്ലയിനം ആട്ടിൻകുട്ടികൾ ലഭ്യമല്ല. പച്ചിലത്തീറ്റയുടെ ദൗർബല്യവും പോരായ്മയുമാണ് ഇതിനു കാരണം. നല്ലയിനം ആട്ടിൻകുട്ടികളെ ലഭ്യമാക്കുകയും, സോഷ്യൽ ഫോറസ്ട്രി മുതലായ പദ്ധതികൾവഴി ഇതിനുവേണ്ട പച്ചിലത്തീറ്റ, പ്ലാവ്, സുബാബുകൾ കൂടുതൽ പ്രചരിപ്പിക്കുകയും വേണം.

5. **എഗ്ഗർ നേഴ്സറി :**

നല്ലയിനം കോഴികുഞ്ഞുങ്ങൾ ലഭ്യമല്ല. സർക്കാർ ഫാമുകളിൽ നിന്നും ഇവ ലഭ്യമാക്കണം. ഈ പദ്ധതി മറ്റു മുട്ടക്കോഴി വളർത്തൽ പദ്ധതിയുമായി ബന്ധപ്പെടുത്തി പ്രവർത്തിക്കണം.

6. **ബീജസങ്കലന സൗകര്യങ്ങൾ :**

ബീജസങ്കലന കേന്ദ്രങ്ങൾ പരിമിതമാണ്. വർഗ്ഗോദ്ധാരണശേഷിയുള്ള 500 പശുക്കൾക്ക് ഒന്ന് എന്ന കണക്കിൽ കൃത്രിമ ബീജസങ്കലന സ്ഥാപനങ്ങൾ സ്ഥാപിക്കുക.

### പാലുൽപാദന രംഗം

ചെങ്കൽ പഞ്ചായത്തിൽ നാലു അപ്കോസ് പാൽ സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ട്. അവ ഒന്ന് വ്ളാത്താങ്കരയിലും രണ്ട് കീഴ്ക്കൊല്ലയിലും മൂന്ന് മര്യാപുരത്തും നാല് തൊട്ടിൻകരയിലുമാണ് പ്രവർത്തിക്കുന്നത്.

1. പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ സമാഹരിച്ച് സഹകരണ അടിസ്ഥാനത്തിൽ തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കണം. അസംസ്കൃത സാധനങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും നിയന്ത്രിത വിലക്ക് ഗുണനിലവാരമുള്ള തീറ്റ ലഭിക്കുന്നതിനും പ്രാദേശികമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇതു സഹായിക്കും.

2. പഞ്ചായത്ത് പുറമ്പോക്ക് സ്ഥലങ്ങൾ തീറ്റപ്പുല്ലു കൃഷിക്കുവേണ്ടി ലേലവ്യവസ്ഥയിൽ ഉപയോഗിക്കാവുന്നതാണ്.

3. പാൽവിപണന സ്ഥാപനങ്ങൾ കർഷകന് പ്രാപ്യമായ രീതിയിൽ പുനരാസൂത്രണം ചെയ്യുകയും പാലിന് അർഹമായ വില ഉറപ്പുവരുത്തുകയും വേണം.

4. പാൽ സൊസൈറ്റിയും ധനകാര്യ സ്ഥാപനങ്ങളും കർഷകരും ചേർന്ന് കൂട്ടുത്തരവാദിത്വത്തോടെയുള്ള വായ്പാ സംവിധാനം ഉണ്ടാക്കുക.

5. പഞ്ചായത്ത് തലത്തിൽ പക്ഷിമൃഗാദികൾക്ക് മാസ്റ്റർ പോളിസി വഴി ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കുക.

6. മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ശാസ്ത്രീയമായി നടപ്പിലാക്കാനുള്ള സൗകര്യം ഉണ്ടാക്കുക.

7. വനിതാസംഘങ്ങളുടെ രൂപീകരണംവഴി മൃഗസംരക്ഷണമേഖലയിലെ സ്ത്രീപങ്കാളിത്വം ഉറപ്പുവരുത്തുക.

മാംസോൽപാദനരംഗം :

ഈ പഞ്ചായത്തിൽ ഹൈജനിക്ക് അറവുശാലയില്ല. എന്നാർ കുടിൽ അറവുശാലകളുണ്ട്. അവിടെനിന്നും ശുദ്ധമായ മാംസങ്ങൾ ലഭ്യമല്ല. ശരിയായ പരിശോധനകൾ നടത്താതെ രോഗം പിടിപെട്ട കന്നുകാലികളെ വാങ്ങി എരു നിയന്ത്രണവുമില്ലാതെ വിറ്റു വരുന്നു. അതുകാരണം പല രോഗങ്ങളും പകരാൻ സാധ്യതകൾ ഉണ്ട്. ഈ രംഗം നല്ല വരുമാനമുള്ളതുകൊണ്ടും പബ്ളിക് ഹെൽത്ത് ബന്ധപ്പെട്ടുവരുന്നതുകൊണ്ടും വളരെ ശ്രദ്ധ പതിപ്പിച്ചാൽ നല്ലതായിത്തീരും. മാംസത്തിനുവേണ്ടിയുള്ള മൃഗങ്ങൾ 80%വും തൊട്ടടുത്ത സ്റ്റേറ്റുകളിൽ നിന്നുമാണ് വരുന്നത്.

1. ശാസ്ത്രീയമായി ചിട്ടപ്പെടുത്തിയ അറവുശാല വേണം. അവിടെ വെറ്റിനറി സർജൻ സർട്ടിഫിക്കറ്റു ചെയ്ത മാംസമേ വില്പനയ്ക്കുപയോഗിക്കാൻ പാടുള്ളൂ.

2. മാംസത്തിനുവേണ്ടിയുള്ള മൃഗങ്ങളെ വളർത്തുന്നതിനുവേണ്ടിയുള്ള പ്രോത്സാഹനം നൽകണം.

### ആടുവളർത്തൽ

ഇതിനുവേണ്ടി താത്പര്യമുള്ള ആൾക്കാർക്കു ട്രെയിനിംഗ് കൊടുക്കണം. ആട്ടിൻകുട്ടികളുടെ വംശവർദ്ധനവിനുവേണ്ടിയുള്ളനടപടികൾ സ്വീകരിക്കുക.

### പന്നിവളർത്തൽ

ഹോട്ടൽവേസ്റ്റും, സമുദ്രതീരങ്ങളിലുള്ള വേസ്റ്റും ലഭ്യമാകാൻ സാധ്യതകൾ ഉണ്ട്. ആയതിനാൽ പന്നി വളർത്തുന്നതിനുവേണ്ടി താല്പര്യമുള്ളവർക്കു പരിശീലനം നൽകണം. നല്ലയിനം പന്നിക്കുഞ്ഞുങ്ങൾ ലഭ്യമാക്കണം.

### മൂരിക്കുട്ടികളെ / പോത്തിൻകുട്ടികളെ വളർത്തൽ

ഇവിടെ മൂരിക്കുട്ടികളെയും പോത്തിൻകുട്ടികളെയും വളരെ ശ്രദ്ധിക്കാതെ തീരെ ചെറുതിലേ തന്നെ മാംസത്തിനുവേണ്ടി ഉപയോഗിക്കുന്നു. ഇവറ്റകളെ വളരെ ശ്രദ്ധയോടെ തീറ്റകൊടുത്ത് വേണ്ട സമയങ്ങ ളിൽ വിരയിളക്കി വേണ്ടവിധം സംരക്ഷിച്ചാൽ ഗുണമേന്മയുള്ള മാംസം ഉല്പാദിപ്പിക്കാൻ കഴിയും.

### മുട്ടയുൽപ്പാദനരംഗം

1. ഈ പഞ്ചായത്തിൽ എരു എഗ്ഗർ നഴ്സറിയെങ്കിലും സ്ഥാപിക്കണം.

2. നല്ലയിനം മുട്ടകോഴിക്കുഞ്ഞുങ്ങൾ ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

3. സബ്സിഡി രീതിയിൽ തീറ്റ ലഭ്യമാക്കണം.

4. മുട്ട വില്പനയ്ക്കുവേണ്ടി ഒരു സൊസൈറ്റി നടപ്പിലാക്കുക.

5. ബ്രോയിലർ ആടുവളർത്തൽ പച്ചിലകൾ തീറ്റയായി ഉപയോഗിക്കാതെ പ്രത്യേകം തയ്യാറാക്കിയ തീറ്റ നല്കി വളരെ ലാഭകരമായി നടത്താവുന്ന ഈ രീതി പഠിച്ചു നടപ്പിലാക്കാവുന്നതാണ്.

### ക്ഷീരവികസനം

കന്നുകാലി വളർത്തൽ നമ്മുടെ പഞ്ചായത്തിൽ മുൻകാലങ്ങളിലുള്ളത്ര വ്യാപകമല്ല എങ്കിലും പഞ്ചായത്തിലൊട്ടാകെയുള്ള ആറ് ക്ഷീരോല്പാദക സഹകരണ സംഘങ്ങലുടെയും പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ നടന്നുവരുന്നു.

ഹരിത വിപ്ലവത്തിനും, ധവള വിപ്ലവത്തിനും ഊന്നൽ കൊടുത്തുകൊണ്ടുള്ള ഒരു പ്രവർത്തനശൈലിയാണ് ക്ഷീരവികസനവകുപ്പ് ആവിഷ്കരിച്ചിരിക്കുന്നത്. ലഭ്യമാകുന്ന വിഭവങ്ങൾ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ ഒരുവിധം ഭംഗിയായി സംഭരിച്ച് വിതരണം ചെയ്യുന്നതുകൊണ്ട് നമ്മുടെ പഞ്ചായത്തിൽ പാലിന്റെ കാര്യത്തിൽ അധികം ബുദ്ധിമുട്ടനുഭവപ്പെടുന്നില്ല.


ക്ഷീരവികസനവകുപ്പിൽനിന്നും കന്നുകാലി വളർത്തുന്നതിനായി വിലയേറിയ നിർദ്ദേശങ്ങൾ പഞ്ചായത്തിലെ പാൽ സൊസൈറ്റികൾ വഴി ജനങ്ങൾക്കു നല്കിവരുന്നു. ഓരോ സൊസൈറ്റികളിൽനിന്നും ശരാശരി 100 ലിറ്റർ പാൽ പ്രാദേശികമായി വില്ക്കുന്നുണ്ട്. അതുകൊണ്ട് ക്ഷീരവികസനവകുപ്പിൽനിന്നും ഒരുവിധം മെച്ചപ്പെട്ട സേവനം ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നു.

എങ്കിലും ഇതിലും മെച്ചപ്പെട്ട സേവനം ക്ഷീരവികസനവകുപ്പിൽനിന്നും ലഭിച്ചാൽ മാത്രമേ കന്നുകാലി വളർത്തൽ ഈ പഞ്ചായത്തിൽ ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗമായി ഉയർത്തിക്കൊണ്ടുവരാൻ സാധിക്കുകയുള്ളൂ. ഐ.എച്ച്.ഡി.പി. മുഖാന്തിരം സബ്സിഡിയും ലോണും കൊടുക്കുന്ന സമ്പ്രദായം ഒരു പരിധിവരെ നിറുത്തലാക്കി സംഘങ്ങളുടെ പ്രവർത്തനപരിധിയിൽ പെടുന്ന സാധാരണ ജനങ്ങൾക്കെല്ലാം ഈ ആനുകൂല്യം ലഭിക്കുവാൻ വേണ്ട നടപടികൾ ആവിഷ്കരിക്കേണ്ടതാണ്. ഈ നടപടി സംഘങ്ങളുടെ വളർച്ചയ്ക്കും സ്കീമിന്റെ വിജയകരമായ നടത്തിപ്പിനും അനിവാര്യമാണ്.

മണ്ണൊലിപ്പുള്ള സ്ഥലങ്ങളിലും പഞ്ചായത്തിലെ കുളം പുറമ്പോക്കുകളിലും പോഷകപ്രദമായ പുൽകൃഷികൾ വ്യാപകമായി വച്ചുപിടിപ്പിച്ചാൽ, മണ്ണൊലിപ്പു തടയാനും, കന്നുകാലികൾക്കാവശ്യമായ പുല്ലുല്പാദിപ്പിക്കാനും സാധിക്കും. കാലിത്തൊഴുത്തു നിർമ്മാണ തുകയായ 1250 രൂപ തീരെ അപര്യാപ്തമാണ്. അതുകൊണ്ട് പ്രസ്തുതതുക വർദ്ധിപ്പിച്ചു കിട്ടുന്നതിനും കൂടുതൽ ആളുകൾക്ക് പ്രയോജനം ലഭിക്കത്തക്കവിധത്തിൽ എണ്ണം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം.

വ്യാവസായികാടിസ്ഥാനത്തിലുള്ള പുൽകൃഷിക്കു പകരം (ഒരു ഹെക്ടറിൽ പുൽകൃഷി ചെയ്യുന്നതിന് 15,000 രൂപ ഇപ്പോൾ നല്കുന്നുണ്ട്) 50 സെന്റ് സ്ഥലത്ത് പുൽ കൃഷിചെയ്യുന്ന ഓരോരുത്തർക്കും ഈ തുക വീതിച്ചു നല്കാനുള്ള നടപടികൾ കൈക്കൊള്ളണം. വിറ്റാമിൻ സപ്ലിമെന്റും മിനറൽ മിക്സ്ചറും കൂടുതൽ ക്ഷീരോല്പാദകർക്ക് ലഭ്യമാകത്തക്ക തരത്തിലുള്ള നടപടികൾ സ്വീകരിക്കണം. കാലിത്തീറ്റയുടെ ഉല്പാദനചെലവ് കുറയ്ക്കുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള "വയ്ക്കോലിൽ യൂറിയ ചേർത്തു സമ്പുഷ്ടമാക്കുന്ന പദ്ധതി"യുടെ ആനുകൂല്യം കൂടുതൽ ആളുകൾക്കു ലഭ്യമാക്കണം. ഇപ്പോൾ ഐ.എച്ച്.ഡി.പി. മുഖേന കോളനികളിൽ കൊടുത്തുകൊണ്ടിരിക്കുന്ന കാലിത്തീറ്റ SC/ST വിഭാഗത്തിനു മാത്രമല്ല, മറിച്ച് പിന്നോക്കം നില്ക്കുന്ന എല്ലാ ആളുകൾക്കും ലഭ്യമാക്കേണ്ടതാണ്. ക്ഷീരകർഷക സമ്പർഗ്ഗ പരിപാടിയും പാലുല്പന്ന, നിർമ്മാണ പരിശീലനവും തുടർന്നു നടത്തേണ്ടതും അതിന് അനുവദിച്ചിട്ടുള്ള തുക വർദ്ധിപ്പിക്കേണ്ടതുമാണ്.

രണ്ടു പശുക്കളും മെച്ചപ്പെട്ട കന്നുകാലി തൊഴുത്തും പമ്പുസെറ്റും 50 സെന്റ് സ്ഥലത്ത് പുൽക്കൃഷിയും ചെയ്യാൻ താല്പര്യമുള്ള, മാതൃകാ കർഷകന് കൊടുക്കാവുന്ന സ്കീമാണ്, "മാതൃകാ ഡയറി യൂണിറ്റ്". ഈ സ്കീമനുസരിച്ച് 21,000 രൂപ ചെലവാക്കുന്ന ആളിന് അതിന്റെ മൂന്നിലൊന്ന് തുകയായ 7,000 രൂപ സബ്സിഡി ലഭ്യമാകും. ഇതുപോലുള്ള സ്കീമുകളെക്കുറിച്ച് ജനങ്ങളെ യഥാസമയം ബോധവല്ക്കരണം നടത്തണം.




# മത്സ്യബന്ധനം

പഞ്ചായത്തിലെ 60 കുളങ്ങളിലെങ്കിലും മത്സ്യകൃഷി നടത്തിയാൽ കുറച്ചുപേർക്ക് തൊഴിൽ ലഭിക്കുന്നതോടൊപ്പം തന്നെ മത്സ്യസമ്പത്തും വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്. നാടൻ മത്സ്യങ്ങളായ വരാൽ, തിലോപ്പിയ, നെടുമീൻ അത്യുല്പാദനശേഷിയുള്ള കട്‌ല മറ്റു മത്സ്യങ്ങളും ഈ കുളങ്ങളിൽ വളർത്താവുന്നതാണ്. എന്നാൽ വ്യാവസായിക അടിസ്ഥാനത്തിൽ മത്സ്യകൃഷി നടത്തുവാൻ കഴിയുന്നില്ല. ഇതിന് രണ്ടു രീതിയിൽ വിഭവസമാഹരണം നടത്താവുന്നതാണ്. ഓരോ കുളവും കേന്ദ്രീകരിച്ച്, മത്സ്യം വളർത്തൽ സഹകരണസംഘങ്ങൾ ഉണ്ടാക്കുക. രണ്ടാമതായി പഞ്ചാ യത്തിന്റെ സാമ്പത്തിക സഹായത്തോടെ സഹകരണ സംഘങ്ങളുടെ മേൽനോട്ടത്തിൽ മത്സ്യകൃഷി വിപുലമായി ആസൂത്രിതമായ രീതിയിൽ ദീർഘവീക്ഷണത്തോടെ നടപ്പിലാക്കുക ഇതുകൂടാതെ തന്നെ പ്രകൃതി കനിഞ്ഞ് തന്നിട്ടുള്ള നെയ്യാറ്റിൽ വിപുലമായ രീതിയിൽ മത്സ്യകൃഷി നടത്താനുള്ള പദ്ധതികൾ വിദഗ്ദ്ധന്മാരുടെ ഉപദേശവും സഹകരണവും സമാഹരിച്ചുകൊണ്ട് നടപ്പിലാക്കാവുന്നതാണ്.

## പാറശാല ബ്ലോക്കിൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ ക്ഷീരവികസന വ കുപ്പ്
## നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ സംക്ഷിപ്ത വിവരം

**ചെങ്കൽ പഞ്ചായത്ത്**

| Sl. No. | പദ്ധതികളുടെ വിവരം | 92 – 93 | | 93 – 94 | | 94 – 95 | | 95 – 96 | | 96 – 97 | |
|---|---|---|---|---|---|---|---|---|---|---|---|
| | | ലക്ഷ്യം | പദ്ധതി ചെല: | ലക്ഷ്യം | പദ്ധതി ചെല: | ലക്ഷ്യം | പദ്ധതി ചെല: | ലക്ഷ്യം | പദ്ധതി ചെല: | ല[illegible] | പദ്ധതി ചെല: 1104/- |
| 1 | ഗ്രാസ്ലഗൂം മിക്ചർ | 1.7H | 632/65 | .... | .... | 4.6H | 4186/- | 2.76H | 2700/ | 2.3H[illegible] | 382/- |
| 2 | കോംഗോ സിഗ്നൽ | 2.8H | 984/20 | 6.8H | 2539/80 | .... | .... | .... | .... | -- | 392/- |
| 3 | സ്റ്റൈലോ സാന്തസ് | .... | .... | 0.2H | 60/70 | 0,2H | 165/- | .... | .... | 0 44Ha | 2988/ |
| 4 | ഗിനി — ഹാമിൽ | .... | .... | 0.02H | 8/— | .... | .... | 0.2Ha | 180/- | 0 4Ha | 97/50 |
| 5 | മക്കച്ചോളം | .... | .... | 1.4H | 1275/80 | 1.475H | 1414/23 | 2.2Ha | 2136/- | 3Ha | [illegible] |
| 6 | വൻപയർ | 2.775H | 830/47 | 0.3H | 168/91 | 2H | 1592/- | 1.9Ha | 1342/- | 2.5Ha | 19[illegible] |
| 7 | 'ഹേ' നിർമ്മാണം | 3MT | 600/— | 2 MT | 400/— | .... | .... | .... | .... | — | .... |
| 8 | സൈലേജ് നിർമ്മാണം | 5MT | 625/— | .... | .... | 5 MT | 625/- | .... | .... | — | .... |
| 9 | വയ്ക്കോലിൽ 'യൂറിയ' ചേർത്തുസംപുഷ്ടമാക്കൽ | 1 | 200/— | .... | .... | 1 | 200/- | .... | .... | — | .... |
| 10 | ടി കേന്ദ്ര ധനസഹായ പദ്ധതി | .... | .... | .... | .... | .... | .... | .... | .... | — | .... |
| 11 | വ്യവസായികാടസ്ഥാനത്തിൽ പുൽകൃഷി 1 ഹെ | .... | .... | .... | .... | .... | .... | .... | .... | — | .... |
| 12 | പുൽക്കട ഉപയോഗിച്ച് പുൽകൃഷി | .... | .... | 0.82H | 410/— | 2 6 H | 2600/- | 2 52Ha | 2520/- | 2.4 | 2480/- |
| 13 | മാതൃകാ കലിത്തൊഴുത്ത് | .... | .... | | .... | 3 | 1333/- | 6 | 7500/- | 2 | 2500/- |
| 14 | കന്നുകാലി പ്രദർശനം | .... | .... | .... | .... | 1 | [illegible]00/- | .... | .... | — | .... |
| 15 | SCA | | | | | | | | | | |
| | കറവപ്പശു വിതരണം | .... | .... | | .... | — | .... | .... | .... | — | .... |
| | കാലിത്തീററ വിതരണം | .... | .... | | .... | — | .... | .... | .... | — | .... |
| 16 | SBP | | | | | | | | | | |
| | കറവപ്പശു വിതരണം | .... | .... | .... | .... | .... | .... | .... | .... | — | .... |
| | കാലിത്തീറ്റ വിതരണം | .... | .... | .... | .... | .... | .... | .... | .... | - | .... |
| 17 | ക്ഷീര കർഷക സമ്പർക്കപരിപാടി | .... | .... | 4 | 800/— | 7 | 1400/- | 4 | 800/- | 4 | 800/- |
| 18 | നാടൻ ക്ഷീരോല്പന്ന നിർമ്മാണപ്രദർശനം | ... | .... | 4 | 400/— | 7 | 700/- | 4 | 400/- | 4 | 400- |
| 19 | കെട്ടിട ഗ്രാൻറ് | .... | .. | .... | .... | — | .... | .... | .... | .... | .... |
| 20 | മാനേജീരിയൽ സബ്സിഡി | 1 | 5400/- | .... | .... | ... | .... | 1 | 500/- | .... | .... |
| 21 | പ്രവർത്തന മൂലധനം | 4 സം: | 9000/- | 1 | 2000/— | 1 | 100/- | 1 | 2000/ | .... | .... |
| 22 | ഫർണിച്ചർ ഗ്രാൻറ് | .... | .... | .... | .... | — | .... | .... | .... | .... | .... |
| 23 | മിൽക്കോ ടെസ്റ്റർ | .... | .... | .... | .... | — | .... | .... | .... | .... | .... |
| 24 | ഫോഡർ ബാങ്ക് | .... | .... | 1 | 10000/— | 1 | 10000/- | .... | .... | .... | .... |
| 25 | ക്ഷീരോല്പന്ന നിർമ്മാണ യൂണിററ് | .... | .... | .... | .... | 1 | 21270/- | 1 | 22000/— | .... | .... |
| 26 | പാൽ ക്യാൻ | .... | .... | .... | .... | .... | .... | .... | .... | .... | .... |
| 27 | പാൽ പരിശോധനാ ഉപകരണങ്ങൾ | .... | .... | .... | .... | .... | .... | .... | .... | .... | .... |
| 28 | മാതൃകാ ഡയറി യൂണിററ് | .... | .... | .... | .... | .... | .... | .... | .... | .... | .... |
| 29 | കെമിക്കൽസ് | .... | .... | .... | .... | .... | .... | .... | .... | .... | .... |
| 30 | വിററമിൻ സപ്ളിമെൻറ് (Trivax) | .... | .... | .... | .... | .... | .... | 58 bot | 1740/- | .... | .... |
| 31 | മിനറൽ മിക്ചർ (ക്യാററിൽമിൻ) | .... | .... | .... | .... | .... | .... | .... | ... | 208kg | 1664/- |




# വ്യവസായം

വ്യവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ് ചെങ്കൽ. ഈ പഞ്ചായത്തിൽ ഒരു വ്യവസായ പരിശീലന കേന്ദ്രം ഉണ്ട്. ഇത് പട്ടികജാതി പട്ടികവർഗ്ഗത്തെ ഉദ്ദേശിച്ചിട്ടുള്ളതാണ്. ഇപ്പോൾ പഞ്ചായത്തിൽ പൊതുവായിട്ടും സ്വകാര്യമേഖലയിലുമായി കാണപ്പെടുന്ന ചെറിയ വ്യവസായങ്ങളാണ് തേനീച്ച വളർത്തൽ, കൈത്തറി വ്യവസായം, പനയോലയുമായി ബന്ധപ്പെട്ടവ, തീപ്പെട്ടി വ്യവസായം, ഹാന്റി ക്രാഫ്റ്റ്, പുൽപ്പായ് ഉൽപ്പന്നങ്ങൾ, മൺകല വ്യവസായം തുടങ്ങിയവ ഈ പഞ്ചായത്തിൽ നടന്നു വരുന്നു. തൊഴിൽ മേഖലയിൽ പുരുഷന്മാരാണ് കൂടുതൽ. പല വ്യവസായവുമായി ബന്ധപ്പെട്ട സഹകരണ സംഘങ്ങൾ ഉണ്ടെങ്കിലും പലതും നഷ്ടത്തിലാണ് പ്രവർത്തിച്ചു വരുന്നത്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

**പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ**

| ക്രമ നമ്പർ | ഇനം | ആകെ വ്യവസായം |
|---|---|---|
| 1. | നാളികേര എണ്ണയാട്ട് വ്യവസായം | 4 |
| 2. | തടി ഈർച്ചമിൽ | 1 |
| 3. | തീപ്പെട്ടിക്കോലും, പെട്ടിയ്ക്കും ആവശ്യമായ ഉല്പന്നങ്ങൾ ഉല്പന്നങ്ങൾ ഉണ്ടാക്കുക | 4 |
| 4. | എൻജിനീയറിംഗ് (വെൽഡിംഗ്) | 3 |
| 5. | അച്ചടി | 4 |
| 6. | ഭക്ഷ്യസംസ്ക്കരണം | 3 |
| 7. | കൈത്തറി മേഖല | 3 |
| 8. | ഇഷ്ടിക വ്യവസായം | 25 |
| 9. | തേൻവ്യവസായം (സഹകരണസംഘം) | 1 |
| 10. | ഹോളോ ബ്രിക്സ് | 2 |
| 11. | അലുമിനിയം വ്യവസായം | 1 |
| 12. | ചെരുപ്പ് നിർമ്മാണം | 1 |
| 13. | മൺകല നിർമ്മാണം | 4 |

ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ചെറുകിട വ്യവസായങ്ങൾക്ക് നല്ല സാധ്യതയാണുള്ളത്. സാങ്കേതിക ജ്ഞാനമുള്ള ധാരാളം തൊഴിൽ രഹിതർ ഉള്ള പഞ്ചായത്താണിത്. പല വ്യവസായങ്ങളും തുടങ്ങാൻ ഇഷ്ടപ്പെടുന്നു എങ്കിലും നഷ്ടത്തിലാകുമെന്ന ഭയം പലരേയും പിന്നോട്ട് വലിക്കുന്നു. ഈ രംഗത്ത് വൈദ്യുതിയുടെ അഭാവവും വോൾട്ടേജ് ക്ഷാമവും ഈ വ്യവസായത്തെ സാരമായി ബാധിക്കുന്നു. വനിതകൾക്ക് പൊതുവേ തൊഴിലവസരങ്ങൾ വളരെ കുറവാണ്.

മേച്ചിൽ ഓടു നിർമ്മാണ വ്യവസായം, തീപ്പെട്ടി നിർമ്മാണം, ക്ഷീരോല്പന്ന നിർമ്മാണ വ്യവസായം, വൻതോതിൽ ഹോളോ ബ്രിക്സ്, ബേക്കറി തുടങ്ങിയ വ്യവസായങ്ങൾ തുടങ്ങാൻ പറ്റിയ സാഹചര്യം ഇവിടെ നിലനിൽക്കുന്നു. അതുപോലെ കോരപ്പുല്ലുകൊണ്ടുള്ള പായ് തുടങ്ങിയ വിവിധതരം ഉത്പന്നങ്ങൾ വൻതോതിൽ ഉല്പാദിപ്പിക്കാനുള്ള വ്യവസായത്തിനു പറ്റിയ സാഹചര്യം ഉണ്ട്. നെയ്യാറ്റിൻകര താലൂക്കിൽ ആറാലുമൂട്ടിൽ "കേരളാ ആട്ടോ മൊബയിൽസ് എന്ന ഒരു ആട്ടോറിക്ഷാ വ്യവസായ സ്ഥാപനം ഉണ്ട്. അതിനാവശ്യമായ ചേസിസ് നിർമ്മിക്കുന്നതിന് ഒരു വ്യവസായശാല സഹകരണ മേഖലയിൽ സ്ഥാപിക്കാനും അതുപോലെ Gate, Grill തുടങ്ങിയവയും, അലങ്കാര വസ്തുക്കൾ ഉണ്ടാക്കുന്ന വ്യവസായശാലകളും കടച്ചിൽ യന്ത്രസഹായത്തോടു കൂടി ഫർണിച്ചർ വ്യവസായം തുടങ്ങാൻ സാധിക്കും.

ഇവ തുടങ്ങിയാൽ വൻതോതിൽ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കാൻ കഴിയും.

ഈ പഞ്ചായത്തിൽ ഭൂരിഭാഗം ജനങ്ങളും ദാരിദ്ര്യരേഖയ്ക്ക് താഴെ നിൽക്കുന്നവരാണ്. തുണ്ടുതുണ്ടായി ഭൂമിയുള്ളവരും സാങ്കേതിക വിദ്യ പഠിക്കാത്ത വരുമാണ് ധാരാളം. സാമൂഹികമായി സംഘടിക്കാത്തവരും കുലത്തൊഴിൽ ചെയ്ത് നശിച്ചവരും ഉണ്ട്. കിട്ടുന്ന കൂലി കൊണ്ട് തൊഴിൽ ചെയ്യുന്നതിനുള്ള സാധനങ്ങൾ വാങ്ങാൻ സാധിക്കുന്നില്ല. ചെറിയ രീതിയിലുള്ള തൊഴിലുകൾ ചെയ്തിട്ടു ജീവിക്കാൻ വേണ്ട വരുമാനം ലഭിക്കാത്തതിനാൽ വേറെ കൂലിപ്പണിക്ക് പോകുന്നവരും ഉണ്ട്.

വ്യവസായിക സംരംഭങ്ങളിൽ സ്ത്രീകളുടെയും പുരുഷന്മാരുടെയും തുല്യപങ്കാളിത്തമാണ് പൊതുവെ ഉള്ളത്. യന്ത്രങ്ങൾ കൊണ്ട് പ്രവർത്തിക്കുന്ന പണികൾ ഇവിടെ കുറവാണ്. എല്ലാ വ്യവസായത്തിനും ലോൺ നൽകുന്നതിന് ഒരു വ്യവസായ സഹകരണ സംഘം പഞ്ചായത്തിന്റെ മദ്ധ്യ ഭാഗമായ മര്യാപുരത്ത് ആരംഭിക്കണം.

### കുടിൽവ്യവസായങ്ങൾ

കുടിൽവ്യവസായങ്ങൾ ചെയ്യുന്നതിനുവേണ്ടി ആവശ്യമായ ഉപകരണങ്ങൾ വ്യവസായ സംഘങ്ങൾ വഴി വിതരണം ചെയ്യണം. തയ്യൽമെഷീൻ വിതരണം ചെയ്താൽ കുടിൽ വ്യവസായം മെച്ചപ്പെടുത്താൻ സാധിക്കും, കൈകൊണ്ട് തയ്ക്കുന്ന എംബ്രോയിഡറി തുണികൾ. വളരെ മനോഹരമായി തയ്ക്കാൻ അറിയാവുന്നവരും ഉണ്ട്. പനയോലകൊണ്ടുള്ള വട്ടികൾ, തൊപ്പികൾ, പനനാരിൽ നിർമ്മിച്ച ബ്രഷ്, പുല്ലുകൊണ്ടും കടലാസ് കൊണ്ടും നിർമ്മിച്ച അലങ്കാര വസ്തുക്കൾ തുടങ്ങിയവ വ്യവസായികമായി നടത്താൻ സാധിക്കും. ഈ മേഖലയെ വളർത്തിയെടുക്കുന്നതിനുള്ള ഒരു പാംകൂർ സൊസൈറ്റി കൊറ്റാമത്ത് നിലവിൽ ഉണ്ട്. ആ സൊസൈറ്റി വിപുലീകരിച്ച് നല്ല രീതിയിൽ പ്രവർത്തിപ്പിച്ചാൽ ഈ പഞ്ചായത്തിന്റെ വ്യവസായിക രംഗത്ത് പുരോഗതി ഉണ്ടാകും.

### കരുപ്പുകട്ടി വ്യവസായം

ഈ പഞ്ചായത്തിലെ ഒരു വിഭാഗം ജനങ്ങളുടെ മുഖ്യ തൊഴിൽ കരുപ്പട്ടി വ്യവസായം ആയിരുന്നു. എന്നാൽ പനവെട്ടി മാറ്റുന്നതുമൂലം ഇപ്പോൾ ഈ വ്യവസായം അന്യം നിന്നുപോയി. വളരെക്കുറച്ചു ജനങ്ങൾ മാത്രമേ ഇപ്പോൾ ഈ വ്യവസായം ചെയ്യുന്നുള്ളു. എന്നാൽ ഉല്പാദകന് ഈ ഉല്പന്നത്തിന്റെ വിലകൊണ്ട് ജീവിക്കാൻ സാധിക്കുന്നില്ല. അതുകൊണ്ട് കൊപ്രവ്യവസായം ന്യായമായ വിലകിട്ടുവാനുള്ള സൗകര്യം ലഭ്യമാക്കണം. നമ്മുടെ പഞ്ചായത്തിൽ നാളീകേരമാണ് ഏറ്റവും കൂടുതൽ ഉല്പാദിപ്പിക്കുന്നത്. ആയതിനാൽ കൊപ്രവ്യവസായവും നമ്മുടെ പഞ്ചായത്തിൽ നടക്കുന്നു. വീട്ടുമുറ്റത്തും നിലത്തിന്റെ വരമ്പിലും, ചരിവ് ഉള്ള എല്ലാസ്ഥലത്തും തെങ്ങ് കൃഷി ചെയ്യുന്നു. ഉല്പന്നത്തിന്റെ വിലനിലവാരം താണും ഉയർന്നും നിൽക്കുന്നു. സഹകരണ അടിസ്ഥാനത്തിൽ ഒരു നിശ്ചിത വില കൊപ്രയ്ക്ക് നൽകിയാൽ ഈ വ്യവസായം എല്ലാവർക്കും നടത്താൻ സാധിക്കും. ഈ വ്യവസായത്തിന് ലോൺ നൽകിയാൽ ഈ വ്യവസായത്തെ വർദ്ധിപ്പിക്കുവാൻ സാധിക്കും.

### തീപ്പെട്ടി വ്യവസായം

ഈ പഞ്ചായത്തിലെ മറ്റൊരു പ്രധാന വ്യവസായമാണ് തീപ്പെട്ടി വ്യവസായം. വിദ്യാഭ്യാസപരമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരാണ് ഈ സ്ഥാപനത്തിൽ ജോലി നോക്കുന്നത്. ആവശ്യമായ തടി സാധനങ്ങൾ വളരെ ലാഭത്തിൽ ലഭിക്കുമ്പോൾ തൊഴിലാളികൾക്ക് വളരെ തുച്ഛമായ ശംബളമാണ് ലഭിക്കുന്നത്. തീപ്പെട്ടിക്കോലിൽ ഫോസ്ഫറസ് മുക്കുന്നതിനുള്ള സാധന സാമഗ്രികൾ ഉണ്ടായിരുന്നാൽ പ്രസ്തുത വ്യവസായം പൂർണ്ണമായും ഈ പഞ്ചായത്തിൽ തന്നെ നടത്തുന്നതിനു സാധിക്കും.

### കൈത്തറി വ്യവസായം

മറ്റൊരു വ്യവസായമാണ് കൈത്തറി വ്യവസായം. സ്വന്തമായി കൈത്തറി ഉള്ളവരും ധാരാളം കൈത്തറികൾ സ്വന്തമായി നടത്തുന്നവരും ഈ പഞ്ചായത്തിൽ ഉണ്ട്. യന്ത്രം കൊണ്ട് പ്രവർത്തിക്കുന്നതറികൾ ഇല്ല. ഏകദേശം 250 കൈത്തറികൾ ഇവിടെ പ്രവർത്തിക്കുന്നു. എന്നാൽ ഇതുവരെ ഈ പഞ്ചായത്തിൽ ഒരു കൈത്തറി സഹകരണ സംഘം ഇല്ല. ഈ പഞ്ചായത്തിൽ വളരെ അധികം തൊഴിൽ സാധ്യത ഉള്ള ഒരു കൈത്തൊഴിലാണ് നെയ്ത്ത്. ഒരു കൈത്തറി സഹകരണ സംഘം ആരംഭിച്ച് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണം.

### ഇഷ്ടിക വ്യവസായം

ഈ പഞ്ചായത്തിൽ ചില സ്ഥലങ്ങളിൽ മാത്രം ഉള്ള ഒരു തൊഴിലാണ് ഇഷ്ടിക നിർമാണം. എന്നാൽ നിർമ്മിക്കുന്ന സ്ഥലങ്ങളിൽ മഴക്കാലങ്ങളിൽ വെള്ളംകയറി നാശനഷ്ടങ്ങൾ സംഭവിക്കുന്നു. നഷ്ടം നികത്താൻ ഉടമ വില ഉയർത്തുന്നതുകാരണം കുറഞ്ഞവിലയ്ക്ക് തമിഴ്നാട്ടിൽ നിന്നും ഇഷ്ടിക ഇറക്കുമതി ചെയ്യുന്നു. ഇഷ്ടിക വ്യവസായം ലാഭകരമാകണമെങ്കിൽ ജലം വേനൽക്കാലങ്ങളിൽ എത്തിക്കുന്നതിനുള്ള സൗകര്യം ചെയ്യണം.

റോഡുകൾ നന്നാക്കണം, ഇഷ്ടിക ഉടമയ്ക്ക് സഹകരണാടിസ്ഥാനത്തിൽ കുറഞ്ഞ പലിശയ്ക്ക് രൂപ കടം കൊടുക്കണം. 3, 6, 7 എന്നീ വാർഡുകളിലാണ് ഇഷ്ടിക വ്യവസായം വ്യാപിച്ചിരിക്കുന്നത്.

ഓട് നിർമ്മിക്കുന്നതിന് യോജിച്ച മണ്ണ് ഇവിടെയുണ്ട്. കലങ്ങൾ നിർമ്മിക്കുന്നതിനുള്ള മണ്ണും ഇവിടെ കിട്ടുന്നു. വ്യവസായികമായി നടത്തിയാൽ ധാരാളം പേർക്ക് തൊഴിൽ സാധ്യതയുണ്ട്.

### തേൻ

ഇന്ത്യയിൽ ഏറ്റവും കൂടുതൽ തേൻ ഉല്പാദിപ്പിക്കുന്ന സംസ്ഥാനം കേരളമാണ്. കേരളത്തിൽ കൂടുതൽ തേൻ ഉല്പാദിപ്പിക്കുന്ന സ്ഥലമാണ് ചെങ്കൽ പഞ്ചായത്തിലെ കോടങ്കര. തേനീച്ചകൾക്ക് രോഗം വന്നതിനാൽ തേൻ വ്യവസായം നശിച്ചുപോയി. തേൻസൊസൈറ്റി ഉണ്ടെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. തൊഴിലാളികൾക്ക് തൊഴിൽ ചെയ്യുന്നതിനുള്ള സഹായം എത്തിച്ചാൽ തേനീച്ച വ്യവസായരംഗത്ത് ഒരു പുനർജന്മം ഉണ്ടാക്കാൻ സാധിക്കും. രോഗം പകരാത്ത പുതിയ ഈച്ചകളെ

നല്കാനും ആനുകൂല്യങ്ങൾ ലഭ്യമാക്കാനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണം.

### ഹോളോ ബ്രിക്സ്

പഞ്ചായത്തിൽ ഒന്നുരണ്ടു സ്ഥലങ്ങളിൽ ഹോളോ ബ്രിക്സ് നിർമ്മാണം നടക്കുന്നുണ്ട്. കരിങ്കൽ പൊടിയുടെയും സിമന്റിന്റേയും വില ക്രമാതീതമായി കൂടുന്നത് ഈ വ്യവസായത്തെ തളർത്താനിടയുണ്ട്. വില നിലവാരം നിയന്ത്രിച്ചാൽ ഈ വ്യവസായം വ്യാപകമാക്കാനും കൂടുതൽ പേർക്ക് തൊഴിൽ ലഭ്യമാക്കാനും കഴിയും.

### അച്ചടി

കുറഞ്ഞ ചെലവിൽ തമിഴ്നാട്ടിൽനിന്നും അച്ചടിച്ചു കിട്ടുന്നതുകൊണ്ട് അച്ചടി വ്യവസായം അത്ര ലാഭകരമല്ല. അതുകൊണ്ട് ഈ രംഗത്ത് കൂടുതലാളുകൾ മുതൽമുടക്കാൻ രംഗത്തുവരുന്നില്ല. വൈദ്യുതി കട്ട്, അച്ചടി ഉപകരണങ്ങളുടെ വിലക്കൂടുതൽ, പേപ്പർ വില കൂടുതൽ തുടങ്ങിയ കാരണങ്ങളാൽ വ്യാവസായികമായി ഈ സംരംഭം ലാഭത്തിലല്ല. ഈ വ്യവസായം ലാഭകരമാക്കാനുള്ള മേൽനടപടികൾ ഉണ്ടാവണം.

### വെൽഡിംഗ്

ഏറ്റവും ലാഭകരമായി ചെയ്യാവുന്ന തൊഴിലാണ് വെൽഡിംഗ്. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ഈ പഞ്ചായത്തിൽ സൗകര്യമുള്ള സ്ഥലത്ത് വെൽഡിംഗ് ജോലികൾ ചെയ്യുന്ന ഒരു തൊഴിൽശാല നിർമ്മിച്ചാൽ, വ്യാവസായികമായിത്തന്നെ നല്ല രീതിയിൽ പ്രവർത്തിക്കും. വെൽഡിംഗ് പഠിച്ചു നില്ക്കുന്ന ധാരാളം ചെറുപ്പക്കാരുള്ള നമ്മുടെ പഞ്ചായത്തിന് ഇത് ഒരു മുതൽക്കൂട്ടാകും.

### തടികൊണ്ടുള്ള വ്യവസായം

കുടുംബപരമായി മരപ്പണി ചെയ്യുന്നവരും അല്ലാത്തവരും കൊത്തുപണി ചെയ്യാൻ താല്പര്യം കാണിക്കുന്നു. ഇത് ഒരു കുടിൽ വ്യവസായമായി സഹകരണാടിസ്ഥാനത്തിൽ ചെയ്യാവുന്നതാണ്. എല്ലാ ഇനത്തിൽപെട്ട മരങ്ങളും ഇവിടെകിട്ടും. കുറഞ്ഞ ചെലവിൽ വ്യവസായികമായി ഈ തൊഴിൽ നടക്കണമെങ്കിൽ വൈദ്യുതി ആവശ്യമാണ്. ഉദിയൻകുളങ്ങരയിൽ പഞ്ചായത്ത് ഭൂമിയിൽ ഒരു കടച്ചിൽ കേന്ദ്രം സ്ഥാപിച്ചാൽ വ്യാവസായികമായി വളരെയധികം തൊഴിൽ സാധ്യതകൾ ഉള്ളതാണ്.

### ഭക്ഷ്യസംസ്ക്കരണം

മുൻപു മുതൽക്കേ മരച്ചീനിയിൽനിന്നും മാവെടുക്കുക, കൂവക്കിഴങ്ങിൽനിന്നും മാവെടുക്കുക, നെല്ലരി, ഗോതമ്പ് മുതലായവ പൊടിച്ച് മാവാക്കുക തുടങ്ങിയ കുടിൽ വ്യവസായങ്ങൾ ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി നടന്നുവരുന്നു. ഇവിടെ മരച്ചീനി ഉരച്ചെടുക്കുന്ന മാവ് ഇടനിലക്കാർ വാങ്ങിച്ച് കൊണ്ട് വിറ്റ് ചൗവ്വരി ഉണ്ടാക്കുന്ന രീതിയാണ് നിലവിലിരിക്കുന്നത്. പകരം ചൗവ്വരി ഉല്പാദനം ഇവിടെത്തന്നെ സഹകരണാടിസ്ഥാനത്തിൽ നടത്താമെങ്കിൽ വമ്പിച്ച തൊഴിൽ സാധ്യത തെളിഞ്ഞുകാണുന്നു. ഒപ്പം മരച്ചീനി കൃഷി അഭിവൃദ്ധിപ്പെടുകയും ചെയ്യും. ഇതുപോലെ കാർഷിക വിഭവങ്ങൾ സംസ്ക്കരിക്കുന്ന കാര്യത്തിൽ ശ്രദ്ധവച്ചാൽ കൃഷിയും കുടിൽ വ്യവസായങ്ങളും ഒരുപോലെ അഭിവൃദ്ധി പ്രാപിക്കും. അതിനുള്ള സാധ്യതകൾ ചുവടെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| 1. | മരച്ചീനി | - | ചൗവ്വരി |
| 2. | കൂവ | - | കൂവമാവ് |
| 3. | നാളീകേരം | - | വെളിച്ചെണ്ണ |
| 4. | എള്ള് | - | എള്ളെണ്ണയാട്ട് |
| 5. | മാങ്ങ | - | അച്ചാർ |
| 6. | നാരങ്ങ | - | ‍‍" " |
| 7. | ഇഞ്ചി | - | " |

### മെറ്റൽ യൂണിറ്റ്

പാറക്കല്ലുകൾ പൊട്ടിച്ച് ചല്ലിയടിച്ച് ജീവിക്കുന്ന ധാരാളം ആൾക്കാർ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. പഞ്ചായത്തിന്റെ നേതൃത്വത്തിലോ സഹകരണ സംഘങ്ങളുടെ നേതൃത്വത്തിലോ അല്ലെങ്കിൽ ഇവരെ പ്രത്യേകം .യോജിപ്പിച്ചുകൊണ്ടോ (മെറ്റൽ തൊഴിലാളി സഹകരണ സംഘം) പാറക്കല്ലുകൾ എത്തിച്ചാൽ അത് പൊടിച്ച് ചല്ലിയാക്കി വിൽക്കാനും അങ്ങനെ ഈ തൊഴിലാളികളുടെ ജീവിതനിലവാരം വളർത്താനും ഒപ്പം തൊഴിൽ സ്ഥിരത ഉറപ്പുവരുത്താനും കഴിയും. നമ്മുടെ നാട്ടിൽ കെട്ടിട നിർമാണ രംഗത്ത് ഇപ്പോൾ ധാരാളം ചല്ലി ചിലവാകുന്നുണ്ട്. ഇപ്പോൾ കൂടുതലും ചല്ലി എത്തുന്നത് തമിഴ്നാട്ടിൽനിന്നും പഞ്ചായത്തിന്റെ ദൂരസ്ഥമായ മറ്റു പ്രദേശങ്ങളിൽ നിന്നുമാണ്. അതുകൊണ്ട് നമ്മുടെ പഞ്ചായത്തിൽ തന്നെ മെറ്റൽ യൂണിറ്റ് തുടങ്ങിയാൽ അതു വളരെയധികം ഗുണകരമായിരിക്കും.

### പനയോല വ്യവസായം

ചെങ്കൽ പഞ്ചായത്തിൽ പനയോല വ്യവസായം വളരെ പണ്ടുമുതൽക്ക് പരമ്പരാഗതമായി നടന്നുവരുന്ന ഒന്നാണ്. നമ്മുടെ പഞ്ചായത്തിലെ ഹരിജനങ്ങളുടെ പ്രധാന വരുമാന മാർഗവും ഇതുതന്നെയാണ്. പക്ഷെ പനയോല സുലഭമായി കിട്ടാനില്ലാത്തതുകൊണ്ട് ഉല്പാദകർക്ക് നേട്ടം ഉണ്ടാകുന്നില്ല. അവരുടെ നിത്യവൃത്തി കഴിഞ്ഞു പോകുന്നു എന്നുമാത്രം. ഈ തൊഴിലിൽ നിന്നും നേട്ടം കൊയ്യുന്നത് ഇടനിലക്കാരാണ്. അവർ തമിഴ്നാട്ടിൽനിന്നും മറ്റു വിദൂരസ്ഥലങ്ങളിൽ നിന്നും പനയോല, തൊഴിലാളികളുടെ വീടിനു സമീപം എത്തിച്ചു കൊടുക്കുന്നതുകൊണ്ട് ഓല ഇറക്കി കൊടുക്കുന്നവർ പറയുന്ന വിലയ്ക്ക് സാധനം നല്കാൻ തൊഴിലാളികൾ നിർബന്ധിതരാകുന്നു. മാത്രമല്ല സാധനം വീടുകളിൽ

വന്ന് എടുത്തു കൊള്ളുമെന്ന അനുകൂല ഘടകവും ഇട നിലക്കാർക്കുണ്ട്. അങ്ങനെ അദ്ധ്വാനത്തിന് ആനുപാതി കമായ കൂലി ലഭിക്കാതെ ഈ തൊഴിലാളികൾ ചൂഷണം ചെയ്യപ്പെടുന്ന അവസ്ഥ മാറ്റേണ്ടതു തന്നെയാണ്. എങ്കിൽ മാത്രമേ അവരുടെ ജീവിതനിലവാരം ഉയർത്താൻ സാധി ക്കൂ. അതിനായി ഇവരുടെ തൊഴിൽ മേഖലകളെ പഞ്ചാ യത്ത് തലത്തിൽ ഏകോപിപ്പിക്കാനുള്ള സംവിധാനം വേണം. സഹകരണാടിസ്ഥാനത്തിൽ ഏകോപിപ്പിക്കുന്ന തായിരിക്കും ഏറ്റവും ഉത്തമം.

## മൺകല നിർമ്മാണം

ശാസ്ത്ര സാങ്കേതിക വിദ്യയുടെ വളർച്ചയോ ടൊപ്പം ലോഹപ്പാത്രങ്ങളുടെയും കലങ്ങളുടെയും പ്രചുര പ്രചാരത്തിൽപ്പെട്ട് മണ്ണടിഞ്ഞുപോയ ഒരു പരമ്പരാഗത കുടിൽ വ്യവസായമാണ്, മൺകല നിർമാണം. ലോഹ ങ്ങൾകൊണ്ടു നിർമ്മിച്ച കലങ്ങളിൽ ആഹാരം പാകം ചെയ്തു കഴിക്കുന്നതു കൊണ്ട് മാത്രം പലയാളുകൾക്കും ചില, അലർജി രോഗങ്ങൾ കണ്ടുവരുന്നതായി മെഡി ക്കൽ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. അത്തരക്കാരോട് ഡോക്ടർമാർ പ്രത്യേകം നിർദ്ദേശിക്കുകയും ചെയ്യാറു ണ്ട്, മൺകലത്തിൽ പാകംചെയ്ത ആഹാരമേ കഴിക്കാവൂ എന്ന് നാം നിസ്സാരമായി കാണുന്ന മൺകലത്തിന് നമ്മുടെ ആരോഗ്യപരിപാലനത്തിനും സുപ്രധാന പങ്ക് വഹിക്കാൻ കഴിയുമെന്ന് ഇതിൽനിന്നു മനസ്സിലാക്കാം.

നമ്മുടെ പഞ്ചായത്തിൽ നെച്ചിയൂർ പുഴിക്കുന്ന് എന്നീ സ്ഥലങ്ങളിൽ മൺകല നിർമ്മാണം നടക്കുന്നു. മൺകലം ഉപയോഗിക്കുന്നതിലെ ഗുണവശങ്ങൾ നാമെ ല്ലാം മനസ്സിലാക്കിയാൽ ഈ വ്യവസായം പുനരുദ്ധരി ക്കാനും, ഇത് ഉപജീവനമാർഗ്ഗമാക്കിയിട്ടുള്ളവർക്ക് അതി ലൂടെ നേട്ടങ്ങളുണ്ടാക്കാനും കഴിയും.

## അലൂമിനിയം വ്യവസായം

ചെങ്കൽപഞ്ചായത്തിൽ അലൂമിനിയ വ്യവസായം വ്യപകമായിട്ടില്ല. ഉദിയൻകുളങ്ങരയിൽ ഒരു സ്വകാര്യ അലൂമിനിയം പാത്രനിർമ്മാണ കമ്പനി പ്രവർത്തിക്കു ന്നുണ്ട്. നാലുപേർ അതിൽ പണിയെടുക്കുന്നു. ഉദിയ കുളങ്ങരയിലും സമീപ പ്രദേശങ്ങളിൽ നിന്നും ധാരാള ആളുകൾ അലൂമിനിയം പാത്രങ്ങൾ കച്ചവടം ചെയ്ത് ഉപജീവനം കഴിയ്ക്കുന്നവരാണ്. ഉദയൻകുളങ്ങ ജഗ്ഷന് സമീപം ജീവിക്കുന്നതിൽ നൂറിലധികം കുടും ബങ്ങളുടെ ജീവിതം മുന്നോട്ടുപോകുന്നത് അലൂമിനിയം പാത്രങ്ങളും കലങ്ങളും വിറ്റുകിട്ടുന്ന വരുമാനത്തിലൂടെ യാണ്. കൊറ്റാമത്തും പതിനഞ്ചോളം കുടുംബങ്ങളുടെ വരുമാനമാർഗം അലൂമിനിയം പാത്രക്കച്ചവടമാണ്. മധ്യ തിരുവിതാംകൂറിലേയ്ക്കു പോയിട്ടാണ് തൊണ്ണൂറു ശ മാനം ആൾക്കാരും കച്ചവടം നടത്തുന്നത്. സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും അലൂമിനിയം സാധനങ്ങ വാങ്ങിക്കുമ്പോഴുണ്ടാകുന്ന വിലയിലെ ഏറ്റക്കുറച്ചി കൾ ഇല്ലാതാക്കാനും കച്ചവടക്കാർക്ക് സ്ഥിരമായി ന്യാ വില ലഭിക്കാനുള്ള സൗകര്യംചെയ്യണം.

## സിമന്റ് പൈപ്പ്, ജാളി

കെട്ടിട നിർമ്മാണരംഗത്ത് വളരെയധികം ആവശ മുള്ള വസ്തുക്കളാണ് സിമന്റുപൈപ്പും ജാളിയു ഇപ്പോൾ ആവശ്യമുള്ളവ, കൂടിയവിലയ്ക്കാണ് മറ്റിടങ്ങ ളിൽനിന്ന് വാങ്ങുന്നത്. സന്നദ്ധരായ തൊഴിൽരഹിതർക്ക് വിദഗ്ദ്ധ പരിശീലനം നല്കി പ്രസ്തുത ഉല്പാദ യൂണിറ്റ് തുടങ്ങുവാനുള്ള സാഹചര്യം സൃഷ്ടിക്കണം ഒപ്പം ഗുണമേന്മ ഉറപ്പുവരുത്തുകയും വേണം.

## പ്ലാസ്റ്റിക് വ്യവസായ യൂണിറ്റ്

തൊഴിൽരഹിതരായ യുവജനങ്ങൾക്ക് വിദഗ്ദ്ധ പരിശീലനം നല്കിയാൽ പ്ലാസ്റ്റിക് സാധനങ്ങൾ നിർമ്മി ക്കുന്ന യൂണിറ്റ് ആരംഭിക്കാൻ കഴിയും.

കരകൗശല വസ്തുക്കളുടെ നിർമാണത്തിനും വിപ ണനത്തിനുമുള്ള സാധ്യതകളും പഞ്ചായത്തിലുണ്ട്. അതിനെ വേണ്ടവിധത്തിൽ ഉപയോഗിക്കണം.

# വിദ്യാഭ്യാസം



സാമൂഹിക സാംസ്ക്കാരിക പുരോഗതിക്ക് ഈ പഞ്ചായത്തിലെ വിദ്യാലയങ്ങൾ നല്ലൊരു പങ്കു വഹിക്കുന്നുണ്ട്. രണ്ടു ഹൈസ്ക്കൂളുകളും മൂന്നു അപ്പർ പ്രൈമറി സ്ക്കൂളുകളും ആറ് ലോവർ പ്രൈമറി സ്ക്കൂളുകളും ഇവിടെയുണ്ട്. വിദ്യാഭ്യാസപരമായി പിന്നോക്കം നിന്നിരുന്ന ഇവിടത്തെ ആളുകൾക്ക് വിജ്ഞാനം പകരാൻ ഈ വിദ്യാമന്ദിരങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. അതാതു പഞ്ചായത്തിലുള്ള വിദ്യാലയങ്ങളിലെ എല്ലാ അദ്ധ്യാപകർക്കും ഇൻ സർവ്വീസ് കോഴ്സുകൾ നടത്തി വിദ്യാഭ്യാസ ഗുണ നിലവാരം ഉയർത്താൻ ഗ്രാമ പഞ്ചായത്തുകൾക്കു കഴിഞ്ഞു എന്നത് ചരിതാർത്ഥ്യജനകമാണ്. സ്കൂൾ കോംപ്ളക്സും, മോഡൽ ക്ലാസ്സും സംഘടിപ്പിച്ച് വിദ്യാഭ്യാസ മേഖലയെ നവീകരിക്കാൻ കഴിയും. അദ്ധ്യാപകർക്ക് സമൂഹം മഹനീയ സ്ഥാനം നൽകണം. അച്ചടക്കത്തിലധിഷ്ടിതമായ വിദ്യാഭ്യാസമാകട്ടെ നമ്മുടെ ലക്ഷ്യം. വരും തലമുറയാണ് രാഷ്ട്രത്തിന്റെ ഭാവി ഭാഗധേയമെന്ന് കുഞ്ഞു ഹൃദയങ്ങളിൽ കരുപിടിപ്പിച്ചെടുക്കാൻ അദ്ധ്യാപകർ ആത്മാർത്ഥതയോടെ ശ്രമിക്കണം. കടപ്പാടുകൾ വിസ്മരിക്കാത്ത പ്രവർത്തനങ്ങൾക്ക് ഉത്തേജനം നൽകണം.

ഈ പഞ്ചായത്തിലെ ആദ്യത്തെ അംഗീകൃത സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനമാണ് വ്ളാത്താങ്കരയിൽ സ്ഥിതി ചെയ്യുന്ന വൃന്ദാവൻ ഹൈസ്ക്കൂൾ. അതിനു മുൻപ് നദി കടന്ന് അകലെയുള്ള കാഞ്ഞിരംകുളം വി.കെ.എസ് ലും നെയ്യാറ്റിൻകരയിലും പാറശ്ശാലയിലും പോയാണ് ഹൈസ്ക്കൂൾ പഠനം പൂർത്തിയാക്കിയിരുന്നത്. പഠന സൗകര്യം കിട്ടാതെ പലരും യു.പി.എസ് പഠനം കഴിഞ്ഞ് കൊഴിഞ്ഞ് പോകുകയായിരുന്നു. 1981 ൽ ആണ് ആറയൂർ എൽ.പി. യു.പി.എസ് ഹൈസ്ക്കൂളായി ഉയർത്തിയത്. എൽ.പി.എസ്സുകളും, യു.പി.എസ്സുകളും വിദ്യാഭ്യാസമേഖലയെ വികസ്വരമാക്കാനുള്ള മാർഗ്ഗദർശികളായി തീർന്നു. ഈ പഞ്ചായത്തിലുള്ള ആളുകൾ പൂർണ്ണ സാക്ഷരരാകുവാൻ നമ്മുടെ വിദ്യാലയങ്ങൾ കാര്യമായ പങ്കു വഹിച്ചു. വർഷം തോറുമുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തണം. അവയുടെ നിലനിൽപ്പ് ആവശ്യം വേണ്ടതാണ്. വിജ്ഞാന പരിവേഷത്തിൽ നിലകൊള്ളുന്ന വിദ്യാലയങ്ങളോടു കരുണ കാണിക്കുക തന്നെ വേണം.

ചെങ്കൽ പഞ്ചായത്തിന്റെ സാമൂഹ്യ - രാഷ്ട്രീയ - സാംസ്കാരിക മണ്ഡലങ്ങളിലുള്ള വളർച്ചയ്ക്ക് ഇവിടത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അതിന്റേതായ പങ്കു വഹിച്ചിട്ടുണ്ട്. പ്രാഥമിക വിദ്യാഭ്യാസ മേഖലയിൽ കാണുന്ന മുന്നേറ്റം തുടർന്ന് കാണുന്നില്ല. കൂടുതൽ വിദ്യാർത്ഥികളും തൊട്ടടുത്തുള്ള പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ധനുവച്ചപുരം VTM NSS കോളേജിലാണ് ഉപരി പഠനത്തിനായി പോകുന്നത്. ശേഷിക്കുന്നവർ തിരുവനന്തപുരത്തെ കോളേജുകളിൽ പഠനത്തിനായി പോകുന്നു.

ചെങ്കൽ പഞ്ചായത്തിലെ ആദ്യത്തെ High School 1951 ൽ വ്ളാത്താങ്കരയിൽ ആരംഭിച്ച വൃന്ദാവൻ ഹൈസ്ക്കൂൾ ആണ്. അതിനുശേഷം ആറയൂരിൽ സ്ഥാപിതമാ. ആറയൂരിലെ LVHS ആണ് ഈ പഞ്ചായത്തിലെ മറ്റൊരു ഹൈസ്ക്കൂൾ. ആകെയുള്ള സ്ക്കൂളുകളിൽ 8 എണ്ണം സ്വാകാര്യമാണ്. 3 എണ്ണം സർക്കാർ മേഖലയിലുമാണ്. ഈ പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. സ്വാകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു I.T.C ആണ് സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ ഒരു സ്ഥാപനം. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെപ്പറ്റിയുള്ള വിവരം പട്ടിക-1 ൽ ചുവടെ കൊടുത്തിരിക്കുന്നു.

പട്ടിക - 1

| സ്കൂളുകൾ | ഗവൺമെന്റ് | സ്വകാര്യം | ആകെ |
|---|---|---|---|
| ഹൈസ്കൂൾ | 1 | 1 | 2 |
| യു.പി. സ്കൂൾ | 1 | 4 | 5 |
| പ്രൈമറി സ്കൂൾ | 3 | 4 | 7 |
| നഴ്സറി സ്കൂൾ | 2 | 12 | 14 |
| സാങ്കേതിക വിദ്യാലയം | - | 1 | 1 |
| പാരലൽ കോളേജ് | - | 12 | 12 |
| സ്കൂൾ ക്ലാസ്സുകൾ നടത്തുന്നവ | - | 9 | 9 |
| കോളേജ് ക്ലാസ്സുകൾ നടത്തുന്നവ | - | 3 | 3 |

പട്ടിക - 2

വിദ്യാർത്ഥികൾ, അധ്യാപകർ

| നമ്പർ | സ്കൂളുകൾ | ഗവൺമെന്റ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | പുരുഷൻമാർ | സ്ത്രീകൾ | ആകെ |
| 1 | ഗവൺമെന്റ് ഹൈസ്കൂൾ ആറയൂർ | ഗവൺമെന്റ് | 498 | 440 | 938 | 13 | 23 | 36 |
| 2 | എൽ.എം.എസ്. എൽ.പി.എസ്., കോടങ്കര | എയ്ഡഡ് | 111 | 117 | 228 | 2 | 4 | 6 |
| 3 | ചെങ്കൽ യു.പി.എസ്. | എയ്ഡഡ് | 153 | 122 | 275 | 4 | 7 | 11 |
| 4 | എൽ.പി.ബി.എസ്., ചെങ്കൽ | ഗവൺമെന്റ് | 120 | | 120 | – | 4 | 4 |
| 5 | എൽ.പി.ജി.എസ്., ചെങ്കൽ | ഗവൺമെന്റ് | | 169 | 169 | – | 6 | 6 |
| 6 | സെന്റ്പീറ്റേഴ്സ് യു.പി.എസ്. വ്ളാത്താങ്കര | എയ്ഡഡ് | 540 | 529 | 1069 | 4 | 26 | 30 |
| 7 | ആർ.സി. എൽ.പി.എസ്. ഉദിയൻകുളങ്ങര | എയ്ഡഡ് | 119 | 125 | 244 | – | 7 | 7 |
| 8 | ലൂഥറൻ യു.പി.എസ്. പൊൻവിള | എയ്ഡഡ് | 370 | 367 | 737 | 5 | 17 | 22 |
| 9 | സെന്റ് മേരീസ് എൽ.പി.എസ്., മര്യാപുരം | എയ്ഡഡ് | 122 | 134 | 256 | – | 8 | 8 |
| 10 | വി.എച്ച്.എസ്., വ്ളാത്താങ്കര | എയ്ഡഡ് | 425 | 352 | 777 | 13 | 15 | 28 |
| 11 | എൽ.എം.എസ്. എൽ.പി.എസ്., ആറയൂർ | എയ്ഡഡ് | 128 | 124 | 252 | 2 | 7 | 9 |

ഈ പഞ്ചായത്തിലെ സ്ക്കൂളുകളിൽ കോടങ്കര LMS, LPS ൽ 1 മുതൽ 4 വരെയുള്ള ക്ളാസ്സുകൾക്കു പുറമെ, 5-ാം സ്റ്റാൻഡേർഡിലെ ക്ളാസ്സുകളും നടന്നു വരുന്നു. ബാക്കിയുള്ള L.P. സ്ക്കൂളുകളിലെല്ലാം 1 മുതൽ 4 വരെയുള്ള ക്ളാസ്സുകളാണുള്ളത്. അതിൽ ചെങ്കലിൽ ഉള്ള രണ്ടു സ്ക്കൂളുകളും (LPBS ഉം, LPGS ഉം) സർക്കാർ സ്ക്കൂളുകളാണ്. ഇതുകൂടാതെ ആറയൂർ ഗവ: LVHS ലും 1 മുതൽ 4 വരെയും തുടർന്ന് 5 മുതൽ 7 വരെയും, 8 മുതൽ 10 വരെയുമുള്ള ക്ളാസ്സുകളാണുള്ളത്. 1 മുതൽ 10 വരെയുമുള്ള ക്ളാസ്സുകൾ ഉള്ള ഈ പഞ്ചായത്തിലെ ഒരേയൊരു സ്ക്കൂളാണ് ആറയൂർ ഗവ: LVHS. ഈ പഞ്ചായത്തിലെ 11 സ്ക്കൂളുകളിലുമായി 4985 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. അതിൽ 2606 പേർ ആൺകുട്ടികളും 2379 പേർ പെൺകുട്ടികളുമാണ്. ആകെയുള്ള അദ്ധ്യാപകരിൽ 43പേർ പുരുഷൻമാരും പേർ സ്ത്രീകളുമാണ്. ആകെ പഠിക്കുന്ന കുട്ടികളിൽ പെൺകുട്ടികളെ അപേക്ഷിച്ച് ആൺകുട്ടികളിൽ ചെറിയൊരു വർദ്ധനവ് കാണുന്നു. അത് ജനസംഖ്യാനുപാതത്തിലുള്ള വർദ്ധനവിന്റെ ഭാഗമാണ്. ഒപ്പം ഈ പഞ്ചായത്തിൽ നിന്നും ധാരാളം കുട്ടികളെ സമീപ പ്രദേശങ്ങളിലെ നഗരങ്ങളിലുള്ള അൺ എയ്ഡഡ് സ്ക്കൂളുകളിലും ഇംഗ്ളീഷ് മീഡിയം സ്ക്കൂളുകളിലും അയച്ചു പഠിപ്പിക്കുന്നുണ്ട്. കൂടാതെ ധാരാളം പാരലൽ കോളേജുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. അതിൽ കോളേജ് ക്ളാസ്സുകൾ മാത്രം കൈകാര്യം ചെയ്യുന്നവയും, കോളേജ് ക്ളാസ്സുകളും സ്ക്കൂൾ ക്ളാസ്സുകളും കൈകാര്യം ചെയ്യുന്നവയുമുണ്ട്.

ഈ പഞ്ചായത്തിന്റെ വിദ്യാഭ്യാസ രംഗത്തെ പരിപോഷിപ്പിക്കാൻ പാരലൽ കോളേജുകൾ സ്തുത്യാർഹമായി പ്രവർത്തിക്കുന്നു. ഒപ്പം തൊഴിൽ രഹിതരായ യുവാക്കൾക്ക് ഒരു ആശ്വാസവും കൂടിയാകുന്നു. വീടുകളിൽ ചെന്ന് കുട്ടികളെ പഠിപ്പിക്കുന്നവരും വലിയൊരു വിഭാഗമുണ്ട്.

പൊതുവെ രക്ഷകർത്താക്കളെല്ലാം തങ്ങളുടെ കുഞ്ഞുങ്ങളെല്ലാം പഠിച്ചു വലിയവരാകണം എന്ന താല്പര്യക്കാരാണ്. പക്ഷെ സാമ്പത്തിക ബുദ്ധിമുട്ട് ചിലരെയെങ്കിലും പഠിത്തം മുഴുമിപ്പിക്കാതെ വഴിക്കു വച്ചു നിറുത്താൻ നിർബന്ധിക്കപ്പെടുന്നു. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് മുടങ്ങാതെ സ്ക്കൂളിലെത്താൻ സാധിക്കുന്നില്ല. കാർഷിക വിളവെടുപ്പവസരങ്ങളിലെല്ലാം അവർ ജോലിക്കു പോകുന്നു. രാവിലെ ഇഷ്ടിക ചുമന്ന് ചൂളയിൽ കൊണ്ട് അടുക്കിയശേഷം പഠിക്കാൻ പോകുന്ന അനേകം കുട്ടികളുണ്ട്. ഇവർക്കെല്ലാം വിദ്യാഭ്യാസം ഒരു ബാലികേറാമലയായി അനുഭവപ്പെട്ടാൽ, അതിന് അവരെ കുറ്റപ്പെടുത്താൻ കഴിയില്ല.

ക്ളാസ്സുകളിലെ വിദ്യാർത്ഥികളുടെ എണ്ണക്കൂടുതൽ പലപ്പോഴും ഇവിടത്തെ സുഗമമായ പഠനരീതിക്കു തടസ്സമാകുന്നു. കുഞ്ഞുനാളിലെ നല്ല ശിക്ഷണം ലഭിച്ച കുട്ടികൾ ക്ളാസ്സിൽ മിടുക്കരായി നില്ക്കുമ്പോൾ അവരെ മാത്രം ശ്രദ്ധിക്കാനേ അദ്ധ്യാപകർക്ക് കഴിയുന്നുള്ളൂ. അദ്ധ്യാപകർക്ക് പഠനകാലത്ത് ലഭിച്ച പരിശീലനങ്ങൾ ഇവിടെ പ്രയോജനപ്പെടുത്താൻ കഴിയാതെ പോകുന്നു. കൂടുതൽ അദ്ധ്യാപകരും സ്ത്രീകളാണെന്നുള്ളത്, ഇവിടത്തെ വിദ്യാഭ്യാസരംഗത്ത് ഗുണപരമായ വളർച്ചയ്ക്കുള്ള സാഹചര്യമാണ് സൃഷ്ടിച്ചിരിക്കുന്നത്. കാരണം കുട്ടികളുടെ മനസ്സറിയാൻ മറ്റാരെക്കാളും കഴിയുന്നത് സ്ത്രീകൾക്കാണെന്നുള്ളതു തന്നെ. എങ്കിലും അത്തരത്തിലൊരു വളർച്ച ഇനിയുമുണ്ടാകേണ്ടിയിരിക്കുന്നു.

ആൺകുട്ടികൾ SSLC കഴിഞ്ഞശേഷം തൊഴിൽ സംബന്ധമായ പ്രവർത്തനങ്ങൾക്കു പ്രാധാന്യമുള്ള വിദ്യാഭ്യാസ മേഖലകളിലേക്കു തിരിയുന്നു. ഏതു വിധേനയും ഒരു തൊഴിൽ നേടാൻ സാധിക്കുമെങ്കിൽ (ജീവിത സുരക്ഷിതത്വം ഉറപ്പുവരുത്താൻ കഴിയുമെങ്കിൽ) അതല്ലേ ഏറ്റവും നല്ലത് എന്ന് അവർ ചിന്തിക്കുന്നു. ഈ രീതി സാമ്പത്തിക സ്ഥിരത ഉണ്ടാക്കുമെങ്കിലും, വിദ്യാഭ്യാസ രംഗത്ത് ഗുണപരമായുള്ള വളർച്ചയുണ്ടാക്കാൻ സാധിക്കുന്നില്ല. കോളേജ് വിദ്യാഭ്യാസ രംഗത്ത് പെൺകുട്ടികളും സാങ്കേതിക വിദ്യാഭ്യാസത്തിന് ആൺകുട്ടികളും എന്നുള്ള പ്രവണതയാണ് കണ്ടുവരുന്നത്.

ഈ പഞ്ചായത്തിലെ സ്ക്കൂളുകളിൽ പഠനോപകരണങ്ങളും ഭൗതിക സാഹചര്യങ്ങളും വളരെ കുറവാണ്. ഒപ്പം കായികോപകരണങ്ങളും ഉള്ള കായികോപകരണങ്ങൾ പല സ്ക്കൂളുകളിലും ഉപയോഗിക്കുന്നുമില്ല. അക്കാദമിക് സൗകര്യങ്ങളിലും അപര്യാപ്തത നിലനില്ക്കുന്നു. പ്രസ്തുത വിവരങ്ങളുടെ പട്ടിക ചുവടെ കൊടുക്കുന്നു.

**പട്ടിക – 3**

**ഭൗതിക സാഹചര്യങ്ങൾ**

| നമ്പർ | സ്കൂളുകൾ | ആകെ | ആകെ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1 | ആർ.സി.എൽ.പി.എസ്. ഉദിയൻകുളങ്ങര | 244 | 7 | 1 | 1 | ഉണ്ട് | ഇല്ല |
| 2 | സെന്റ് പീറ്റേഴ്സ് യു.പി.എസ്. വ്ളാത്താങ്കര | 1069 | 30 | 2 | 2 | ഉണ്ട് | ഉണ്ട് |
| 3 | ചെങ്കൽ യു.പി.ജി.എസ്. | 169 | 8 | 1 | 1 | ഉണ്ട് | ഇല്ല |
| 4 | എൽ.പി.ബി.എസ്. ചെങ്കൽ | 120 | 4 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| 5 | ചെങ്കൽ യു.പി.എസ്. | 275 | 11 | 3 | 3 | ഉണ്ട് | ഉണ്ട് |
| 6 | എൽ.എം.എസ്. എൽ.പി.എസ്. കോടങ്കര | 228 | 6 | 2 | 1 | ഉണ്ട് | ഇല്ല |
| 7 | ഗവൺമെന്റ് എച്ച്.എസ്. ആറയൂർ | 938 | 36 | 2 | 1 | ഉണ്ട് | ഉണ്ട് |
| 8 | ലൂഥറൻ യു.പി.എസ്. പൊൻവിള | 737 | 22 | 2 | 1 | ഉണ്ട് | ഇല്ല |
| 9 | സെന്റ് മേരീസ് എൽ.പി.എസ്. മര്യാപുരം | 256 | 8 | 1 | 7 | ഉണ്ട് | ഇല്ല |
| 10 | എൽ.എം.എസ്. എൽ.പി.എസ്. ആറയൂർ | 252 | 9 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 11 | വി.എച്ച്.എസ്. വ്ളാത്താങ്കര | 777 | 28 | 2 | 1 | ഉണ്ട് | ഉണ്ട് |

**സ്കൂളുകളിലെ അക്കാദമിക് സൗകര്യങ്ങൾ**

| | ലൈബ്രറി | ലാബ് | റേഡിയോ | ടേപ്പ് റെക്കോർഡർ | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | മൈക്ക് |
|---|---|---|---|---|---|---|---|
| ഉള്ളത് | 8 | 8 | 1 | | 2 | 1 | 2 |
| ഇല്ലാത്തത് | 3 | 3 | 10 | 11 | 9 | 10 | 9 |

അവലംബം : സെക്കന്ററി ഡേറ്റാ

## പഞ്ചായത്തിലെ വിദ്യാലയങ്ങളിലുള്ള പ്രശ്നങ്ങൾ

1. സ്ക്കൂൾ കെട്ടിടങ്ങൾ മഴയത്ത് ചോർന്നൊലിക്കുന്നു.
2. കളിസ്ഥലങ്ങൾ ഇല്ല.
3. ചുറ്റുമതിലുകൾ ഇല്ല.
4. സ്ക്കൂൾ ലൈബ്രറികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.
5. ലബോറട്ടറി സംവിധാനം നല്ലരീതിയിൽ ആകുന്നില്ല.
6. പരീക്ഷണ നിരീക്ഷണ ശാലകളിൽ സൗകര്യങ്ങൾ തീരെ ഇല്ല.
7. പഠന രീതികൾ ആകർഷകമല്ല, മെച്ചപ്പെടുന്നില്ല.
8. പഠനോപകരണങ്ങൾ, ബഞ്ച്, ഡസ്ക്, മേശ, കസേര, ബ്ളാക് ബോർഡ്, തുടങ്ങിയവ ഇല്ല.
9. കൃഷി സ്ഥലങ്ങൾ ഇല്ല.
10. സൊസൈറ്റികൾ ഇല്ല.
11. ആവശ്യത്തിനുള്ള കക്കൂസുകൾ, മൂത്രപ്പുരകൾ ഇല്ല.
12. വൈദ്യുതി, കുടിവെള്ളം ഇവ ലഭിക്കുന്നില്ല.
13. ഫസ്റ്റ് എയിഡ് മെഡിക്കൽ സംവിധാനമില്ല.
14. കളിക്കോപ്പുകൾ ഇല്ല.
15. കലാ-കായിക, പ്രവൃത്തി മത്സരങ്ങളെ പ്രോത്സാഹിപ്പിക്കുന്നില്ല.

### L.P, U.P., H.S വിഭാഗങ്ങളിലെ ആൺ/പെൺ കുട്ടികളുടെ വിവരം

പട്ടിക - 5

| ആകെ വിദ്യാർത്ഥികൾ | എൽ.പി | | യു.പി. | | ഹൈസ്കൂൾ | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 4986 | 1208 | 1037 | 748 | 782 | 650 | 560 |

അവലംബം : സെക്കന്ററി ഡാറ്റ

### പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിവരം

പട്ടിക - 6

| ആകെ വിദ്യാർത്ഥികൾ | എൽ.പി | | യു.പി. | | ഹൈസ്കൂൾ | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 727 | 130 | 117 | 157 | 143 | 97 | 83 |

അവലംബം : സെക്കന്ററി ഡാറ്റ

### നിർദ്ദേശങ്ങൾ

1. എല്ലാ വാർഡുകളിലും ആധുനിക പഠനോപകരണങ്ങളോടു കൂടിയ നേഴ്സറികൾ സ്ഥാപിക്കുക. പരിശീലനം സിദ്ധിച്ച അദ്ധ്യാപകരെ നിയമിക്കുക.
2. നിലവിലുള്ള ഹൈസ്ക്കൂളുകളിൽ +2 കോഴ്സ് തുടങ്ങുക.
3. ഭൗതിക സാഹചര്യങ്ങൾ ഉണ്ടാക്കുക.
4. പഠനോപകരണങ്ങൾ ലഭ്യമാക്കുക.
5. പഠനോപകരണങ്ങൾ കൃത്യമായി ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.
6. വർഷത്തിൽ രണ്ടോ മൂന്നോ പ്രാവശ്യം പഞ്ചായത്തു തലത്തിൽ അദ്ധ്യാപക പരിശീലനം ഫലപ്രദമായി നടപ്പിലാക്കുക. പ്രസ്തുത പരിശീലനത്തിൽ പഞ്ചായത്തിലെ മുഴുവൻ സ്ക്കൂളുകളിലെയും അദ്ധ്യാപകരെയും പങ്കെടുപ്പിക്കണം.



# കുടിവെള്ളവും പൊതുജനാരോഗ്യവും

ഒരു ജനതയുടെ ആരോഗ്യത്തിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണ്. ശുദ്ധമായ ജലം, ശുദ്ധമായവയു, ശുചിത്വമുള്ള പാർപ്പിടം കുടിവെള്ളത്തിനായി പഞ്ചായത്തിലെ 86% ജനങ്ങളും കിണറുകളെയാണ് ആശ്രയിക്കുന്നത്. 5000 (അയ്യായിരം) കിണറുകളുള്ളതിൽ 400 ഓളം കിണറുകൾ വെള്ളമില്ലാത്തവയാണ്. പഞ്ചായത്തിന്റെ വിസ്തൃതിയുടെ 46%ഉം രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളണ്. കേരള വാട്ടർ അതോറിറ്റിയുടെ ജലവിതരണ പദ്ധതിയായ വലിയകുളം വാട്ടർ സപ്ളെസ്കീം, കാഞ്ഞിരംമൂട്ടുകടവിൽ ആണ് പ്രവർത്തിക്കുന്നത്. ഈ പദ്ധതിയിൽ ഫിൽറ്റർ സംവിധാനം സുഗമമായി പ്രവർത്തിക്കാതതതിനാൽ കുടിവെള്ളമായി ഉപയോഗിക്കാൻ കഴിയുന്നില്ല. വ്ളാത്താങ്കര മുതൽ ഉദിയൻകുളങ്ങര വരെ പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഈ പദ്ധതി ജനങ്ങൾക്ക് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പ്രയോജനം ഒന്നും കാണുന്നില്ല. 140 പൊതുടാപ്പുകൾ പഞ്ചായത്ത് പ്രദേശങ്ങൾക്കുള്ളിൽ പ്രവർത്തിക്കുന്നു. 40 ഓളം വീടുകൾക്ക് മാത്രമേ പൈപ്പ് കണക്ഷൻ നൽകിയിട്ടുള്ളൂ എങ്കിലും ഇവ വേണ്ടവിധം പ്രയോജനപ്പെടുന്നില്ല. പഞ്ചായത്തിലെ ജനസംഖ്യയുടെ 75% ആളുകൾക്കും ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു.

## ശുദ്ധജല സ്രോതസ്സുകൾ

പട്ടിക - 1

| കിണറുകൾ | | | | കുഴൽ കിണറുകൾ | മൊത്തം കിണറുകൾ |
|---|---|---|---|---|---|
| പൊതുകിണറുകൾ | | സ്വകാര്യ കിണറുകൾ | | | |
| വെള്ളമുള്ളത് | വെള്ളമില്ലാത്തത് | വെള്ളമുള്ളത് | വെള്ളമില്ലാത്തത് | | |
| 23 | 20 | 3600 | 1400 | 9 | 5049 |

1995 96 വർഷത്തിൽ മാത്രം 9 പേർക്ക് ജലജന്യരോഗങ്ങൾ ബാധിക്കുകയുണ്ടായി. ചില വാർഡുകളിൽ ചുമട്ടു വെള്ളത്തിനായി ജനങ്ങൾക്ക് പോകേണ്ടിവരുന്നു. ചെങ്കൽ പഞ്ചായത്തിന്റെ വലിയകുളം നന്നാക്കാനുള്ള പദ്ധതി, പ്രോജക്ട് തയ്യാറാക്കി സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ ജനകീയാസൂത്രണ കർമ്മ സമിതിയെക്കൊണ്ട് നടത്തിക്കണം. വിശേഷാൽ ഗ്രാമസഭകളിൽ നിന്നും ഉയർന്നു

## കുടിവെള്ള ക്ഷാമബാധിത പ്രദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും

പട്ടിക - 2

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാര മാർഗ്ഗം. |
|---|---|---|
| 1. | അമരവിള മുതൽ തൃക്കണ്ണാപുരം വരെ | K.W. യുടെ പൈപ്പു ലൈനിൽക്കൂടി ശുദ്ധജലവിതരണം കാര്യക്ഷമമായി നടത്തുക. ചേമ്പുകുളത്തിൽനിന്നും ജലസ്രോതസ്സുകൾ വഴി ജലക്ഷാമം പരിഹരിക്കാം. |
| 2. | താമര വിള, കുടിച്ചാണി, മുക്കുത്തറ, കുരുമ്പൽ, കാട്ടിലുവിള, വെട്ടുവിള, കടക്കുളം, പ്ളാഞ്ചേരിഎന്നീ സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. | വാർഡിലെ എല്ലാ സ്ഥലങ്ങളിലും വാട്ടർ സപ്ളൈ സ്കീം നടപ്പിലാക്കണം. എക്കയ്യർ കോണം കുളത്തിൽനിന്നും കിണർ കുഴിച്ച് പമ്പ്സെറ്റ് സ്ഥാപിച്ച് പൈപ്പ് ലൈൻ ദീർഘിപ്പിച്ചാൽ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. |
| 3 | വാർഡിലെ മിക്ക സ്ഥലങ്ങളിലും ജലക്ഷാമം, ശുദ്ധ പ്ളാംപലമൂല കറവക്കുഴി, ഇളംതോട്ടം, കടക്കുളം, കാരിയോട്, തേമ്പിളിമൂട്, കുരുമ്പൽ അലത്തറക്കൽ | നൊച്ചിയൂർ പ്രദേശങ്ങളിൽ പൈപ്പുലൈനുകൾ സ്ഥാപിച്ചിട്ടില്ല. നെയ്യാറിലെ ഓരുവെള്ളം കാരണം സമീപ പ്രദേശത്തിലെ കിണറുകളിലെ വെള്ളം ഉപയോഗ യോഗ്യമല്ല. വലിയകുളം വാട്ടർ സപ്ളൈ സ്കീമിലൂടെ കുടിവെള്ളക്ഷാമം പരിഹരിക്കാം. ചാണിയാകുടി കുളത്തിൽ പമ്പ് സെറ്റ് സ്ഥാപിച്ച് പരിഹരിക്കാം. |
| 4. | IV- ാം വാർഡിലെ കിഴക്ക് പടിഞ്ഞാറ് ഭാഗം രൂക്ഷമായും തെക്ക് വടക്ക് ഭാഗം ഭാഗികമായും ജലക്ഷാമം അനുഭവപ്പെടുന്നു. പനവിള, ചക്കിവിള, നാരങ്ങാവിള, പനയറയ്ക്കൽ, ചെങ്കണ്ണുവിള, കുരുമ്പൽ എന്നീ സ്ഥലങ്ങളിലാണ് കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നത്. | കുന്നൻവിള, പനവിള, കൈതക്കുഴി, കുരുമ്പൽ, കോടങ്കര, ചക്കിവിള, ആണ്ടിവിള, നാരങ്ങാവിള, വലിയകുളം വരെ പൈപ്പുലൈൻ സ്ഥാപിക്കണം. ചെങ്കണ്ണുവിള, പ്ളാങ്കാല, മാവടിത്തല, ത്രിപുരകംഗലം, കമ്പ്ലേറ്റ്, ചെങ്കൽ L.P.B.S, L.P.G.S എന്നീ സ്കൂളുകളിൽ പൈപ്പുലൈൻ സ്ഥാപിക്കേണ്ടതാണ്. വലിയകുളം വാട്ടർസ്കീമിലൂടെ ഇതിനു പരിഹാരം കാണാവുന്നതാണ്. |
| 5. | വരവുപൊറ്റ, മേക്കേത്തട്ട്, ഈഴക്കോണം, കൊറ്റച്ചാട്ടുകോണം, പുളിയറപ്പൊറ്റ, കോടങ്കര, എന്നീ ഭാഗങ്ങളിൽ ജലക്ഷാമം അനുഭവപ്പെടുന്നു. | പാറക്കുളം, നെടുങ്ങോട്ടുകുളം, കോച്ചക്കുളം എന്നീ കുളങ്ങളിൽ ശുദ്ധജലവിതരണ പദ്ധതി തുടങ്ങിയാൽ ആ വാർഡിലെ ജലക്ഷാമം പരിഹരിക്കാം. V-ാം വാർഡിലെ മുഴുവൻ വീടുകൾക്കും പൈപ്പുലൈൻ അനുവദിക്കുക |
| 6. | എറപ്പക്കാണി, പൊറ്റയിൽ, കടമ്പറയ്ക്കൽ, എരുമത്തൂർ, കളത്തുവിള, ന്യൂ M.L.A റോഡ് കടന്നു പോകുന്ന എല്ലാ ഭാഗങ്ങളും ജലക്ഷാമം അനുഭവപ്പെടുന്നു. | വാട്ടർ ടാങ്ക് സ്ഥാപിക്കുക, പൈപ്പുലൈൻ ദീർഘിപ്പിക്കുക, ശുദ്ധജലവിതരണം നടത്തുക |

| | | |
|---|---|---|
| 7. | പുലിക്കുഴി, പനവിള,വാണിയക്കുടി പൊന്നംകോട്, കീഴമ്മാകം, മാത്തൂവിളാകം, ആവണക്കിൻവിള ആറാട്ടുകടവ്, വലിയതോട്ടം, കുഴിവിള, പടയൻ വിള, പുഴിക്കുന്ന് കല്ലുക്കടുക്കറ, എന്നിസ്ഥലങ്ങളിൽ ജലക്ഷാമം അനുഭവപ്പെടുന്നു. | നെടിയൻകുളം, കുത്തക്കോട്ടുകുളം, നരിക്കോട്ടുകുളം, മാച്ചിയോടകുളം എന്നീ കുളങ്ങളെ മെയിന്റനൻസ് ചെയ്താൽ കൃഷിക്കുള്ള ജലം ശേഖരിക്കാൻ കഴിയും. പൈപ്പുലൈനുകൾ സ്ഥാപിക്കുമ്പോൾ വാർഡിന്റെ എല്ലാ ഭാഗത്തും കുടിവെള്ള പ്രശ്നം പരിഹരിക്കാം. |
| 8. | ചെങ്കംവിള പഞ്ചായത്ത് കോളനിയും മേലമ്മാകം പുതുവലിലും, മണികെട്ടി മാവിള, എരിച്ചിങ്ങൽ, തോട്ടിൻകര കോടങ്കര, പുളിയറ എന്നിഭാഗങ്ങളിൽ വേനൽക്കാലത്ത് കിണറുകൾ വറ്റിവരണ്ടുപോകുന്നു. | ചെങ്കംവിള പഞ്ചായത്ത് കോളനി, മര്യാപുരം മുതൽ എരിച്ചിങ്ങൾ മണികെട്ടി മാവിള മുതൽ വാക്കാൽവരമ്പ് കോളനി, മര്യാപുരം കോടങ്കര മേലമ്മാകം പുതുവൽമുതൽ കരയ്ക്കാട് എന്നീ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുക. കുംകേുളം വാട്ടർ സപ്ലൈസ്കീം നടപ്പിലാക്കുക. ആവശ്യം വേണ്ടുന്നകിണറുകൾ താഴ്ത്തുക. |
| 9. | ചെമ്മൺവിള, പൊറ്റവിള, നുള്ളിവിള, ചെന്നൻവിളാകം പുവണ്ണറവിളാകം,പെന്നാച്ചൽ വിളാകം ഈ സ്ഥലങ്ങളിൽ വേനൽക്കാലത്ത് കിണറുകൾ വറ്റി വരണ്ടുപോകുന്നു. | മര്യാപുരം കോളനി മുതൽ മാർത്തോമ പള്ളി വരെയും തോട്ടിൻകര പ്ലാമൂട്ടുക്കട പ്രദേശങ്ങളിലും പൈപ്പുജലം ലഭിക്കുന്നില്ല. പൈപ്പുലൈൻ സ്ഥാപിച്ച് പരിഹാരം കാണണം. |
| 10. | ഉദിയൻകുളങ്ങര, അഴകികോണം, കൊറച്ചാട്ടുകോണം മേലെതെരിവ് എന്നിവിടങ്ങളിൽ കുടിവെള്ള ക്ഷാമം ഉണ്ടാകുന്നു. | ഉദിയൻകുളങ്ങര വാർഡിലെ മുഴുവൻ വീടുകൾക്കും പൈപ്പ് ലൈൻ അനുവദിക്കുക നിലവിലുള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കുകയും ശുദ്ധജലക്ഷാമം പരിഹരിക്കുകയും ചെയ്യുക |
| 11. | ആറയൂർ, സി.വി.ആർ. പുരം റോഡിനുസമീപപ്രദേശങ്ങളിലും ജലക്ഷാമം അനുഭവപ്പെടുന്നു. | കൊറ്റാമം N.H. റോഡിൽ കൂടിക്കടന്നു പോകുന്ന പൈപ്പു ലൈനുകൾ ഈ പ്രദേശങ്ങളിൽ കൂടി കടത്തി വിടുകയും വലിയകുളം വാട്ടർ സ്കീം പദ്ധതി വികസിപ്പിക്കുകയും വാർഡിലുള്ളതിലംനടപ്പിലാക്കുകയുംചെയ്താൽകൃഷിക്കുംകുടിവെള്ളത്തിനുംപരിഹാരം കാണാം. |
| 12. | ഊന്നിക്കാല, ചാവല്ലൂർ, എള്ളുവിള, പുതുക്കുളം, പൈങ്കര, എന്നീ പ്രദേശത്ത് രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു. | ചാനൽ ജലം 6 മാസം തുടർച്ചയായി വന്നാൽ ഈ വാർഡിൽ ഒരു പരിധി വരെ ജലക്ഷാമം പരിഹരിക്കാം. ഒരു മിനി വാട്ടർ സപ്ലൈ സ്കീം കൊണ്ടുവരേണ്ടതും ആവശ്യമാണ്. പൈപ്പുലൈൻ സ്ഥാപിക്കുകയും ചെയ്താൽ കുടിവെള്ള പരിഹാരം കാണാം. |
| 13. | ചാവല്ലൂർ പൊറ്റ, ഇടിച്ചക്കപ്ലാമൂട്, ലയിൻ അഞ്ചാലിക്കോണം കൊറ്റാമം ലൈൻ, പൊൻവിള പ്ലാമൂട്ടുകട എന്നീ പ്രദേശത്ത് കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു. | ചാവല്ലൂർ പൊറ്റയിൽ ഒരു കുടിവെള്ള ടാങ്ക് നിർമ്മിച്ച് ഏറ്റവും അടുത്തുള്ള ജലസ്രോതസ്സിൽ നിന്നും ജലം സംഭരിച്ച് വിതരണം നടത്തിയാൽ ഒരു പരിധിവരെ കുടിവെള്ള ക്ഷാമം പരിഹരിക്കാം. പൈപ്പ് ലൈൻ സ്ഥാപിക്കണം. വലിയകുളം വാട്ടർ സ്കീം വികസിപ്പിച്ചാൽ ജലക്ഷാമം പരിഹരിക്കാം. |

വന്നതായ പ്രശ്ന പരിഹാരങ്ങളും പഞ്ചായത്ത് തലത്തിൽ മൊത്തത്തിൽ ബാധകമാക്കാവുന്നതും ചർച്ചകളിലൂടെ രൂപപ്പെട്ടുവന്നിട്ടുള്ളതുമായ നിർദ്ദേശങ്ങളും സൂക്ഷ്മ വിശകലനത്തിനായി ഇതിൽ ചേർത്തിരിക്കുന്നു.

## കുടിവെള്ള ക്ഷാമബാധിത പ്രദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും

**1-ാം വാർഡ് :** അമരവിള മുതൽ തൃക്കണ്ണാപുരം വരെയുള്ള സ്ഥലങ്ങളിൽ കുടുമ്പോട്ടുകോണം പ്രദേശങ്ങളിലും അനുഭവപ്പെടുന്നകുടിവെള്ളക്ഷാമം കെ. ഡബ്ള്യൂ.എ.യുടെ പൈപ്പുലൈൻ ഇവിടേയ്ക്ക് ദീർഘിപ്പിച്ച് പരിഹരിക്കാവുന്നതാണ്.

**2-ാം വാർഡ് :** വേനൽക്കാലത്ത് പോലും വറ്റാത്ത കുളമാണ് എക്കല്ലൂർകോണം കുളം. ഇവിടെനിന്നും ശുദ്ധജലം വിതരണം നടത്തിയാൽ താമരവിള, കുഴിച്ചാണി, മുക്കുത്തറ, കുരുമ്പൽ, കാട്ടിലുവിള, വെട്ടുവിള, കടക്കുളം, പ്ലഞ്ചേരി എന്നീ സ്ഥലങ്ങളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കാം. വാട്ടർ സപ്ലൈ സ്കീമും നടപ്പിലാക്കേണ്ടതാണ്.

**3-ാം വാർഡ് :** നൊച്ചിയൂർ, കാട്ടിലുവിള, കാരിയോട് പ്രദേശങ്ങൾ വെള്ളപ്പൊക്ക ഭീഷണി നേരിടുന്നതുകൊണ്ട് ശുദ്ധജലം കിട്ടുന്നില്ല. പൈപ്പുവെള്ളം കുറ്റമറ്റ രീതിയിൽ വിതരണം ചെയ്യണമെന്നാണ് പരിഹാരമായി നിർദ്ദേശിക്കുന്നത്.

**4-ാം വാർഡ് :** കുന്നൻവിള, പനവിള, കൈതക്കുഴി, കുരുമ്പൽ, കോടങ്കര, ചക്കിവിള, ആണ്ടിവിള, നാരങ്ങാവിള, പനയറയ്ക്കൽ, ചെമ്മണ്ണുവിള, പ്ളാങ്കാല, മാവടിത്തല, ത്രിവിക്രമംഗലം, കണ്ണേറ്റ് എന്നീ ഭാഗങ്ങളാണ്. കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നത്. ചെങ്കൽ എൽ.പി.ജി.എസ്., എൽ.പി.ബി.എസ്. മുതൽ കുറിമ്പൽ കുഴിച്ചാണി വരെ ശാസ്താംക്ഷേത്രനട എന്നിവിടങ്ങളിൽ ശുദ്ധജലം എത്തിക്കണം. വലിയകുളം വാട്ടർസപ്ലേ പദ്ധതി അടിയന്തിരമായി ഏർപ്പെടുത്തണം. വട്ടവിള ലക്ഷംവീട് കോളനിയിലും പൈപ്പ്ലൈൻ സ്ഥാപിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കാം. കാക്കനാട് പ്രദേശങ്ങളിലും പൈപ്പുലൈൻ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. കുന്നംവിള കോളനിയുടെ പടിഞ്ഞാറു ഭാഗത്തായിട്ടുള്ള ഉറവ സംരക്ഷിച്ച് ശുദ്ധജലം വിതരണം ചെയ്യാനുള്ള സംവിധാനം ചെയ്യണം.

**5-ാം വാർഡ് :** വരവുപൊറ്റ, കുന്നൻവിള, പുളിയാറ, കരിക്കിൻവിള എന്നീ ഭാഗങ്ങളിൽ കുടുവെള്ള ക്ഷാമം രൂക്ഷമാണ്. വേനൽക്കാലത്ത് വറ്റാത്ത ഒരു കുളമാണ് പാറയിൽ കുളം. ഇവയിൽ കിണറുകൾ കുഴിച്ച് ശുദ്ധജല പദ്ധതി ആരംഭിച്ചാൽ ശുദ്ധജലം നൽകാൻ സാധിക്കും.

**6-ാം വാർഡ് :** വ്ളാത്താങ്കര, ഐവിള, കാളിവിള കടച്ചറക്കൽ, ഇറപ്പക്കാണി, അനന്തംവിള, ഉരുവച്ചൽ, പെരിയവീട്, പുലിവിള തുടങ്ങിയ സ്ഥലങ്ങളാണ് പ്രധാനമായുള്ളത്. ഇപ്പോൾ കാഞ്ഞിരമൂട്ട് കടവിൽ നടപ്പിലാക്കിയിട്ടുള്ള ശുദ്ധജല വിതരണ പദ്ധതി വിപുലീകരിച്ച് ഇപ്പോൾ ലഭ്യമാക്കുന്നു. കലങ്ങൾ ജലം ശുദ്ധജലമായിമാറ്റി വിതരണം നടത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. പൈപ്പുകൾ നീട്ടാൻ ആവശ്യമായ പഞ്ചാ

യത്തു റോഡുകൾ ഈ സ്ഥലങ്ങളിലെല്ലാം ഉണ്ട്.

7-ാം വാർഡ് : കീഴമ്മാകണ മഠത്തുവിളാകത്ത്, പൊന്നം കോട്, ആവണക്കിൻവിള, ആറാട്ടുകടവ് റോഡിൽ, വലിയതോട്ടത്തും ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളായ കുഴിവിള യിലും പൂഴിക്കുന്ന് ലക്ഷംവീട് കോളനിയി ലും ആവശ്യം വേണ്ടുന്ന ശുദ്ധജലം എത്തിക്കാൻ കഴിയണം.

8-ാം വാർഡ് : ചെങ്കൽ പഞ്ചായത്തിൽ വേനൽക്കാലത്ത് കുടിവെള്ളത്തിന്റെ രൂക്ഷത അനുഭവി ക്കുന്ന ഒരു വാർഡാണ് 8. ടി വാർഡിൽ ശുദ്ധജലമെത്തിക്കുന്നതിനുള്ള യാതൊരു മാർഗ്ഗവുമില്ല. ആയതിനാൽ അടിയന്തിര മായി വാർഡിന്റെ വിവിധ ഭാഗങ്ങളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുകയും അവയ് ക്കാവശ്യമായ ജലം കുംഭകുളം കേന്ദ്രമാ ക്കി ഒരു മിനിവാട്ടർ സപ്ലൈസ്കീം നടപ്പിലാ ക്കി പരിഹരിക്കുകയും ചെയ്യുക. കൂടാതെ ആവശ്യമായ സ്ഥലങ്ങളിലെല്ലാം പൊതു കിണറുകൾ നിർമ്മിക്കാൻ വേണ്ട ശ്രദ്ധ ഉണ്ടാകണം. ഒരിക്കലും വറ്റാത്ത കല്ലി ടാഞ്ചി നീരുറവയിൽ ഒരു ശുദ്ധജല പദ്ധതി ആരംഭിച്ചാൽ ആവശ്യത്തിനുള്ള ശുദ്ധ ജലം ലഭിക്കും.

9-ാംവാർഡ് : മര്യാപുരം വാർഡിൽ കോൺവെന്റിന് തെക്കുഭാഗം ചെമ്മംവിള, പൊറ്റവിള, നുള്ളിവിള എന്നീ സ്ഥലങ്ങളിൽ വേനൽ ക്കാലത്ത് കിണറുകൾ വറ്റിവരണ്ടുപോകു ന്നു. മര്യാപുരം മുതൽ പ്ലാമൂട്ടുക്കട വരെ പൈപ്പുലൈൻ ഉണ്ടെങ്കിലും മര്യാപുരം കോളനിമുതൽ മാർത്തോമ്മാപള്ളി വരെ യുള്ള സ്ഥലത്ത് പൈപ്പിൽ നിന്നും വെള്ളം കിട്ടുന്നില്ല. വെള്ളം കിട്ടുന്നതിനു ള്ള സത്വരനടപടികൾ സ്വീകരിച്ചിരിക്കണം.

10-ാംവാർഡ് : ഈ വാർഡിലെ ഭൂരിഭാഗം സ്ഥലങ്ങളിലും ജലക്ഷാമം അനുഭവപ്പെടുന്നു. പല സ്ഥല ത്തും പൈപ്പുലൈനുകൾ സ്ഥാപിച്ചിട്ടുണ്ടെ ങ്കിലും ശുദ്ധജലം വിതരണംചെയ്യപ്പെടുന്നി ല്ല. ഉദിയൻ കുളങ്ങര മേലെത്തെരുവ്, ആഴാം വിളാകം, വാഴ്ത്തിവിളാകം, അഴകി ക്കോണം, വലിയവിള എന്നീ പ്രദേശങ്ങ ളിൽ, K.W.A. പൈപ്പുലൈൻ സ്ഥാപിക്കു കയും ശുദ്ധജല വിതരണം നടത്തുകയും വേണം.

11-ാംവാർഡ് : അറയൂർ ഭാഗത്ത് കൊറ്റാമം സി.വി.ആർ പുരം റോഡിന്റെ ഇരുവശങ്ങളിലുമുള്ള പ്രദേശങ്ങളിൽ ശുദ്ധജലക്ഷാമം അനുഭവ പ്പെടുന്നു. മേലെ ഐത്തിക്കുളം, കീഴെ ഐത്തിക്കുളം, കാട്ടുകുളം, പുത്തൻ കുളം ഓവുകുളം തുടങ്ങിയ കുളങ്ങൾ ഈ വാർ ഡിലുണ്ട്. ഇതിൽ ഐത്തിക്കുളം, ഓവു കുളം, ഐത്തിക്കുളം തുടങ്ങിയ കുളങ്ങ ൾ വേനലിൽ വറ്റിപ്പോകാറുണ്ട്. ചാനൽ ജലമുള്ള അവസരങ്ങളിൽ കിണറുകളിൽ വെള്ളം ധാരാളം ലഭിക്കും. അല്ലാത്ത സമ യങ്ങളിൽ കിണറുകളും വറ്റിപ്പോകുന്നു. അതുകൊണ്ട് ഈ വാർഡിലെ ഒരിക്കലും വറ്റാത്ത കുളമായ ഐത്തിക്കുളത്തിൽ ഒരു ജലസേചന പദ്ധതി തുടങ്ങിയാൽ ഈ വാർഡിലെ ശുദ്ധജലക്ഷാമം പൂർണ്ണമാ യും പരിഹരിക്കാൻ കഴിയും.

12-ാംവാർഡ് : ഈന്തിക്കാല, ചാവല്ലൂർ പൊറ്റ, വാണിയൻ കാല എന്നീ സ്ഥലങ്ങളിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു. കുടിവെള്ള ത്തിനായി വളരെ ബുദ്ധിമുട്ടുന്ന വാർഡാ ണിത്. എള്ളുവിള ഭാഗത്ത് കാണുന്ന നീരു റവ ശുദ്ധജല വിതരണത്തിന് അനുയോ ജ്യമായ രീതിയിൽ സംരക്ഷിച്ചെടുത്താൽ, ആ വാർഡിലെ കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും. കൂടാതെ പുതുക്കുളത്തിൽ ഒരു ശുദ്ധജല വാട്ടർടാങ്ക് പണിത് ഈ വാർഡിലെ കുടി വെള്ളക്ഷാമം പരിഹരിക്കണം.

13-ാംവാർഡ് : ഈ വാർഡിൽ ചാവലൂർപൊറ്റ, പെൻവി ള, പ്ലാമൂട്ടുക്കട, പൊറ്റയിൽക്കട, അഞ്ചാലി ക്കോണം എന്നീ സ്ഥലങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. വേനൽക്കാല ങ്ങളിൽ ഇവിടുത്തെ കുടിവെള്ള ക്ഷാമം രൂക്ഷമാകാറുണ്ട്. ഈ ഭാഗങ്ങളിൽ പൈപ്പു ലൈൻ ഈ വാർഡിലെ കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കാം.

## വലിയകുളം

ഇന്ത്യൻ മഹാസമുദ്രത്തിന്റെയും അറബിക്കടലി ന്റെയും സ്പർശനമേറ്റു കിടക്കുന്ന തെക്കൻ കേരളത്തിന്റെ തെക്കൻ പ്രദേശമായ പാറശ്ശാല ബ്ളോക്കിൽ സ്ഥിതി ചെയ്യു ന്നതും, കേരളത്തിന്റെ തെക്കേ അറ്റത്തുകൂടി ഒഴുകുന്ന നെയ്യാറും എൻ.എച്ച്. 47-ാം റോഡ് അതിരിടുന്നതുമായ ഒന്നാണ് ചെങ്കൽ ഗ്രാമപഞ്ചായത്ത്. പ്രകൃതിരമണീയത യുടെ മനോഹാരിതയിൽ മുങ്ങി നിൽക്കുന്ന ഈ പഞ്ചായ ത്തിന്റെ തിലകക്കുറിയായി ഇരുപത്തിയൊന്ന് ഏക്കർ വിസ്തൃതിയോടെ പരന്നു കിടക്കുന്നു വലിയകുളം വിനോ ദസഞ്ചാരകേന്ദ്രത്തിനും, വള്ളംകളികൾക്കും, നീന്തൽ കായിക പരിശീലനത്തിനും ഈ കുളം ശുദ്ധീകരിച്ചെടുക്കാ വുന്നതാണ്. പ്രകൃതി വിഭാവന ചെയ്യുന്ന നിറക്കൂട്ടുകളിൽ ഒന്നായി വലിയകുളത്തേയും നമുക്ക് മാറ്റിയെടുക്കാൻ കഴി യുന്നതായിരിക്കും. എന്നാൽ വർഷങ്ങളായി നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്താത്തതിനാൽ കരകൾ ഇടിഞ്ഞും വീണ്ടുകീറിയും പായലുകളും ആമ്പലുകളും നിറ ഞ്ഞ്, ചെളിമണ്ണ് അടിഞ്ഞ്, മത്സ്യങ്ങൾക്കുപോലും ആവാസ യോഗ്യമല്ലാത്ത രീതിയിൽ മലീമസമായിരിക്കുകയാണ്. എന്നാൽ വലിയകുളം നവീകരണം ഫയലുകളിൽ മാത്രം

കൂരുങ്ങി കിടക്കുന്നു. അധികൃതരുടെ അനാസ്ഥയും, അലംഭാവവും ഒന്നുകൂടി ശ്രദ്ധയിൽപ്പെടുത്തേണ്ടിയിരിക്കുന്നു. കക്ഷി രാഷ്ട്രീയ ബന്ധം മറന്ന് ജനങ്ങലുടെ ദീനരോധനം, വർഷങ്ങളായി ഈ വലിയകുളം നവീകരിച്ച് ജലസേചനയോഗ്യമാക്കാൻ മുഴങ്ങി കേൾക്കുന്നുണ്ടെങ്കിലും ഇന്നേവരെ കഴിഞ്ഞിട്ടില്ല. ചെങ്കൽ ഗ്രാമപഞ്ചായത്തിൽ മറ്റൊരു കേന്ദ്രത്തെയും ആശ്രയിക്കാതെ തന്നെ വലികുളം വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കിയാൽ പഞ്ചായത്തിലെ വിവിധ വാർഡുകളിലുള്ള മുഴുവൻ പ്രദേശങ്ങളിലും കുടിവെള്ളം എത്തിക്കാൻ കഴിയുന്നതാണ്.

ശുദ്ധജല വിനോദകേന്ദ്രം, മത്സ്യം വളർത്തൽ കേന്ദ്രം ചെങ്കൽ പഞ്ചായത്തിലെ VI, VII, I, VIII തുടങ്ങിയ വാർഡുകളിൽ നെൽകൃഷിക്ക് വർഷം മുഴുവനും ജലസേചനം നടന്നാൽ ഈ പഞ്ചായത്തു മുഴുവൻ ശുദ്ധജല വിതരണം തുടങ്ങിയ ബൃഹത്തായ പദ്ധതികൾ നടപ്പാക്കാൻ ചുരുങ്ങിയത് 75 (എഴുപത്തിയഞ്ച്) ലക്ഷം രൂപയുടെ ധനസഹായവും, 25 ലക്ഷം രൂപയുടെ മാനവശേഷിയും ഉപയോഗിച്ചാൽ ഈ "വലിയ" ജലസംഭരണിയെ നവീകരിച്ച് ജനങ്ങൾക്ക് ഉപയുക്തമാക്കാൻ കഴിയും. ഈ കുളത്തിന് വർഷം മുഴുവൻ ജലം നൽകാൻ കഴിയുന്ന തരത്തിലുള്ള വണ്ടിച്ചിറതോടും ഇതിനെ തൊട്ടുരുമ്മി ഒഴുകുന്നുണ്ട്. ചുരുക്കത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രശ്നങ്ങളുടെ പരിഹാരങ്ങൾ കാണുമ്പോൾ ഒന്നാമത്തെ പരിഗണന എന്തുകൊണ്ടും വലിയകുളത്തിന് നൽകേണ്ടതാണ്.

## ആരോഗ്യം

ആധുനിക ചികിത്സാസമ്പ്രദായമാണ് പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും ആശ്രയിച്ചു വരുന്നത്. ഇതിനുതകുന്ന തരത്തിൽ പഞ്ചായത്തിൽ വേണ്ടത്ര ആരോഗ്യ പരിപാലന കേന്ദ്രങ്ങളില്ല. 1977-ൽ സ്ഥാപിച്ച ചെങ്കൽ പ്രാഥമിക ആരോഗ്യ കേന്ദ്രമാണ് പഞ്ചായത്തിലെ ആദ്യത്തെ പ്രാഥമികാരോഗ്യ കേന്ദ്രം. ഈ പഞ്ചായത്തിൽ ആരോഗ്യരംഗവുമായി പ്രവർത്തിക്കുന്നത് 11 കേന്ദ്രങ്ങളാണ്. ഇതിൽ 3 എണ്ണം സർക്കാർ ആശുപത്രിയും 8 എണ്ണം സ്വകാര്യ മേഖലയുമാണ്. അലോപ്പതി, ഹോമിയോ, ആയുർവേദം എന്നിവയിൽ 3 സ്വകാര്യ ഡിസ്പെൻസറികളും, 2 മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളും, 3 മെഡിക്കൽ സ്റ്റോറുകളും പഞ്ചായത്തിലെ ആരോഗ്യരംഗവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ ആണ്.

പഞ്ചായത്തിലെ പൊതു ആരോഗ്യസ്ഥിതി വളരെ മെച്ചപ്പെട്ടത് ലഭ്യമായ സ്ഥിതി വിവരക്കണക്ക് വച്ച്നോക്കുമ്പോൾ 1995-96 വർഷത്തിന് ജലജന്യ രോഗങ്ങൾ 207, വായുജന്യരോഗങ്ങൾ 316, പ്രാണിജന്യരോഗങ്ങൾ 95, മറ്റുള്ളവ 158 പഞ്ചായത്തിൽ കിടത്തി ചികിത്സാ സൗകര്യങ്ങളുള്ള സർക്കാർ ആശുപത്രികളില്ല, ഉദിയൻകുളങ്ങര, പൊൻവിള എന്നിവിടങ്ങളിലെ സ്വകാര്യ ആശുപത്രികളിലാണ് കിടത്തി ചികിത്സാസൗകര്യങ്ങളുള്ളത്.

### ചെങ്കൽ പഞ്ചായത്തിലെ ആരോഗ്യസ്ഥാപനം

| സ്ഥാപനത്തിന്റെ പേര് | സർക്കാർ | സ്വകാര്യം | വാർഡ് | ജീവന… രുടെ… |
|---|---|---|---|---|
| ചെങ്കൽ പ്രാഥമിക ആരോഗ്യകേന്ദ്രം | ✓ | | 4 | 6 |
| സ്റ്റാൻലി ഹോസ്പിറ്റൽ, ഉദിയൻകുളങ്ങര | | ✓ | 10 | 13 |
| വാണിയൻകാല മിഷൻ ആശുപത്രി | | ✓ | 12 | 8 |
| പൊൻവിള കരല ആശുപത്രി | | ✓ | 13 | 8 |
| ഷീജാ നഴ്സിംഗ് ഹോം, വ്ളാത്താങ്കര | | ✓ | 6 | 3 |
| ഡെവി ഹോസ്പിറ്റൽ (ആയുർവേദം) മര്യാപുരം | | ✓ | 9 | 1 |
| കൃപാ നഴ്സിംഗ് ഹോം (ഹോമിയോ) ഉദിയൻകുളങ്ങര | | ✓ | 10 | 1 |
| മര്യാപുരം ആയുർവേദ ആശുപത്രി | ✓ | | 5 | 4 |
| ഉദിയൻകുളങ്ങര ദന്താശുപത്രി | | ✓ | 10 | 1 |
| കാട്ടിലുവിള ഹോമിയോ ആശുപത്രി | ✓ | | 2 | 4 |
| | | | | 44 |

### പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡ് തിരിച്ച് സ്ഥിതിവിശേഷവും

| വാർഡ് | സ്ഥാപനങ്ങൾ | | കാണപ്പെടുന്ന പ്രധാന രോഗങ്ങൾ | പ്രവർത്തനത്തെ കുറിച്ചുള്ളവിലയിരുത്തൽ | മെച്ചപ്പെടുത്തവാനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| | പൊതു സ്ഥാപനങ്ങൾ | സ്വകാര്യ സ്ഥാപനങ്ങൾ | | | |
| 1 | | | പനി, വയറിളക്കം, ഛർദ്ദിൽ | | പ്രൈമറി ഹെൽത്ത് സെന്റർ സ്ഥാപിക്കുക |
| 2 | ഒന്ന് | | വയറിളക്കം പനി, പ്രമേഹം ഹൃദ് രോഗം | പ്രവർത്തനം നല്ലരീതിയിൽ നടക്കുന്നുണ്ട് ന്നുണ്ട് | ഗവ ഹോമിയോ ഡിസ്പെൻസറിയെ 18 കിടക്കയുള്ളഒരു ആശുപത്രിയായി ഉയർത്തണം. സ്വന്തമായ സ്ഥലവും കെട്ടിടവും അനുവദിക്കണം. |
| 3 | | | വയറിളക്കം ഛർദ്ദിൽ | | പ്രൈമറി ഹെൽത്ത്സെന്റർ സ്ഥാപിക്കണം. പ്രതിരോധകുത്തി |

| | | | | | |
|---|---|---|---|---|---|
| | | | | | വെയ്പ് നടത്തണം. കുട്ടികൾക്ക് പോഷകാഹാരം നൽകണം. |
| 4 | ഒന്ന് | ഒന്ന് | ചുമ, പനി, വയറിളക്കം, പ്രമേഹം, ഹൃദ് രോഗം | പി.എച്ച്.സി.യുടെപ്രവർത്തനം മെച്ചപ്പെന്നില്ല. ആവശ്യമായ മരുന്നുകൾലഭിക്കുന്നില്ല. സ്ഥിരമായി ഡോക്ടറുടെസേവനം ലഭിക്കുന്നില്ല. | 25 കിടക്കകളുള്ള ആശുപത്രിയായി വികസിപ്പിക്കണം. ഡോക്ടർമാരുടെ മുഴുവൻ സമയ സേവനം ലഭ്യമാക്കണം. സ്പെഷ്യലിസ്റ്റുകളെ നിയമിക്കണം. |
| 5 | ഒന്ന് | | ക്ഷയം, വാതം ചുമ, കുഷ്ഠം വയറിളക്കം ചൊറി | 75 മുതൽ 125 രോഗികൾ ചികിത്സക്കായി എത്തുന്നു. ആവശ്യത്തിനുമരുന്നില്ല. കിടക്ക സംവിധാനമില്ല. | 20 കിടക്കകളുള്ള ആശുപത്രിയായി വികസിപ്പിക്കണം. പ്രകൃതി ചികിത്സാകേന്ദ്രം തുടങ്ങണം. |
| 6 | ഒന്ന് | ഒന്ന് | ചൊറി, വാതം ചുമ, കരപ്പൻ ചെങ്കണ്ണ്, പനി വയറിളക്കം | രോഗികൾക്ക് അത്യാവശ്യത്തിനുള്ള ചികിത്സ സംവിധാനമില്ല | പി.എച്ച്.സി.യുടെ പ്രവർത്തനം വിപുലീകരിക്കുകയും ഊർജ്ജിതപ്പെടുത്തുകയും ചെയ്യുക. കുടുംബക്ഷേമവകുപ്പിലെ ഉദ്യോഗസ്ഥർ വീടുകളിൽ സന്ദർശിക്കുന്നില്ല. ആരോഗ്യക്ലാസ്സുകൾ അനിവാര്യമാണ്. |
| | ഇല്ല | ഇല്ല | ചൊറി, ഛർദ്ദിൽ ചെങ്കണ്ണ്, പനി | | പി.എച്ച്.സി. സെന്റർ ആവശ്യമാണ്. ആരോഗ്യക്ലാസ്സുകൾ, വീടുകൾതോറും ആരോഗ്യസർവ്വെ ഇവ നടത്തണം. |
| 8 | ഇല്ല | ഇല്ല | പനി, വയറിളക്കം, ഛർദ്ദിൽ | | പി.എച്ച്.സി. സെന്റർ തുടങ്ങണം.ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വാർഡിലെ വീടുകളിൽ സന്ദർശിക്കണം. ക്ലാസ്സുകൾ സംഘടിപ്പിക്കണം. പോഷകാഹാര പദ്ധതി നടപ്പിലാക്കണം. |
| 9 | ഒന്ന് | ഒന്ന് | പയോറിയ, പിത്തം, പനി ദന്തരോഗം | വാർഡിലെ ജനങ്ങൾക്ക് പ്രയോജനം ചെയ്യുന്ന രീതിയുള്ള പ്രയോജനം ചെയ്യുന്നരീതിയുള്ള പ്രവർത്തനമില്ല. | പി.എച്ച്.സി. സെന്റർ അനുവദിക്കണം. ഉദ്യോഗസ്ഥന്മാർ വീടുകളിൽ സന്ദർശിക്കണം. ആരോഗ്യക്ലാസ്സുകൾ സംഘടിപ്പിക്കണം. കുട്ടികൾക്ക് പോഷകാഹാരം നൽകണം |
| 10 | ഇല്ല | മൂന്ന് | പനി, ദന്തരോഗം, വയറിളക്കം | നല്ലരീതിയിലുള്ള ചികിത്സ കിട്ടുന്നില്ല. | പി.എച്ച്.സി. ഉദ്യോഗസ്ഥർ വീടുകളിൽ സന്ദർശിക്കുന്നില്ല. കിണറുകളിൽ ബ്ലീച്ചിംഗ് പൗഡർ ഇടുന്നില്ല. ആരോഗ്യസർവ്വേ നടത്തണം വീടുകളിൽ രോഗസർവ്വെ നടത്തി മരുന്നുകൾ വിതരണം ചെയ്യണം |
| 11 | ഇല്ല | ഇല്ല | മന്ത്, ചെങ്കണ്ണ് ദന്തരോഗം, വയറിളക്കം പ്രമേഹം, ഹൃദ് രോഗം | | പി.എച്ച്.സി. സെന്റർ സ്ഥാപിക്കണം. ആരോഗ്യക്ലാസ്സുകൾ സംഘടിപ്പിക്കണം. മാതൃശിശുസംരക്ഷണകേന്ദ്രം തുടങ്ങണം. |
| 12 | | ഒന്ന് | വാതം, പിത്തം പനി, വയറിളക്കം | അത്യാവശ്യ ചികിത്സ ലഭ്യമാകുന്നില്ല. | പ്രാഥമിക ആരോഗ്യകേന്ദ്രം തുടങ്ങണം. പ്രതിരോധകുത്തിവെയ്പ് നടത്തണം. |
| 13 | ഇല്ല | ഒന്ന് | വാതം, പിത്തം ചുമ, പനി വയറിളക്കം | രോഗികൾക്ക് നല്ല ചികിത്സ കിട്ടുന്നില്ല. | പി.എച്ച്.സി. സെന്റർ തുടങ്ങണം. പ്രതിരോധകുത്തിവെയ്പ് ആവശ്യമാണ്. പോഷകാഹാരം വിതരണം നടത്തണം. ആരോഗ്യക്ലാസ്സുകൾ നടത്തണം. |

## കക്കൂസ്

പരിസര ശുചിത്വം പാലിക്കുവാൻ വേണ്ട ഒന്നാണ് കക്കൂസ്. പഞ്ചായത്തിന്റെ ഉൾഭാഗത്തേയ്ക്കു പോകുമ്പോൾ കക്കൂസിന്റെ അഭാവം വളരെ കൂടുതലാണ്. മിക്കവാറും എല്ലാ ഗ്രാമസഭകളിലെയും ചർച്ചകളിൽ പ്രധാനമായും ഉയർന്നുവന്നത് ക്കൂസിനെ കുറിച്ചായിരുന്നു. സാമ്പത്തിക പരാധീനതയാണ് മിക്കവാറും ജനങ്ങൾക്ക് കക്കൂസ് ഇല്ലാത്തതിനു കാരണം. അതുപോലെ തന്നെ കോളനികളിൽ


താമസിക്കുന്നവർക്ക് സ്ഥല പരിമിതിയും വേണ്ടത്ര ബോധവൽക്കരണവും ഇല്ലാത്തതുമാണ് കക്കൂസ് നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്നത്. കക്കൂസ് നിർമ്മാണ രംഗത്ത് ഒരു വൻ വിപ്ലവം ഉണ്ടാക്കുന്നതിന് കർമ്മപരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്. സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങൾ സന്നദ്ധ സംഘടനകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ വിഭവസമാഹരണം നടത്തിയാലെ ഇതിനൊരു പരിഹാരം കാണാൻ കഴിയൂ. ഈ രംഗത്ത് ശക്തമായ ബോധവൽക്കരണം ഇക്കാര്യത്തിൽ വേണം. ഉപയോഗശൂന്യമായ കക്കൂസുകളൾ പുനർ നിർമ്മിച്ച് ഉപയോഗ യോഗ്യമാക്കേണ്ടതാണ്.

## പരിസര ശുചിത്വം

· പഞ്ചായത്തിന്റെ പല ഭാഗങ്ങളിൽനിന്നും ശുചീകരണ പ്രവർത്തനങ്ങളുടെ അഭാവത്തെക്കുറിച്ചുള്ള പരാതികൾ ഗ്രാമസഭകളിൽ ഉയർന്ന് വന്നിട്ടുണ്ട്. ഗ്രാമസഭകളിൽ പ്രധാനമായും ഉയർന്നുവന്നത് കക്കൂസിന്റെ അഭാവം മൂലമുണ്ടാകുന്ന പരിസര പ്രശ്നങ്ങളാണ്. 4-ാം വാർഡിൽ ലൈസൻസില്ലാതെ അനധികൃതമായി ഇറച്ചിവെട്ടുകയും അതിന്റെ അവശിഷ്ടങ്ങൾ റോഡുകളിൽ ഇടുകയും ചെയ്യുന്നതുമൂലം ജനങ്ങൾക്ക് ഒരുപാട് ബുദ്ധിമുട്ടുണ്ടാകുന്നു. സമീപപ്രദേശങ്ങളിലെ കിണറുകൾ മലിനമാകുന്നു. 6-ാം വാർഡിൽ ചപ്പുചവറുകൾ റോഡരികിൽ കുന്നുകൂടുന്നതു മൂലം കൊതുക് ധാരാളമായി വർദ്ധിക്കാൻ ഇടയാകുന്നു. 13-ാം വാർഡിൽ വൃത്തികേടായി കിടക്കുന്ന ഓടയാണ് അവിടത്തെ പ്രധാന പരിസ്ഥിതി പ്രശ്നം. 10-ാം വാർഡിൽ സ്ഥിതിചെയ്യുന്ന പഞ്ചായത്ത് ആഫീസിന്റെ പുറകുവശത്തും, മാർക്കറ്റ് പ്രദേശവും ചപ്പുചവറുകളാൽ കുന്നുകൂടി കിടക്കുകയാണ്. മാർക്കറ്റിലെ അവശിഷ്ടങ്ങൾ വേണ്ടത്ര വിധത്തിൽ ഇടുന്നതിന് വേണ്ട സൗകര്യങ്ങളില്ല.

വർഷകാലത്തുണ്ടാകുന്ന പല പകർച്ചവ്യാധികൾക്കും കാരണം ഫലപ്രദമായ ആരോഗ്യപ്രവർത്തനങ്ങളുടെ അഭാവമാണ്. കിണറുകളിൽ ക്ലോറിനേഷൻ, കൊതുക് നശീകരണം, ചപ്പ്ചവറുകൾ നീക്കം ചെയ്യേണ്ടതും, ഇത് കമ്പോസ്റ്റായി മാറ്റുന്നതിനുള്ള സംവിധാനം എല്ലാ വാർഡുകളിലും ഉണ്ടാക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. അതിനായി പഞ്ചായത്തിലെ ജനത്തിരക്കേറിയ സ്ഥലങ്ങളിൽ മാലിന്യങ്ങളും ചപ്പുചവറുകളും ഇടുന്നതിനുള്ള വീപ്പകൾ സ്ഥാപിക്കണം. ഒപ്പം തന്നെ അവ യഥാസമയം നീക്കംചെയ്യാനുള്ള സംവിധാനവും നടപ്പിൽ വരുത്തേണ്ടതാണ്. പഞ്ചായത്തിലെ മുഴുവൻ വീടുകളിലും, കോളനി പ്രദേശങ്ങളിലും, കമ്പോസ്റ്റ് കുഴികൾ നിർമ്മിച്ച് കൃഷിക്കാവശ്യമായ രീതിയിൽ പ്രയോജനപ്പെടുത്തക്കവിധം ജനങ്ങളിൽ ബോധവത്കരണം നടത്തേണ്ടതാണ്.

# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്




പഞ്ചായത്തിൽ ചെറുതും വലുതുമായ ധാരാളം റോഡുകൾ നിലവിലുണ്ട്. എങ്കിലും എല്ലാവർക്കും പ്രയോജനപ്പെടുന്ന രീതിയിൽ ഒരു റോഡ് എന്നത് അത്യാവശ്യമായ ഘടകമാണ്. നാഷണൽ ഹൈവേ കടന്നുപോകുന്ന പഞ്ചായത്താണിത്. പഞ്ചായത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ വടക്കുഭാഗത്തുകൂടെ കൊറ്റാമം, ഉദിയൻകുളങ്ങര, അമരവിള വരെ – 4 കിലോമീറ്റർ ദേശീയപാത (എൻ.എച്ച്. 47) കടന്നുപോകുന്നു. പഞ്ചായത്തിന്റെ വളരെയടുത്തു കൂടിയാണ് കന്യാകുമാരി-തിരുവനന്തപുരം തീവണ്ടിപ്പാതയുള്ളത്.

പഞ്ചായത്തിൽ വാഹനഗതാഗത യോഗ്യമായ റോഡിന്റെ നീളം 75 കിലോമീറ്ററാണ്. പഞ്ചായത്തിൽ ആകെ ടാർ ചെയ്ത റോഡി 42 കിലോമീറ്റർ ആണ്. പഞ്ചായത്തിൽ ടാർ ചെയ്ത എല്ലാ റോഡിലും ബസ്യാത്രയുള്ള റൂട്ടാണ്. ഈ റോഡുകളിൽ 8 എണ്ണം പി.ഡബ്ല്യൂ.ഡി.യുടെതും 3 എണ്ണം പഞ്ചായത്തിന്റേതുമാണ്. ഈ പഞ്ചായത്തിൽ യാത്രാക്ലേശം അതിരൂക്ഷമാണ്. പാറശ്ശാല നെയ്യാറ്റിൻകര എന്നീ ഡിപ്പോകളിലെ ബസ്സുകളാണ് ഈ വഴി ഓടുന്നത്. ഇതിനുപുറമേ സ്വകാര്യ ട്രക്കുകളും, ടെമ്പോകളും ടെമ്പോകളും യാത്രാക്ലേശത്തെ ഒരു പരിധിവരെ കുറക്കുന്നു. പഞ്ചായത്തിലെ റോഡുകളുടെ അവസ്ഥ അത്ര മെച്ചമല്ല. മഴക്കാലങ്ങളിലാണ് കൂടുതൽ പ്രശ്നം അനുഭവപ്പെടുന്നത്. റോഡിന്റെ വശങ്ങളിൽ ഓവുചാലുകൾ, കലുങ്കുകൾ എന്നിവ ഇല്ലാത്തതും, ഉള്ളവ ഫലപ്രദമല്ലാത്തതുമാണ് ഇതിന് പ്രധാന കാരണം.

## പഞ്ചായത്തിലെ റോഡുകൾ

| നമ്പർ | Metalled Roads | വാർഡ് | നീളം | വീതി |
|---|---|---|---|---|
| 1. | ചെങ്കൽ-ആവണിക്കിൻ വിള റോഡ് | IV, VI, VII | 2 km | 6 m |
| 2. | തിനവിള അമരവിള മുനിസിപ്പൽ ലിമിറ്റഡ് റോഡ് | II | 21km | 6 m |
| 3. | വട്ടവിള കുന്നൻവിള റോഡ് | I, V | 2 km | 6 m |
| 4. | വട്ടവിള തൃക്കണ്ണാപുരം റോഡ് | I | 1.50 km | 6 m |
| 5. | മര്യാപുരം കോടങ്കര റോഡ് | V | 2.50 km | 6 m |
| 6. | ഉദിയൻ കുളങ്ങര കൊറ്റാമം റോഡ് | XI | 1.50 km | 6 m |
| 7. | കല്ലുവിള കാഞ്ഞിരം മൂട്ടുകടവ് റോഡ് | VI | 1.50 km | 6 m |
| 8. | കോടങ്കര പന്നറയ്ക്കൽ റോഡ് | V, IV | 1.5 km | 6 m |
| 9. | കുടുംബോട്ടുകോണം റോഡ് | I | 2 km | 6 m |
| 10. | കോടങ്കര ആമ്പക്കുഴി റോഡ് | V | 1km | 6 m |
| 11. | കോടങ്കര ഊർക്കുളം റോഡ് | VIII | 1 km | 6 m |
| 12. | നീരാഴി വെട്ടിവിള റോഡ് | VI | 2 km | 6 m |
| 13. | കുറിച്ചിവിള റോഡ് | IV | 500 m | 6 m |
| 14. | ഉദിയൻ കുളങ്ങര അഴകിക്കോണം റോഡ് | X | 3 km | 6 m |
| 15. | അഞ്ചാലിക്കോണം പുതുക്കുളം റോഡ് | XII | 2.5 km | 6 m |
| 16. | കുന്നൻവിള ഏലാ റോഡ് | V | 1.5 km | 6 m |
| | | ആകെ | 27 Km | |

| | Tarred Roads | | | |
|---|---|---|---|---|
| 1. | മര്യാപുരം കോടങ്കര റോഡ് | V | 2 km | 6 m |
| 2. | വലിയകുളം ഇലവഞ്ചാമൂല റോഡ് | VI | 1km | 6 m |
| 3. | തിനവിള മുനിസിപ്പൽ ലിമിറ്റഡ് റോഡ് | II | 1km | 6 m |
| | | ആകെ | 4 Km | |

| | Gravelled Roads | | | |
|---|---|---|---|---|
| 1. | വിളത്താങ്കര ആവണിക്കിൻ വിള റോഡ് | VI, VII | 2 km | 6 m |
| 2. | വട്ടവിള പിരായുംമൂട് റോഡ് | I, II | 2.75 km | 6 m |
| | | ആകെ | 4.75 Km | |

| | Earthern Roads | | | |
|---|---|---|---|---|
| 1. | പുഴിക്കുന്ന് നെടുമൺകുളം റോഡ് | VII | 3 km | 6 m |
| 2. | ചെങ്കൽ നൊച്ചിയൂർ ഏലാ റോഡ് | IV | 2.5 km | 4m |
| 3. | പുഴിക്കുന്ന് എറിച്ചിങ്ങൽ റോഡ് | VIII | 2.5 km | |
| 4. | ആശ്രമം ആറയൂർ ഏലാ റോഡ് | IX | 2 km | |
| 5. | വാത്തുവിള ഉദിയൻ കുളങ്ങര ഏലാ റോഡ് | X | 3 km | |
| 6. | ആമരത്തിടവഴി | III | 2.5km | |
| 7. | മര്യാപുരം കൊച്ചക്കുളം കരിക്കാംവിള റോഡ് | V | 3 km | |
| 8. | മാച്ചിയോട് കീഴമ്മാകം റോഡ് | VII | 2.5 km | |
| 10. | പൊൻവിള വാത്തുക്കുഴി റോഡ് | VIII | 2.5 km | |
| 11. | കുഴിച്ചാണി റോഡ് | XIII | 1.5 km | |
| 12. | തിനവിള കാരിയോട് റോഡ് | II | 2.5 km | |
| 13. | പുല്ലിയോട് നൊച്ചിയൂർ റോഡ് | III | 2.5 km | |
| 14. | കുറ്റാമം ഭഗവതി ക്ഷേത്രം | IV | 2.5 km | |
| 15. | കുറിച്ചിവിള റോഡ് | XI | 2.5 km | |
| 16. | ചെങ്കൽ എലവഞ്ചാമൂല റോഡ് | IV | 1 km | |
| 17. | വട്ടവിള കാരൻതേരി റോഡ് | VI | 2 km | |
| 18. | ചെമ്മണ്ണുവിള എരുമത്തൂർ റോഡ് | IV | 2 km | |
| 19. | പരിയൻ ഊർക്കുളം റോഡ് | VIII | 2 km | |
| 20. | കുരിമ്പൽ കുഴിച്ചാണി റോഡ് | II | 1.5 km | 5m |
| 21. | ഇൗന്തിക്കാല റോഡ് | XII | 1.5 km | 6 m |
| 22. | പുഴിക്കുന്ന് നെടുംകുളംറോഡ് | VII | 1 km | 5 m |
| 23. | ആറയൂർ കുംഭംവിള റോഡ് | XI | 1 km | 4 m |
| 24. | ചെങ്കൽ നൊച്ചിയൂർ ഏലാ റോഡ് | IV | 1 km | 5 m |
| 25. | പുഴിക്കുന്ന് എറിച്ചിങ്ങൽ റോഡ് | VIII | 2 km | 6 m |
| 26. | ആശ്രമം ആറയൂർ ഏലാ റോഡ് | IX | 1 km | 5 m |
| 27. | വാഴ്ത്തിവിള ഉദിയൻകുളങ്ങര റോഡ് | X | 1.5 km | 5 m |
| 28. | ഉദിയൻകുളങ്ങര അഴകിക്കോണം റോഡ് | X | 1.5 km | 5 m |
| 29. | അരമനത്തു റോഡ് | III | 2 km | 6 m |
| 30. | തിനവിള ശാസ്താംകോവിൽ റോഡ് | III | 1.5 km | 5 m |
| 31. | വട്ടവിള സാൽവേഷൻ ആർമി ചർച്ച് മുതൽ കന്യോട്ടുകോണം റോഡ് | I | 1 km | 5 m |
| 32. | വട്ടവിള ഏലാ റോഡ് | I | 1 km | 5 m |
| 33. | ഉദിയൻകുളങ്ങര കൊറ്റാമം Old NH Road | X | 1 km | 5 m |
| 34. | ചെമ്മണ്ണുവിള വലിയകുളം റോഡ് | IV | 2 km | 5 m |
| 35. | പ്ലാവിള മേല കടകുളം റോഡ് | III | 2 km | 5 m |
| 36. | വിളത്താങ്കര കിഴയാംമൂല റോഡ് | VI | 1.5 km | 5 m |
| 37. | ഐവിള പുലിവിള റോഡ് | VI | 1 km | 6 m |
| 38. | ചാവുകാൽ റോഡ് | VI | 1 km | 5 m |
| 39. | എറിച്ചിങ്ങൽ കണ്ണംപള്ളി റോഡ് | VII | 1 km | 5 m |
| 40. | ഇൗഴക്കോണം തൃക്കണ്ണാപുരം റോഡ് | I | 1.5 km | 4 m |
| 41. | തൃക്കണ്ണാപുരം റോഡ് | I | 2 km | 5 m |
| 42. | പൊൻവിള ഇരുമ്പൺവിള റോഡ് | XII | 1 km | 5 m |
| 43. | മര്യാപുരം വെങ്കടമ്പ് റോഡ് | VIII | 1.5 km | 5 m |
| 44. | കൊച്ചോട്ടുകോണം മുള്ളംകുളം റോഡ് | V | 1.5 km | 5 m |
| 45. | അസംബ്ലീസ് ഓഫ് ഗോഡ് ചർച്ച് റോഡ് | I | 1 km | 4 m |
| 46. | പ്ലാമൂട്ടുകട കൃഷ്ണൻകോവിൽ റോഡ് | VIII | 1 km | 4 m |
| 47. | എറിച്ചിങ്ങൽ കണ്ണംപള്ളി റോഡ് | VII | 1 km | 4 m |
| 48. | കാഞ്ഞിരംമൂട്ടു കമ്പറയ്ക്കൽ റോഡ് | VII | 800 km | 3 m |
| 49. | കുറുണികുളം പാതിരിശ്ശേരി കടവ് റോഡ് | III | 1.2 km | 3.5 m |
| 50. | പൊന്നംകോട് കീഴമ്മാകം റോഡ് | VII | 1 km | 3 m |
| 51. | പൊറ്റയിൽ കോണത്തു റോഡ് | III | 1 km | 3.5 m |
| 52. | പുലിക്കുഴി പനവിള റോഡ് | VII | 1.2 km | 4 m |
| 53. | നൊച്ചിയൂർ ശാസ്താംകോവിൽ റോഡ് | III | 1 km | 3 m |
| 54. | ആറയൂർ അനന്തലവിളാകം റോഡ് | XI | 1 km | 4 m |
| 55. | സി.വി.ആർ. പുരം മാവുകുളം റോഡ് | XI | 1 km | 4 m |
| 56. | മര്യാപുരം കരയ്ക്കാട് പുതുവൽ റോഡ് | V | 2 km | 4 m |
| 57. | കൊച്ചോട്ടുകോണം വാവുപൊറ്റ റോഡ് | V | 4 km | 3.10 m |
| 58. | കുന്നംവിള പെരുഞ്ചാറ റോഡ് | V | 2 km | 4 m |
| 59. | കോണത്തു കുഴച്ചാണി റോഡ് | II | 800 km | 3 m |
| 60. | ആമ്പക്കുഴി ഏലാ റോഡ് | V | 1.5 km | 4 m |
| 61. | കോടങ്കര വലിയകുളം റോഡ് | IV | 1.2 km | 5 m |
| 62. | മര്യാപുരം ശാസ്താംകോവിൽ പുല്ലിയറ പൊറ്റ റോഡ് | V | 4 km | 6 m |
| | | ആകെ | 103 km | |

| | | | | |
|---|---|---|---|---|
| 1. | തൊഴിൽകര തച്ചൻവിളാകം റോഡ് | IX | 2 km | 4 m |
| 2. | തച്ചൻവിളാകം മുരിപ്പുവിള വലിയതോട് ബണ്ട് റോഡ് | IX | 1.5 km | 6 m |
| 3. | പ്ലാങ്കാല മുതൽ ത്രിവിക്രമംഗലം റോഡ് | IV | | |
| 4. | കുന്നനാംവിള മുറിയൻമൂഖം റോഡ് (സഹദേവൻ സ്മാരക റോഡ്) | VI | 1 km | 3 m |
| 5. | ആശാരികുളം മുതൽ മണ്ണംകുളം റോഡ് | I | 2 km | 3 m |
| 6. | ആറാട്ടുകടവ് വലിയതോടും കരിച്ചൂർറോഡ് | VII | 1 km | 3 m |
| | | ആകെ | 75 km | |

## ടാർ ചെയ്യേണ്ട റോഡുകൾ

| വാർഡ് | | റോഡിന്റെ പേര് | ടാർ ചെയ്യേണ്ട ദൂരം |
|---|---|---|---|
| I | 1. | ആശാരൂർകുളം – അഴകിക്കോണം | |
| | 2. | ആശാരൂർകുളം – ഈഴക്കോണം | |
| | 3. | ഈഴക്കോണം – താഴംവിള കുടുംമ്പോട്ടുകോണം ഏലാ റോഡ് | |
| | 4. | തൃക്കണ്ണാപുരം – മേഴിയറത്തല ചുടുകാട് (മുൻസിപ്പൽ അതിർത്തിവരെ) | |
| | 5. | ഈഴക്കോണം – പൊട്ടൻവിള തൃക്കണ്ണാപുരം റോഡ് | |
| | 6. | ഈഴക്കോണം – മാരായിക്കോണം റോഡ് | |
| | 7. | വട്ടവിള – ഈഴക്കോണം ഏലാ റോഡ് | |
| II | 1. | കുരുമ്പൽ – കുഴിച്ചാണി കണ്ടൽ റോഡ് | |
| | 2. | കുരുമ്പൽ – മുക്കുതറ കുന്നത്തലയ്ക്കൽ കണ്ടൽ റോഡ് | |
| | 3. | കുഴിച്ചാണി – കുട്ടനാടി കണ്ടൽ റോഡ് | |
| | 4. | ശാസ്താംകോവിൽ – അലത്തറയ്ക്കൽ റോഡ് | |
| | 5. | വെട്ടുവിള റോഡ് | |
| | 6. | ശാസ്താംകോവിൽ റോഡ് | |
| | 7. | വട്ടവിള – പിരായിമൂട് റോഡ് | |
| | 8. | കാട്ടിലുവിള – ടൈൽ ഫാക്ടറി റോഡ് | |
| III | 1. | കാട്ടിലുവിള മുതൽ നൊച്ചിയൂർ ഏലാ റോഡ് | |
| | 2. | കുറുണിക്കുളം മുതൽ പാതിരിശ്ശേരി റോഡ് | |
| | 3. | കടക്കുളം മുതൽ പ്ലാവിലമൂല റോഡ് | |
| | 4. | പ്ലാവിലമൂല മുതൽ കറവക്കുഴി റോഡ് | |
| | 5. | പൊറ്റയിൽ റോഡ് | |
| | 6. | കുരുമ്പയിൽനിന്നും കാട്ടിലുവിള വഴി പിരായുംമൂട് കിടക്കുന്നറോഡ് റീ ടാർ ചെയ്യുക | |
| IV | 1. | അലത്തറയ്ക്കൽ റോഡ് മുതൽ ആമരത്തുവിള റോഡ് | |
| | 2. | കുറിച്ചിവിള മുതൽ വലിയകുളം റോഡ് | |
| | 3. | എൽ.പി.ജി.എസ്. മുതൽ വലിയകുളം റോഡ് | |
| | 4. | നീരാഴി വെട്ടുവിള – കുറുണിക്കുളം | |
| | 5. | വട്ടവിള ലക്ഷംവീട് കോളനി റോഡ് | |
| V | 1. | മര്യാപുരം കോടങ്കര റോഡ് റീ ടാർ ചെയ്യണം | |
| | 2. | കൊച്ചോട്ടുകോണം – വരവുപൊറ്റ റോഡ് | |
| | 3. | കോച്ചക്കോണം – മുള്ളംകുളം റോഡ് | |
| | 4. | മര്യാപുരം – പുളിയാറപൊറ്റ റോഡ് | |
| | 5. | മര്യാപുരം – ശാസ്താംകോവിൽ റോഡ് | |
| | 6. | കൊച്ചോട്ടുകോണം – മേക്കെത്തട്ട് റോഡ് | |
| | 7. | മര്യാപുരം – കോച്ചക്കുളം റോഡ് | |
| | 8. | കുന്നൻവിള – മുള്ളംകുളം റോഡ് | |
| VI | 1. | കുന്നുവിള – കാഞ്ഞിരമൂട്ടുകടവ് റോഡ് | |
| | 2. | കുന്നുവിള ആവണക്കിൻവിള – എം.എൽ.എ. റോഡ് | |
| | 3. | കാഞ്ഞിരംമൂട്ട്കടവ് – പുലിവിള റോഡ് | |
| | 4. | വ്ളാത്താങ്കര – പൂവക്കുടി വഴി എം.എൽ.എ. റോഡ് | |
| | 5. | കന്നനാംവിള മുതൽ കുന്നുംപുറം വരെയുള്ള റോഡ് | |
| | 6. | കുറുണിക്കുളത്തിന്റെ കരയിൽനിന്നും പോകുന്ന റോഡ് | |
| | 7. | നീരാഴി വെട്ടുവിള – കടംമ്പറയ്ക്കൽ – കാഞ്ഞിരംമൂട്ട് കടവ് റോഡ് | |
| VII | 1. | പൂഴിക്കുന്ന് – കോടങ്കര റോഡ് | |
| | 2. | പൂഴിക്കുന്ന് – നെടുമൺകുളം റോഡ് | |
| | 3. | എരിച്ചിങ്ങൽ പൊന്നുംവിളാകം വഴി കണ്ണംപള്ളി റോഡ് | |
| | 4. | പുലിക്കുഴി പനവിള – മുട്ടവിള പ്ലാങ്കാല റോഡ് | |
| | 5. | പൊന്നംകുളം മഠത്തിവിളാകം പള്ളിമംഗലം മുട്ടവിള റോഡ് | |
| VIII | 1. | പൂഴിക്കുന്ന് വെഞ്ചക്കാവ് മര്യാപുരം റോഡ് | |
| | 2. | പുതുവൽകരയ്ക്കാട് ഹരിശ്ചന്ദ്ര നഗർ റോഡ് | |
| | 3. | മണികെട്ടിമാവിള – പോരന്നൂർ ഏലാ റോഡ് | |
| | 4. | തോട്ടിൻകര – വയ്ക്കാൽ വരമ്പ് റോഡ് | |
| | 5. | കോടങ്കര – മേലേമ്മാകം ഏലാ റോഡ് | |
| | 6. | കോടങ്കര ചാവടി റോഡ് മുതൽ പെരുന്തറക്കുളം വഴി പൂഴിക്കുന്ന് റോഡ് | |
| | 7. | കോടങ്കര – വലിയകുളം റോഡ് | |
| | 8. | കോടങ്കര മേലമ്മാകം ഏലാവഴി വെഞ്ചക്കുളം റോഡ് | |
| IX | 1. | മാർത്തോമാ ചർച്ചിനു പടിഞ്ഞാറുള്ള തച്ചംവിളാകം റോഡ് | |
| | 2. | മഠത്തിക്കുളം – പെരിങ്കുളം റോഡ് | |

| വാർഡ് | | റോഡിന്റെ പേര് | ടാർ ചെയ്യേണ്ട ദൂരം |
|---|---|---|---|
| | 3. | തോട്ടിൻകര - വെഞ്ചക്കാവ് റോഡ് | |
| | 4. | അഭേദാശ്രമം പൊറ്റവിള റോഡ് | |
| | 5. | പെരുകുളം മേലെതിൽ വഴി കൊച്ചോട്ടുകോണത്ത് ചേരുന്ന റോഡ് | |
| | 6. | മഠത്തിക്കുളം മുതൽ തോട്ടിൻകര വരെയുള്ള റോഡ് | |
| X | 1. | ഉദിയൻകുളങ്ങര പൂർണ്ണ തിയേറ്ററിനു മുൻവശത്തുനിന്നുമുള്ള കൊറ്റാമം റോഡ് | |
| | 2. | മേലെത്തെരുവ് മുത്തുമാരിയമ്മൻ ക്ഷേത്രത്തിന് പുറകുവശത്തുള്ള റോഡ് | |
| | 3. | കൊച്ചോട്ടുകോണം എൽ.പി. സ്കൂളിന് തൊട്ടടുത്തു കിടക്കുന്ന റോഡ് | |
| | 4. | വിശ്വഭാരതി റോഡ് | |

| വാർഡ് | | റോഡിന്റെ പേര് | ടാർ ചെയ്യേണ്ട ദൂരം |
|---|---|---|---|
| | 5. | ഉദിയൻകുളങ്ങര അഴകിക്കോണം ക്ഷേത്ര റോഡ് | |
| XI | 1. | ആറയൂർ പോസ്റ്റാഫീസ് കുംഭംവിള റോഡ് | |
| | 2. | ആറയൂർ പള്ളി മച്ചിങ്ങവിളാകം പട്ടാരുവിള പുതുക്കുളം റോഡ് | |
| | 3. | ഇലഞ്ഞിക്കുളം ആശ്രമം റോഡ് | |
| | 4. | കൊറ്റാമം ഉദിയൻകുളങ്ങര റോഡ് | |
| | 5. | പള്ളംവിള റോഡ് | |
| | 6. | ആറയൂർ അറത്തലവിളാകം റോഡ് | |
| XII | 1. | വാണിയൻകാല പൊറ്റയിൽകട റോഡ് | |
| | 2. | പുതുക്കുളത്തിൽനിന്നും പട്ടാരവിള പ്രദേശത്തേയ്ക്കുള്ള റോഡ് | |
| XIII | 1. | പൊൻവിള ഇരമൻചിറ റോഡ് | |

## പുതിയതായി നിർദ്ദേശിക്കേണ്ട റോഡുകൾ

രണ്ടാം വാർഡിൽ അലത്തറയ്ക്കൽ മഠത്തുവിള കുഴിമൺകടവ് റോഡ്, താമരവിള - എക്കല്ലൂർകോണം കുഴിച്ചാണി റോഡ്, പ്ലാഞ്ചേരി മഠത്തുവിള കുഴിമൺകടവു വരെയുള്ള റോഡ്.

മൂന്നാം വാർഡിൽ കാരിയോട് തേമ്പിളിമൂട് - നെടുകുളം, കാട്ടിലുവിള മുതൽ കുരുമ്പൽ വഴി വാറുവിള, തേമ്പിളിമൂട് - കുറുവണിക്കുളം വരെ.

നാലാം വാർഡിൽ കുന്നൻവിള - പനവിളറോഡ്, കുന്നൻവിള-പനവിള-കുറ്റാമത്ത് ഭഗവതിക്ഷേത്രനട റോഡ്.

അഞ്ചാം വാർഡിൽ കൊച്ചോട്ടുകോണം വേങ്കവിള നടപ്പാത, കരിക്കിൻവിള - കോച്ചക്കുളം റോഡ് മര്യാപുരം ശാസ്താംകോവിൽ റോഡുമായി ബന്ധിപ്പിക്കണം. കുന്നൻവിള-മുള്ളംകുളം റോഡ്, കുന്നൻവിള - പെരുച്ചോറകുളം റോഡ്.

ആറാം വാർഡിൽ നീരാഴി വെട്ടുവിളയിൽനിന്നും കടമ്പറയ്ക്ക വഴി കാഞ്ഞിരംമൂട്ടുകടവ് സോണി മേച്ച് ഫാക്ടറിയുടെ തെക്കുവശത്തുകൂടി ഒരു നടപ്പാത ആവശ്യമാണ്.

ഏഴാം വാർഡിൽ എരിച്ചിങ്ങൽ കൊല്ലംവിളാകം വഴി കണ്ണംപള്ളി റോഡ് രാജരാജേശ്വരി ക്ഷേത്രം വരെ നീട്ടി ഗതാഗതയോഗ്യമാക്കുക. പൂഴിക്കുന്ന് വ്ളാത്താങ്കര റോഡിൽ നിന്നും പൊന്നങ്കോട് മഠത്തുവിളാകം പഞ്ചിമംഗലം മുട്ടവിള വഴി കുന്നുംപുറം റോഡുമായി ബന്ധിപ്പിക്കുക.

എട്ടാം വാർഡിൽ കോടങ്കര റോഡിൽ നിന്നും തുടങ്ങുന്ന മേലമ്മാകം ഏലാ റോഡ് ഏലയുടെ നടവരമ്പു വഴി വെഞ്ചാംകുളം റോഡുമായി യോജിപ്പിക്കണം. ചാവടിറോഡ് (കോടങ്കര) പൂഴിക്കുന്ന് പെരുംതറകുളം വഴി എത്തിക്കണം. പോരന്നൂർ ശ്രീകൃഷ്ണസ്വാമി ക്ഷേത്രറോഡ് വയ്ക്കാൽ വരമ്പ് റോഡുമായി യോജിപ്പിക്കണം.

പത്താം വാർഡിൽ മേലെ തെരുവ് ശ്രീ. മുത്തുമാരിയമ്മൻ ക്ഷേത്രത്തിൽനിന്നും താഴോട്ട് എൻ.എച്ച്. റോഡിലേക്കുള്ള നടപ്പാത ശരിയാക്കണം.

പന്ത്രണ്ടാം വാർഡിൽ മണലുവിള ക്ലാവറയ്ക്കൽ വഴി - മൂന്നാം പൊറ്റയിലേക്കുള്ള റോഡ് തെളിയിക്കുക. മണലുവിള മുതൽ ചാനലിന്റെ കര വഴിയുള്ള റോഡ് ഈന്തിക്കാല വരെ വികസിപ്പിക്കണം. മണലുവിളനിന്നും കിഴക്കോട്ട് ചാനലിന്റെ കരയിലൂടെ നന്ദാനത്തുവിള വഴി കഴുത്തുമുട്ടി വരെയുള്ള റോഡ് വികസിപ്പിക്കണം.

**പഞ്ചായത്തിൽ നിലവിലുള്ള ടാർ ചെയ്ത റോഡുകളെ സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു**

**പഞ്ചായത്തിലെ റോഡുകൾ**

| നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം കി.മീ. | വീതി | ബസ്/മറ്റ് യാത്രാ സൗകര്യം |
|---|---|---|---|---|---|
| 1 | കൊറ്റാമം-അമരവിള | P.W.D. | 4 | 20 | ഉണ്ട് |
| 2 | വട്ടവിള-പിരായുംമൂട് | P.W.D. | 5 | 8 | ഉണ്ട് |
| 3 | ഉദിയൻകുളങ്ങര - വ്ളാത്താങ്കര, ആവണക്കിൻവിള | P.W.D. | 7 | 20 | ഉണ്ട് |
| 4 | പുഴിക്കുന്ന്-പൊൻവിള | P.W.D. | 4 | 8 | ഉണ്ട് |
| 5 | പ്ലാമൂട്ടുക്കട - ഉദിയൻകുളങ്ങര | P.W.D. | 5 | 8 | ഉണ്ട് |
| 6 | വാറത്തിക്കുഴി-കൊറ്റാമം | P.W.D. | 5 | 8 | ഉണ്ട് |
| 7 | കൊറ്റാമം-പൊൻവിള പുതുക്കുളം | 1 | 4 | 8 | ഉണ്ട് |
| 8 | ചെങ്കൽ-വലിയകുളം | 1 | 2 | 8 | ഉണ്ട് |
| 9 | വലിയകുളം - ഇലവങ്ങാമൂല | പഞ്ചായത്ത് | 1 | 6 | ഉണ്ട് |
| 10 | മര്യാപുരം-കോടങ്കര | " | 3 | 6 | ഉണ്ട് |
| 11 | കാട്ടിലുവിള - ടൈൽ ഫാക്ടറി | " | 2 | 6 | ഉണ്ട് |

**റെയിൽവേ ഗതാഗതം**

പഞ്ചായത്തിൽ റെയിൽവേയുമായി ബന്ധപ്പെട്ട ഒന്നും തന്നെയില്ല. എങ്കിലും ഈ പഞ്ചായത്തിലെ ഏറ്റവും അടുത്ത പ്രദേശത്താണ് ധനുവച്ചപുരം റെയിൽവേ സ്റ്റേഷൻ. തിരുവനന്തപുരം കന്യാകുമാരി റൂട്ടിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു സ്റ്റേഷനാണിത്. ഇതിന്റെ വികസനം ചെങ്കൽ പഞ്ചായത്തിലെ എല്ലാപേർക്കും ഒരുപോലെ അത്യാവശ്യം വരുന്ന ഒന്നാണ്. ഏറ്റവും കൂടുതൽ യാത്രക്കാരുള്ള ഒരു സ്റ്റേഷനാണിത്, ഇന്ന് അനുഭവിക്കുന്ന യാത്രാക്ലേശത്തിന് ഒരു പരിധി വരെ പരിഹാരമാണ്. രാവിലത്തെ രണ്ട് ട്രെയിനുകൾ ഇവിടത്തെ യാത്രക്കാരുടെ ചിരകാലാഭിലാഷമാണ്. വൈകുന്നേരത്തെ ബാംഗ്ലൂർ-നാഗർകോവിൽ ഐലന്റ് എക്സ്പ്രസ്സിന് ഒരു സ്റ്റോപ്പ് അനുവദിക്കണമെന്നത്. ഇതിനുവേണ്ടി ധാരാളം നിവേദനങ്ങൾ പലപ്പോഴായി സർക്കാറിന് നൽകിയിട്ടുണ്ട്. യാത്രക്കാർക്ക് ഒരിക്കലും കുറവുവരാത്ത ഈ സ്റ്റേഷന്റെ വികസനം മൊത്തം പ്രദേശത്തിന് ഗുണകരമായിരിക്കും.



# ഊർജ്ജം

ചെങ്കൽ പഞ്ചായത്തിൽ പല ഗ്രാമങ്ങളിലും ഇനിയും വൈദ്യുതി എത്തിയിട്ടില്ല എന്ന നഗ്ന സത്യം മറച്ചു വച്ചിട്ടു കാര്യമില്ല. വൈദ്യുതി എല്ലാ ഗ്രാമങ്ങളിലും എത്തിയതായി കേരള സർക്കാർ പ്രഖ്യാപിച്ചിട്ടു വർഷങ്ങളായി. വൈദ്യുതി എത്തിയ പ്രദേശങ്ങളിൽ ആവശ്യത്തിന് വോൾട്ടേജ് ഇല്ലാത്തതിനാൽ കുട്ടികൾക്കു പഠിക്കുവാനോ റ്റിവി., ഫാൻ മുതലായവ പ്രവർത്തിപ്പിക്കാനോ സാധിക്കുന്നില്ല. ഉപയോഗിക്കാത്ത വൈദ്യുതിക്ക് കാശുകൊടുക്കുകയും വേണം. എന്നാൽ മെഴുകു തിരിയോ, മണ്ണെണ്ണ വിളക്കോ ഇല്ലാതെ സാധിക്കാത്ത അവസ്ഥയിലാണ്. മെഴുകുതിരിയുടെ തീപിടിച്ച വിലയും, മണ്ണെണ്ണയുടെ ദൗർലഭ്യതയും കൂടിയാകുമ്പോൾ ജനങ്ങളുടെ ബുദ്ധിമുട്ടിന്റെ കാഠിന്യത ഊഹിക്കാമല്ലോ. മിക്കവാറും റേഷൻകടകളിൽ ആവശ്യത്തിനുള്ള മണ്ണെണ്ണ ലഭിക്കുന്നില്ലായെന്നുള്ള ദുഃഖ സത്യം ആരോടു പരാതിപ്പെടണമെന്നറിയാതെ പാവം ജനങ്ങൾ പകച്ചു നിൽക്കുന്നു.

നെയ്യാറ്റിൻകരയിലുള്ള 110 KVA സബ്സ്റ്റേഷനിൽ നിന്നും, പാറശ്ശാലയിലെ 66 KVA ലൈനിൽ നിന്നുമാണ് ചെങ്കൽ പഞ്ചായത്തിലേക്ക് വൈദ്യുതി ലഭിക്കുന്നത്. ഉദിയൻകുളങ്ങര ഇലക്ട്രിക്കൽ മേജർ സെക്ഷനിൽ നിന്നുമാണ് ഇവിടെ വൈദ്യുതി വിതരണം നടക്കുന്നത്. മൊത്തം 6786 ഉപഭോക്താക്കളാണ് ഈ പഞ്ചായത്തിലുള്ളത്. ഇതിൽ 6538 എണ്ണം ഗാർഹിക ഉപഭോക്താക്കളാണ്. XI-ാം വാർഡിന്റെ പകുതി ഭാഗത്ത് പാറശ്ശാലയിൽ നിന്നുമുള്ള വൈദ്യുതിയാണ് ലഭിക്കുന്നത്.

**നിലവിലുള്ള ഉപഭോക്താക്കൾ**

| ഇനം | എണ്ണം |
|---|---|
| ഗാർഹികം | 6538 |
| കമേർസ്യൽ | 140 |
| വ്യാവസായികം | 15 |
| കാർഷികം | 93 |

ലഭ്യമായ കണക്കനുസരിച്ച് 14 ട്രാൻസ്ഫോർമറുകൾ ആണ് ഉള്ളത്. ഇതിൽ ഉദിയൻകുളങ്ങര, പുഴിക്കുന്ന്, പ്ളാമൂട്ടുക്കട, വ്ളാത്താങ്കര, ചെങ്കൽ, വലിയകുളം എന്നിവിടങ്ങളിലെ ട്രാൻസ്ഫോർമറുകൾ അധികഭാരം വലിക്കുന്നവയാണ്.

പഞ്ചായത്തു പ്രദേശത്തുള്ള ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും പട്ടികപ്പെടുത്തിയിരിക്കുന്നു.

| നമ്പർ | കപ്പാസിറ്റി | പേര് |
|---|---|---|
| 1 | 160 KVA | വലിയകുളം |
| 2 | 100 KVA | വട്ടവിള |
| 3 | 160 KVA | ചെങ്കൽ |
| 4 | 160 KVA | വ്ളാത്താങ്കര |
| 5 | 160 KVA | പുഴിക്കുന്ന് |
| 6 | 160 KVA | പ്ളാമൂട്ടുകട 1 |
| 7 | 100 KVA | പ്ളാമൂട്ടുകട 2 |
| 8 | 100 KVA | ആറയൂർ |
| 9 | 160 KVA | മര്യാപുരം |
| 10 | 100 KVA | കോടങ്കര |
| 11 | 250 KVA | ഉദിയൻകുളങ്ങര |
| 12 | 100 KVA | ദേവേശ്വർ |
| 13 | 100 KVA | ഉദിയൻകുളങ്ങര |

ഈ പഞ്ചായത്ത് പ്രദേശത്ത് ആകെ 15km ദൈർഘ്യത്തിൽ 11kv ലൈനുകളും, സിംഗിൾ ഫേയ്സ് ലൈനുകളും, ത്രീ ഫേയ്സ് ലൈനുകളും ഉണ്ട്. പഞ്ചായത്തിൽ ആകെ 25 ട്യൂബ് ലൈറ്റുകളും 422 സ്ട്രീറ്റ് ലൈറ്റുകളും ഉണ്ട്.

**പഞ്ചായത്തിലെ വൈദ്യുതി പ്രതി സന്ധിക്കുള്ള പരിഹാര നിർദ്ദേശങ്ങൾ**

1. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ എല്ലാ പ്രദേശത്തും വൈദ്യുതിഎത്തിക്കുവാൻ അടിയന്തര നടപടി പഞ്ചായത്ത് അധികൃതർ സ്വീകരിക്കണം. അതോടൊപ്പം ഉദിയൻകുളങ്ങര KSEB ആഫീസ് റൂറൽ മേഖലയായി പ്രഖ്യാപിച്ച് കൂടുതൽ മെറ്റീരിയൽസ് കിട്ടുവാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.
2. വോൾട്ടേജ് കുറവ് അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ സിംഗിൾ ഫേയ്സ്, ത്രീ ഫേയ്സായി മാറ്റണം.
3. എൽ.റ്റി. ലൈനിന്റെ നീളം കുറക്കത്തക്ക വിധം ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.
4. നിർദ്ദിഷ്ട ഉദിയൻകുളങ്ങര, കൊച്ചോട്ടുകോണം, വലിയകുളം, ആവണിക്കിൻവിള, പൊൻവിള, എന്നീ സ്ഥലങ്ങളിൽ പുതുതായി ട്രാൻസ്ഫേർമറുകൾ സ്ഥാപിക്കാൻ

ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി എത്രയും വേഗം പണിതുടങ്ങുവാൻ വേണ്ട നടപടി സ്വീകരിക്കണം.

5. കോടങ്കര ജംഗ്ഷൻ, വ്ളാത്താങ്കര ജംഗ്ഷൻ, ഊന്നി ക്കാല, (ആക്കവിളാകം), ആറയൂർക്ഷേത്രത്തിന് വടക്കു ഭാഗം, കാരോട്, തൃക്കണ്ണാപുരം എന്നിവിടങ്ങളിൽ ട്രാൻസ്ഫോർമറുകൾ പുതുതായി സ്ഥാപിക്കാൻ വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കാൻ KSEB ൽ നിർദ്ദേശം കൊടുക്കു കയും ഉടൻ പ്രാവർത്തികമാക്കാൻ സമ്മർദ്ദം ചെലുത്തു കയും വേണം.

6. പാറശ്ശാല നിർദ്ദിഷ്ട 110 KVA സബ്സ്റ്റേഷന്റെ പണി എത്രയും വേഗം പൂർത്തിയാക്കാൻ ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം.

7. പാറശ്ശാലയിൽ നിന്നും ചെങ്കൽ പഞ്ചായത്തു പ്രദേശ ത്തിനായി ഒരു പുതിയ 11kv ഫീഡർ വലിക്കാൻ സമ്മ ർദ്ദം ചെലുത്തണം.

8. പഞ്ചായത്തുവക എല്ലാ റോഡിലും വൈദ്യുതി എത്തി ക്കുകയും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുകയുംചെയ്യുക.

9. മര്യാപുരം കോച്ചക്കുളം ഭാഗം ത്രീഫേയ്സായി മാറ്റുക. കൂടാതെ ഓരോ വാർഡിലേയും പ്രത്യേക ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു.

10 ഉദിയൻകുളങ്ങര KSEB വഴി സി.ഡി. അടച്ചിട്ടുള്ള മുഴു വൻ ദുർബ്ബല വിഭാഗങ്ങൾക്കും, (ആജന്ഘ) ഹരിജനങ്ങൾക്കും, കൃഷി ആവശ്യത്തിനും, എത്രയും വേഗം കണക്ഷൻ കിട്ടാൻ വേണ്ട മെറ്റീരിയൽസ് അനുവദിച്ചു കിട്ടാൻ, ഗവൺ മെന്റിൽ സമ്മർദ്ദം ചെലുത്തി കണക്ഷൻ ലഭ്യമാക്കണം.

ഇവിടത്തെ ജനങ്ങൾ അധികവും വിറകാണ് ഇന്ധന ത്തിന് ഉപയോഗിക്കുന്നത്. വിറക് ഇപ്പോൾ ആവശ്യ ത്തിന് കിട്ടുന്നുമില്ല, കിട്ടിയാൽ താങ്ങാൻ പറ്റാത്ത വിലയും കൊടുക്കണം. ഇതിനു പരിഹാരമായി അനെർ ട്ടിന്റെ പ്രയോജനം ചെങ്കൽ പഞ്ചായത്തു പ്രദേശക്കാർ ക്കു ലഭ്യമാക്കണം. അതിനായി അനെർട്ടിന്റെ ഒരു യൂണിറ്റ് ഉദിയൻകുളങ്ങര കേന്ദ്രമായി തുടങ്ങണം. ജന ങ്ങൾക്ക് ഗ്യാസ് കണക്ഷൻ എളുപ്പം കിട്ടുന്നതിനും സൗകര്യപ്രദമാകാനും വേണ്ടി പഞ്ചായത്തിന്റെ മധ്യഭാ ഗത്തായി (മര്യാപുരത്ത്) സർക്കാർ ഉടമയിലുള്ള ഒരു ഗ്യാസ് കണക്ഷൻ ലഭ്യമാക്കണം.

പഞ്ചായത്തിൽ ഇന്നത്തെ ഊർജ്ജ പ്രതിസന്ധി തരണം ചെയ്യുന്നതിന് സമഗ്രമായൊരു ഊർജ്ജാസൂ ത്രണ പദ്ധതി ആവിഷ്ക്കിരക്കേണ്ടത് അത്യാവശ്യമാണ്. ലഭ്യമാകുന്ന വൈദ്യുതി കാര്യക്ഷമമായി ഉപയോഗിക്കുക എന്നതായിരിക്കണം ജനകീയാസൂത്രണ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. ഇതിനു വേണ്ടി പഞ്ചായത്തു തലത്തിൽ ഒരു ഊർജ്ജാസൂത്രണ സമിതി രൂപീകരിക്കണം. വിറക് ക്ഷാമവും വോൾട്ടേജ് ക്ഷാമവും പരിഹരിക്കുന്നതിനാണ് മുൻഗണന നല്കേണ്ടത്. ഈ സമിതിയുടെ പ്രധാന പ്രവർത്തനങ്ങൾ ഇനിപ്പറയുന്നതാകണം.

1. **ഊർജ്ജ സർവ്വേ നടത്തണം :** ഊർജ്ജാസൂത്രണത്തിന് ഏറ്റവും അത്യാവശ്യം സ്ഥിതി വിവര കണക്കുകളാണ്. ഊർജ്ജ സർവ്വേയിലൂടെ ഉദ്ദേശിക്കുന്നത് ഊർജ്ജാസൂ ത്രണത്തിനാവശ്യമായ സ്ഥിതിവിവര കണക്കുകളാണ്. ഊർജ്ജ സർവ്വേയുടെ വിവരങ്ങൾ വിലയിരുത്തുമ്പോൾ പഞ്ചായത്തിലെ ഊർജ്ജ പ്രശ്നങ്ങളുടെ യഥാർത്ഥ ചിത്രം കിട്ടും.

2. **ബോധവല്ക്കരണം :** ഊർജ്ജസംരക്ഷണത്തിന് ഏറ്റവും അത്യാവശ്യമായ ഒരു ഘടകമാണ് ബോധവല്ക്കരണം. ദക്ഷത കൂടിയ ഉപകരണം ഉപയോഗിക്കുന്നതിന്റെ ഗുണ ങ്ങൾ ഉപഭോക്താക്കൾക്ക് പറഞ്ഞു കൊടുക്കുക, പുതിയ ഊർജ്ജ സ്രോതസ്സുകളുടെ സാധ്യതകൾ പ്രചരിപ്പിക്കുക, ഊർജ്ജ ദുർവ്യയം കുറയ്ക്കാൻ പ്രേരിപ്പിക്കുക, ഇതിനു വേണ്ട പ്രചരണങ്ങൾ, പ്രവർത്തനങ്ങൾ, ചർച്ചാ ക്ലാസ്സു കൾ എന്നിവ ബോധവൽക്കരണ പരിപാടിയിൽ ഉൾ പ്പെടുത്താം.

3. **പുകയില്ലാത്ത അടുപ്പുകളുടെ പ്രചരണം**

1. **പരിഷത്ത് അടുപ്പുകൾ :** വിറക് ഇന്ധനമായി ഉപയോ ഗിക്കുന്ന നാട്ടിൻപുറത്ത് ഏറ്റവും ഫലപ്രദമായി, ഊർജ്ജം നഷ്ടപ്പെടാതെ ഉപയോഗിക്കാവുന്ന അടുപ്പാ ണിത്. ഇന്ന് നാം ഉപയോഗിക്കുന്നതിന്റെ മൂന്നിലൊന്ന് വിറക് മതി കത്തിക്കാൻ വളരെവേഗം ആഹാരം പാകം ചെയ്യാൻ ഈ അടുപ്പിലൂടെ സാധിക്കും. കൂടാതെ പുക അടുക്കളയിലും വീട്ടിനുള്ളിലും വ്യാപിച്ച് ആരോഗ്യ പ്രശ്നം ഉണ്ടാക്കുന്ന രീതി ഈ അടുപ്പിനില്ല.

4. **കമ്മ്യൂണിറ്റി അടുപ്പുകളുടെ പ്രചരണം :** വിറകടുപ്പ് ഉപ യോഗിക്കുന്ന ഹോട്ടലുകൾ, ആയുർവേദ മരുന്ന്, ഷാപ്പു കൾ, അംഗൻവാടികൾ, സ്കൂളുകൾ, കല്യാണമണ്ഡ പങ്ങൾ തുടങ്ങിയ കേന്ദ്രങ്ങളിൽ ദക്ഷയേറിയ കമ്മ്യൂണിറ്റി അടുപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പരിപാടികൾ ആസൂ ത്രണം ചെയ്യണം.

5. **പവർ ലൈൻ പരിശോധനം :** പ്രേഷണ വിതരണ ശൃംഖ ലയിലെ പ്രസരണ നഷ്ടമാണ് ഊർജ്ജരംഗത്തെ ഒരു പ്രധാന പ്രശ്നം. ലൈനിലെ അറ്റകുറ്റ പണികൾ ലൈ നിൽ തട്ടി നിൽക്കുന്ന വൃക്ഷ ശിഖരങ്ങൾ മുറിച്ചു മാറ്റൽ എന്നിവ നടത്തിയാൽ പ്രസരണ നഷ്ടം 5% വരെ കുറയ് ക്കാവുന്നതാണ്. എൽ.റ്റി. ലൈനിന്റെ നീളം കുറയത്ത ക്കവിധം പുതുതായി ട്രാൻസ്ഫോർമറുകൾ സ്ഥാ പിക്കുക. പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർ മറുകൾ, പഞ്ചായത്തിലൂടെ കടന്നു പോകുന്ന പവർ ലൈൻ എന്നിവ പഞ്ചായത്ത് മേപ്പിൽ വരച്ചെടുക്കുക. ഇതുമൂലം എവിടെയെല്ലാം ലൈനിൽ അറ്റകുറ്റ പണി കൾ നടത്തണം എന്നു തുടങ്ങി പല കാര്യങ്ങളും മന സ്സിലാക്കാൻ കഴിയും.

6. **കോംപാക്റ്റ്, ഫ്ളൂറസെന്റ് വിളക്കുകൾ വിതരണ പരിപാടി :** കേരളത്തിലെ വൈദ്യുതി ഉപയോഗത്തിൽ ഗാർഹിക മേഖലയിലാണ് ഏറ്റവും കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നത്. നമ്മുടെ വീടുകളിൽ ഉപയോഗിക്കു ന്ന ബൾബുകളിൽ ഭൂരിഭാഗവും ഇൻകാൻഡിസെന്റ് ടംങ്സ്റ്റൺ, ഫിലമെന്റ് വിളക്കുകളാണ് ഉപയോഗിക്കു ന്നത്. എന്നാൽ ഇവയെക്കാൾ ഏറെ ദക്ഷത കൂടിയ കോംപാക്റ്റ് ഫ്ളൂറസെന്റ് വിളക്കുകൾ ഇന്ന് ലഭ്യമാണ്.

ടംങ്സ്റ്റൺ വിളക്കുകൾക്കു പകരം കോംപാക്ട് ഫ്ളൂറസെന്റ് വിളക്കുകൾ ഉപയോഗിക്കുക വഴി ഊർജ്ജ സംരക്ഷണം സാദ്ധ്യമാകുന്നതാണ്.

7. മറ്റു ഊർജ്ജ സംരക്ഷണ നടപടികൾ : ട്യൂബ് ലൈറ്റുകളുടെ സാധാരണ ചോക്കുകൾക്ക് പകരം ഇലക്ട്രോണിക് ചോക്കുകൾ ഉപയോഗിക്കുക. മോട്ടോർ പമ്പുസെറ്റുകൾക്ക് കപ്പാസിറ്റർ സ്ഥാപിക്കുക. ജലം പമ്പു ചെയ്യുന്നതിന് കാറ്റാടി പമ്പുകൾ, സോളാർ പമ്പുകൾ എന്നിവയുടെ പ്രചരണം, സോളാർ അടുപ്പുകൾ, പ്രഷർ കുക്കറുകൾ, കച്ചിപ്പെട്ടി, മെച്ചപ്പെട്ട മണ്ണെണ്ണ അടുപ്പുകൾ സ്ഥാപിക്കുക, ബയോഗ്യാസ്‌വിളക്കുകളും അടുപ്പുകളും സ്ഥാപിക്കൽ തുടങ്ങിയ ഒട്ടേറെ ഊർജ്ജ സംരക്ഷണ നടപടികൾ പഞ്ചായത്തുതല ഊർജ്ജ സംരക്ഷണ സമിതിക്ക് ചെയ്യാൻ കഴിയും. ഇവയ്ക്കെല്ലാം അനെർട്ട് സബ്സിഡി നൽകുന്നുണ്ട്. ഇവയെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തി കൂടുതലാളുകളെ ആകർഷിപ്പിക്കുന്നതിനുവേണ്ടിയുള്ള സംഘാടനവും നടത്തുക.

ചെങ്കൽ പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലെയും പ്രധാന ഇന്ധനം വിറകാണ്. എല്ലാ വീടുകളിലും പാചക ത്തിനും മറ്റു കാര്യങ്ങൾക്കും വിറകടുപ്പുകളാണ് സാധാരണ യായി ഉപയോഗിക്കുന്നത്. ഇതിന് ആവശ്യമായ തരത്തിൽ വിറക് കണ്ടെത്താനുള്ള ബുദ്ധിമുട്ട് കഴിഞ്ഞ കുറേക്കാലമായി വർദ്ധിച്ചുവരികയാണ്. സാധാരണയായി തെങ്ങിൽ നിന്നും മറ്റു വൃക്ഷങ്ങളിൽ നിന്നുമാണ് വിറക് ലഭിക്കുന്നത്. ഈ അടുത്ത കാലത്തായി ഇവ കുറഞ്ഞു വരുകയും വില വർദ്ധിക്കുകയും ചെയ്യുന്നുണ്ട്. ഈ അവസ്ഥയിൽ വിറക് ഉപയോഗം കുറയ്ക്കാൻ വേണ്ട നടപടികളാണ് സ്വീകരിക്കേണ്ടത്. മിക്ക വീടുകളിലും പാചകത്തിനായി ഉപയോഗിച്ചുവരുന്ന വിറകടുപ്പുകളുടെ ദക്ഷത വളരെ കുറവാണ്. ഈ അടുപ്പുകളുടെ ദക്ഷത ഗണ്യമായി ഉയർത്തുക എന്നത് അത്യാവശ്യമാണ്. ഇന്ന് കേരളത്തിന്റെ പല ഭാഗങ്ങളിലും പ്രചരിച്ചുപോരുന്ന പരിഷത്ത് അടുപ്പുകൾ നമ്മുടെ പഞ്ചായത്തിലും വൻതോതിൽ ലഭ്യമാക്കാനുള്ള പ്രവർത്തന പരിപാടികൾ ആവിഷ്ക്കരിക്കണം.

| വാർഡ് | വൈദ്യുതീകരിക്കേണ്ട പ്രദേശങ്ങൾ - റോഡുകൾ |
|---|---|
| I | 1. ഊഴക്കോണം, പെട്ടൻവിള തൃക്കണ്ണാപുരം റോഡ് |
| | 2. ആശാരൂർകുളം അഴകിക്കോണം റോഡ് |
| | 3. ഊഴക്കോണം മണ്ണാൻവിള കൂടുംമ്പോട്ടുകോണം |
| | 4. തൃക്കണ്ണാപുരം മേഴിയറത്തല ചുടുകാട് ലിംഗ് റോഡ് |
| | 5. ഊഴക്കോണം മാരായ്ക്കോണം കൂടുമ്പോട് റോഡ് |
| | 6. താഴാൻവിള കുറ്ററയ്ക്കൽ ഉദിയൻകുളങ്ങര റോഡ് |
| | 7. വട്ടവിള കയണിയോട് ഏലാ റോഡ് |
| | 8. ആശാരൂർകുളം ആമച്ചൽകുളം റോഡ് |
| II | 1. കുരുമ്പൽ കുഴിച്ചാണി റോഡ് |
| | 2. കരിത്തലയ്ക്കൽമുക്കുത്തറകുരുമ്പൽകണ്ടൽറോഡ് |
| | 3. കുട്ടനാടി കണ്ടൽ റോഡ് |
| | 4. അലത്തറയ്ക്കൽ വെട്ടുവിള റോഡ് |
| | 5. അലത്തറയ്ക്കൽ ശാസ്താംകോവിൽ റോഡ് |
| III | 1. കാട്ടിലുവിള കാരിയോട് റോഡ് |
| | 2. കുറുവണിക്കുളം പ്ലാവിളമൂല കടകുളം റോഡ് |
| | 3. പ്ലാവിളമൂല, കറവക്കുഴി, പൂന്തോട്ടം, ഇളന്തോട്ടം തുടങ്ങിയ സ്ഥലങ്ങളിൽ വൈദ്യുതി കണക്ഷൻ നാളിതുവരെയും കിട്ടിയിട്ടില്ല. |
| | 4. തൈക്കൂട്ടം കുറുഞ്ഞിക്കുളം റോഡ് |
| | 5. കാരിയോട് നെച്ചിയൂർ ഏലാ റോഡ് |
| | 6. പൊറ്റയിൽ റോഡ് |
| | 7. അലത്തറയ്ക്കൽ അമരത്തുവിള റോഡ് എന്നിവ വൈദ്യുതീകരിക്കുക. |
| IV | 1. കുന്നൻവിള ഹൗസിംഗ് കോളനി മുതൽ തോടുവഴി പുത്തൻകുളം വരെ വൈദ്യുതി ലൈൻ സ്ഥാപിച്ച് കണക്ഷൻ കൊടുക്കേണ്ടതാണ്. |
| | 2. വട്ടവിള ലക്ഷംവീട് കോളനി |
| | 3. ചെങ്കൽ എസ്.സി.ബി. 1258 മുതൽ ചെമ്മണ്ണുവിള, പ്ലാങ്കാല, മാവടിത്തല, വലിയവിള |
| | 4. ഇടവിളാകം മുതൽ നെടുങ്കുളം ശാസ്താക്ഷേത്രം വരെ |
| | 5. കുന്നൻവിള മുതൽ പനവിള വരെ |
| | 6. കുറിച്ചിവിള മുതൽ കുറുമൺകുളം ചെങ്കൽ എൽ.പി.ബി.എസ്. വരെ |
| | 7. പനിയറയ്ക്കൽ മുതൽ വലിയകുളം വരെ |
| | 8. വലിയവീട്ടുവിള മുതൽ പുല്ലിയോട്ടു വരെ |
| | 9. ചെങ്കൽ എൽ.പി.ബി.എസ്. മുതൽ കുരുമ്പൽ കുഴിച്ചാണി വരെ |
| | 10. നെടുങ്കുളം മുതൽ യക്ഷിയമ്മൻക്ഷേത്രം വരെ |
| | 11. മണപ്പഴിഞ്ഞി മുതൽ കാക്കനാട് കോളനി വരെ |
| | 12. കോടങ്കര - കൈതക്കുഴി - വലിയകുളം - കുന്നുംപുറം |
| V | 1. കൊച്ചോട്ടുകോണം വരവു പൊറ്റ റോഡിൽ വിമലാനികേതൻ ജംഗ്ഷൻ മുതൽ ഊഴക്കോണംവരെയുള്ള ഭാഗത്ത്. |
| | 2. കൊച്ചോട്ടുകോണം മുള്ളംകുളം റോഡിൽ യു.സി. 35/10/5-ാമത്തെ പോസ്റ്റിൽനിന്ന് മുള്ളംകുളം വരെയും മുള്ളംകുളത്തേയ്ക്കും, കൊച്ചക്കുളത്തേയ്ക്കും. |
| | 3. മര്യാപുരം ശാസ്താം കോവിൽ റോഡിൽ യു.സി. 55/17-ാമത്തെ പോസ്റ്റുമുതൽ ശാസ്താം കോവിൽ വരെ. |

| | | |
|---|---|---|
| | 4. | മര്യാപുരം കമുകിൻകുഴി റോഡ് |
| | 5. | പുളിയറ ശാസ്താംകോവിൽ കോടങ്കരറോഡിൽ പുളിയാറപ്പൊറ്റ വഴി ശാസ്താംകോവിൽ വരെ. |
| | 6. | കോച്ചക്കോണം നെടുംങ്ങോട്ടുകുളം വരെ. |
| | 7. | കുന്നംവിള മുതൽ പെരുഞ്ചാറവടി റോഡ് |
| VI | 1. | ആൽ.സി. പള്ളി മുതൽ പൂവക്കൂടിവഴി എ.എൽ.എ. റോഡ് |
| | 2. | കുന്നുംപുറം-ഇലവങ്ങാമൂല റോഡ് |
| | 3. | കന്നനാംവിള-സഹദേവൻസാർ റോഡ് |
| | 4. | കാഞ്ഞിരംമൂട്കടവ്-തുറുതവിള എം.എൽ.എ.റോഡ് |
| | 5. | നീരാഴി വെട്ടുവിള-കടമ്പറയ്ക്കൽ റോഡ് |
| VII | 1. | പ്ലാമൂട്ടുക്കട, ആവണക്കിൻവിള, പൊന്നംകോട്, കുന്നിൻപുറം വണ്ടിച്ചിറ വരെ. |
| | 2. | പുലിക്കുടി, മുട്ടവിള പ്ലാങ്കാല റോഡ് |
| | 3. | വലിയകുളം പുഴിക്കുന്ന് റോഡ് |
| | 4. | പുഴിക്കുന്ന് കൂത്തക്കോട്ടുവിള റോഡ് |
| | 5. | ആവണക്കിൻവിള ആറാട്ടുകടവ് റോഡ് |
| | 6. | മാച്ചിയോട് കീഴമ്മാകം റോഡ് |
| | 7. | കോടങ്കര നുള്ളിവിള റോഡ് പെരുന്തറകുളം വരെ |
| | 8. | ആറാട്ട്കടവ് മൂള്ളൂക്കടവ് കുഞ്ചൂർ റോഡ് |
| | 9. | പുഴിക്കുന്ന് കണ്ണംമ്പള്ളി റോഡ് |
| | 10. | പുഴിക്കുന്ന് നെടുമൺകുളം റോഡ് |
| VIII | 1. | മേലെമ്മാകം പുതുവൽ മുതൽ കരയ്ക്കാട് റോഡ് |
| | 2. | പുളിയാറ മുതൽ മേലമ്മാകം ഏല റോഡ് |
| | 3. | മര്യാപുരം മുതൽ ഐ.റ്റി.സി. വരെയുള്ള ഭാഗം (കോൺവെന്റിനു പടിഞ്ഞാറു ഭാഗം) |
| | 4. | മണികെട്ടിമാവിള മുതൽ വായ്ക്കാൽവരമ്പ്കോളനി |
| | 5. | ചെമ്മംവിള കോളനി മുതൽ തോട്ടിൻകര വരെ |
| | 6. | പ്ലാമൂട്ടുക്കട കൊച്ചുഭഗവതിക്ഷേത്രം മുതൽ വടക്കേ ചാനൽ ബണ്ട് റോഡ് വരെ |
| | 7. | വെഞ്ചക്കാവ് മുതൽ എരിച്ചിങ്ങൽ വരെ |
| | 8. | മര്യാപുരം വെഞ്ചംകൂളം റോഡിൽ |
| | 9. | കോടങ്കര ചാവടി റോഡ് ഏലാ വരെ |
| IX | 1. | മര്യാപുരം മാർത്തോമ ചർച്ച്, തച്ചൻവിളാകം വെഞ്ചക്കാവ്, തോട്ടിൽകര വെഞ്ചക്കാവ് കോൺവെന്റ് റോഡ് |
| | 2. | മര്യാപുരം ആർ.സി. ചർച്ച് മുതൽ പെരുകുളം റോഡ് |
| | 3. | മേലെതിൽവഴി കൊച്ചോട്ടുകോണം. |
| | 4. | അഭേദാശ്രമം മത്തിക്കുളം സി.വി.ആർ. പുരത്തേക്ക് ചേരുന്ന റോഡ് |
| | 5. | മത്തിക്കുളം പെരുംകുളം റോഡ് |
| X | 1. | പഞ്ചായത്താഫീസിന് തൊട്ട് പുറകിലൂടെയുള്ള നടപാത ഉദിയൻകുളങ്ങര-അഴകിക്കോണം ഏരിയയിൽ വൈദ്യുതി എത്തിക്കണം. |
| | 2. | സാഗർ കോളേജ് മുതൽ ഉദിയംകുളം വരെയുള്ള റോഡ് വൈദ്യുതീകരിക്കുക. വിശ്വഭാരതി റോഡിലും സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കണം. |
| | 3. | മേലെ തെരുവ് ശ്രീ മുത്തുമാരിയമ്മൻ ക്ഷേത്രത്തിന്റെ തൊട്ട് പുറകിലുള്ള റോഡിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം. |
| XI | 1. | ചാരയ്ക്കാവിള, പള്ളം വിള ഭാഗങ്ങളിൽ പുതിയ ലൈൻ വലിച്ച് വൈദ്യുതി എത്തിക്കണം. ആറയൂർ ഹൈസ്കൂളിന്റെ തെക്കു പടിഞ്ഞാറു ഭാഗത്താണ് ഈ സ്ഥലങ്ങൾ. |
| | 2. | ആറയൂൽ പോസ്റ്റാഫീസ് കുംഭംകുളം റോഡ്. |
| | 3. | ഇലഞ്ഞിക്കുളം ആശ്രമം റോഡ്. |
| XII | 1. | വാണിയൻകാല പൊറ്റയിൽക്കട റോഡ് |
| | 2. | ചാവല്ലൂർ പൊറ്റ പട്ടാരുവിള റോഡ് |
| | 3. | എള്ളുവിള ആക്കവിളാകം റോഡ് |
| | 4. | പെരിങ്ങോട്ടുകുളം റോഡ് |
| XIII | 1. | മണലിവിള ക്ലാവറയ്ക്കൽ, മൂന്നാംപൊറ്റ റോഡ് |
| | 2. | മണലിവിള ഈന്തിക്കാല റോഡ് |
| | 3. | മണലിവിള ചാവല്ലൂർ പൊറ്റ |
| | 4. | കമ്പറവിളവീട് റോഡ് |

## പട്ടിക

## വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

1. നിലവിലുള്ള ഉപഭോക്താക്കൾ

| | | |
|---|---|---|
| (a) ഗാർഹികം | - | 6538 |
| (b) വ്യാപാരം | - | 140 |
| (c) വ്യാവസായികം | - | 15 |
| (d) കാർഷികം | - | 93 |
| ആകെ | - | 6786 |

2. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം

| | | Old | up |
|---|---|---|---|
| (a) ഓർഡിനറി | - | 12 | 78 |
| (b) ഒ.റ്റി.പി. | - | 17 | — |
| (c) ഒ.വൈ.ഇ.സി. | - | 23 | 36 |

3. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

| | | |
|---|---|---|
| (a) ബൾബ് | - | 422 Nos. |
| (b) ട്യൂബ് | - | 28 " |
| (c) മെർക്കുറിവേപ്പർ | - | --- |
| (d) സോഡിയംവേപ്പർ | - | --- |

4. ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ

(a) തൃക്കണ്ണാപുരം അംബേദ്കർ കോളനി
(b) കീഴ്ക്കൊല്ല
(c) ആശാരൂർവിള
(d) കുന്നംവിള
(e) അലത്തറവിളാകം
(f) ആറയൂർ ലക്ഷംവീട്
(g) മര്യാപുരം

5. തൻവർഷത്തെ കണക്ഷൻ

ഓർഡിനറി
ഒ.റ്റി.പി. എച്ച്.ഡബ്ല്യൂ
ഒ.വൈ.ഇ.ഞ.

6. പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന എൽ.റ്റി. ട്രാൻസ്ഫോർമറുകളുടെ പേരുകൾ

| | | |
|---|---|---|
| വലിയവിള | - | 160 |
| വട്ടവിള | - | 100 |
| ചെങ്കൽ | - | 160 |
| വ്ളാത്താങ്കര | - | 160 |
| പൂഴിക്കുന്ന് | - | 160 കെ.വി |
| പ്ലാമൂട്ടുക്കട നമ്പർ. 1 | - | 160 കെ.വി |
| " നമ്പർ. 2 | - | 100 കെ.വി |
| ആറയൂർ | - | 100 കെ.വി |
| മര്യാപുരം | - | 160 കെ.വി |
| കോടങ്കര | - | 100 |
| ഉദിയൻകുളങ്ങര എച്ച്.ഐ- | | 250 കെ.വി |
| ദേവേശ്വരം | - | 100 |
| ഉദിയൻകുളങ്ങര നമ്പർ.2 | - | 100 കെ.വി |
| " നമ്പർ.3 | - | 100 കെ.വി |

7. സ്ട്രീറ്റ് ലൈറ്റിനുവേണ്ടി പ്രതിമാസം അടയ്ക്കുന്ന തുക - 6543.00 രൂ.

## പരാതികൾ - പരിഹാരങ്ങൾ

I 1. വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.

2. പൊട്ടൻവിള ജംങ്ഷനിൽ സ്ട്രീറ്റ് ലൈറ്റുകൾ കത്തുന്നില്ല. കൃത്യമായും കത്തിയ്ക്കാനുള്ള സംവിധാനം ചെയ്യണം.

3. ഈഴക്കോണമോ തൃക്കണ്ണാപുരമോ കേന്ദ്രമാക്കി ആശാരൂർകുളം, കുടുമ്പോട്ടുകോണം പള്ളിനട, വട്ടവിള ഒരു മെർക്കുറി ലാമ്പ് സ്ഥാപിക്കണം.

4. പുതുതായി 200 വീടുകൾക്ക് സൗജന്യമായി വൈദ്യുതി നൽകേണ്ടതാണ്.

5. ഫ്രീ കണക്ഷൻ പദ്ധതി പ്രകാരം വയറിംഗ് ചെയ്ത സിഡി അടയ്ക്കാത്ത 100ഓളം വീടുകൾക്ക് വൈദ്യുതി കണക് ഷൻ നൽകേണ്ടതാണ്.

6. റോഡിന്റെ മദ്ധ്യഭാഗത്ത് നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്ററുകൾ മാറ്റി സ്ഥാപിക്കേണ്ടതാണ്.

II 1. വോൾട്ടേജ് ക്ഷാമം രൂക്ഷമാണ് ; അത് പരിഹരിക്കാനായി കുഴിച്ചാണി, മൂക്കുത്തറ, താമരവിള, കരിത്തലയ്ക്കൽ, കടക്കുളം എന്നിവിടങ്ങളിൽ ഓരോ ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതാണ്.

III 1. പ്ലാവിലമൂല, കുറവക്കുഴി, പൂന്തോട്ടം, ഇളംതോട്ടം തുടങ്ങിയ സ്ഥലങ്ങളിലെ റോഡികളിലും വീടുകളിലും വൈദ്യുതി എത്തിക്കേണ്ടതിന് നടപടികൾ സ്വീകരിക്കുക. ഫ്രീകണക്ഷന് ഏർപ്പാട് ചെയ്യുക.

IV 1. വട്ടവിള കുന്നൻവിള കോളനികൾ, കാക്കനാട് ഹരിജൻ കോളനി എന്നിവിടങ്ങളിൽ വളരെനാളായി ഫ്രീ കണക്ഷനു വേണ്ടി ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളിടത്ത് വൈദ്യുതി കണക്ഷൻ നല്കണം.

2. പ്രധാന കവലകളിലുള്ള തെരുവുവിളക്കുകൾ രാത്രി മുഴുവൻ കത്തിക്കുകയും കേടായ ബൾബുകൾ മാറ്റി പകരം പുതിയവ ഘടിപ്പിക്കുകയും വേണം.

3. കോടങ്കര, കൈതക്കുഴി, പനയറയ്ക്കൽ ഭാഗങ്ങളിൽ വോൾട്ടേജ്ക്ഷാമം അനുഭവപ്പെടുന്നു. വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ കോടങ്കരയിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണം.

V 1. മര്യാപുരം ശാസ്താംകോവിൽ റോഡിൽ നിൽക്കുന്ന പോസ്റ്ററുകൾ മാറ്റി സ്ഥാപിച്ച് ഗതാഗത തടസ്സം ഒഴിവാക്കുക.

2. കൊച്ചോട്ടുകോണത്ത് ഒരു ട്രാസ്ഫോർമർ സ്ഥാപിച്ച് ഈ വാർഡിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

3. കൊച്ചക്കുളത്തിന്റെ കരയിലും വിമലാനികേതൻ ജംഗ്ഷന്റെ സമീപവും നിൽക്കുന്ന പോസ്റ്ററുകളിലെ ബൾബുകൾ രാത്രി മുഴുവൻ പ്രകാശിപ്പിക്കുക.

VI 1. കുന്നുവിള ജംഗ്ഷനിൽ മെർക്കുറിലാമ്പ് സ്ഥാപിക്കുക.

2. കന്നനാവിള മുതൽ എൻ. സഹദേവൻസാർ റോഡിൽ നിൽക്കുന്ന പോസ്റ്റ് മാറ്റി സ്ഥാപിക്കുക.

3. ആർ.സി. പള്ളി, പൂവക്കുടി എം.എൽ.എ. റോഡുകളുടെ സൈഡിലെ പുരയിടങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന പോസ്റ്റിനെ റോഡിന്റെ സൈഡിലേക്ക് മാറ്റുക.

VII 1. എരിച്ചിങ്ങൽ കൊല്ലംവിളാകം കണ്ണംപള്ളി എന്നീ പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുക.

2. പൊന്നംകോട് മഠത്തുവിളാകം, പള്ളിമംഗലം എന്നീ പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുക.

VIII 1. എരിച്ചിങ്ങൽ എന്ന സ്ഥലത്ത് ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

IX 1. അഭേദാശ്രമത്തിനടുത്തുള്ള ചാനൽ റോഡിൽ രണ്ട് പോസ്റ്ററുകൾ സ്ഥാപിച്ചാൽ ആ പ്രദേശം മുഴുവനും വൈദ്യുതീകരിക്കാവൻ കഴിയും.

2. ഈ വാർഡിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കാനുള്ള നടപടി എടുക്കുക.

3. 1989 മുതൽ വയറിംഗ് ചെയ്ത വീടുകളിൽ വൈദ്യുതി ഇതുവരെ എത്തിയിട്ടില്ല.

4. കുഴിഞ്ഞകാല, തേവിളാകം, മുള്ളിവിളാകം, തെങ്ങുവിളാകം എന്നീപ്രദേശങ്ങളിൽവൈദ്യുതി എത്തിക്കുക.

X 1. ഈ വാർഡിലെ വൈദുതീകരിക്കാത്ത വീടുകളിൽ വൈദ്യുതി എത്തിക്കാനുള്ള നടപടി എടുക്കുക.

2. ഉദിയൻകുളങ്ങര ജംഗ്ഷനിൽ ഒരു മെർക്കുറി ലാമ്പ് സ്ഥാപിക്കുക.

3. ഉദിയൻകുളങ്ങര ചന്ത വൈദ്യുതീകരിക്കുക.

4. ഉദിയൻകുളങ്ങര ജംഗ്ഷനിൽനിന്നും മുളവ്പൊറ്റ

റോഡ് വൈദ്യുതീകരിക്കുക.

5. കൊച്ചോട്ടുകോണം ചാനൽബണ്ട് റോഡ് വൈദ്യുതീകരിക്കുക.

XI 1. ഈ വാർഡിൽ വൈദ്യുതിക്ഷാമം ഒരു നിത്യ സംഭവമാണ്. ഇത് പരിഹരിക്കാൻ വേണ്ടി സി.വി.ആർ. പുരം ചാനൽ ക്രോസ്സിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച് വൈദ്യുതിക്ഷാമം പരിഹരിക്കുക.

2. ആറയൂർ ലക്ഷംവീട് കോളനി, കണ്ണൻവിള കോളനി, ചാരയ്ക്കാവിള, മച്ചിങ്ങവിളാകം, അറത്തലവിളാകം, പള്ളംവിള, കാളിവിളാകം എന്നീ പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കേണ്ടതാണ്.

XII 1. ഈ വാർഡിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കാനായി ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

2. ആറയൂർ ക്ഷേത്രം മുതൽ എള്ളുവിളവരെ റോഡിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

3. ഫ്രീ കണക്ഷൻ കിട്ടേണ്ട വീടുകളിൽ വൈദ്യുതി എത്തിക്കുക.

4. പട്ടാരുവിള എന്ന സ്ഥലത്ത് ചാവല്ലൂർ പൊറ്റ ചാനൽ ബണ്ടിലൂടെയും പുതിയ ലൈൻ വലിച്ച് വീടുകളിൽ വൈദ്യുതി എത്തിക്കണം.

XIII 1. മണലിവിള ചാവല്ലൂർ, ഞാറ്റടിത്തലയ്ക്കൽ എന്നീ പ്രദേശങ്ങളിലുള്ള ഹരിജനങ്ങൾക്ക് വൈദ്യുതി ലഭിക്കേണ്ടതത്യാവശ്യമാണ്.

2. ഊറ്റിൻകര കമ്പറവിള, നന്ദാനത്തുവിള എന്നീ പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുക.

3. ഫ്രീ കണക്ഷന് വേണ്ടി വയറിംഗ് ചെയ്തിരിക്കുന്ന വീടുകളിൽ വൈദ്യുതി എത്തിക്കുക.

### മാർക്കറ്റ്

തിരുവിതാംകൂർ ഭരണാധികാരിയായിരുന്ന സേതുലക്ഷ്മീഭായി തമ്പുരാട്ടിയുടെ നാമധേയത്തിൽ ധന്യമായിരിക്കുന്ന ഉദിയൻകുളങ്ങരയിലെ പൊതു സ്ഥാപനമാണ് സേതുലക്ഷ്മീപുരം പബ്ളിക് മാർക്കറ്റ്. രാജഭരണകാലത്തു തന്നെ ഇന്നത്തെ തമിഴ്നാട്ടിലെ കുമാരപുരത്ത്നിന്നും ശംഖുമുഖത്തുള്ള കടപ്പുറം വരെ ആറാട്ടിനായി പോകുന്ന വെള്ളി വാഹനം, ശ്രീമുരുകൻ, വള്ളിയമ്മ ഇരുവരുടെ പല്ലക്കുമേന്തി വരുന്ന ജനസഞ്ചയത്തിന് വിശ്രമിക്കാനുള്ള ഒരു കൊട്ടിയമ്പലവും ഇതിനോടനുബന്ധിച്ച് നിലവിലുണ്ടായിരുന്നു. അവയെല്ലാം ഇന്ന് പഴമക്കാരുടെ ഓർമ്മയിൽ മാത്രം ഒതുങ്ങി നില്ക്കുകയാണ്. ഒരു കാലത്ത് ചുറ്റുപാടും മിക്കവാറും പഞ്ചായത്തുകളിലെ ഗ്രാമപ്രദേശങ്ങളിൽനിന്നും കച്ചവടം നടത്തുവാൻ കാൽനടയായി നിരവധി ആളുകൾ വന്നെത്തിയിരുന്നു. ഇന്നും ധാരാളം ആളുകൾ ഈ ചന്തയിൽ വ്യാപാരത്തിനായി വന്നു പോകുന്നുണ്ട്. ഒരു ദിവസം ശരാശരി 2000-ൽ അധികം ആൾക്കാർ ചന്തയിൽ വന്നു പോകുന്നുണ്ട്. പഞ്ചായത്ത് തലത്തിൽ വാർഡുകൾ വികസിപ്പിക്കുമ്പോൾ ചന്തയുടെ വികസന കാര്യത്തിൽ അധികൃതരുടെ അനാസ്ഥ ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു.

### ആവശ്യങ്ങൾ

ചെങ്കൽ പഞ്ചായത്തിലെ മുഖ്യ വിപണനകേന്ദ്രമായ ഉദിയൻകുളങ്ങര മാർക്കറ്റിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. സ്ഥലമേറെയുണ്ടെങ്കിലും അതിനെ സംരക്ഷിച്ച് ചിട്ടയായ രീതിയിൽ കച്ചവട കേന്ദ്രങ്ങൾ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ മാറ്റേണ്ടതാണ്. മത്സ്യം, ഇറച്ചി ഇവയ്ക്ക് പ്രത്യേകം സ്ഥലങ്ങൾ വിഭജിച്ച് നല്കേണ്ടതാണ്. പഞ്ചായത്ത് പ്രദേശങ്ങളിൽ കോഴി വളർത്തൽ കേന്ദ്രങ്ങൾ ഉണ്ടെങ്കിലും മാർക്കറ്റിൽ വിപണനം നടത്തുവാനുള്ള സൗകര്യം കുറഞ്ഞുവരുന്നു. തേങ്ങ, മരച്ചീനി, ഏലക്കായ്, പാളയൻതോടൻ, പൂവൻ, കപ്പ, രസകദളി, പൂങ്കൊള്ളി, മൊന്തൻ, മോറീസ്, പാവൽ, പയർ, വെണ്ടയ്ക്ക, വെള്ളരിയ്ക്ക, മുളക്, ചേന, ചേമ്പ്, മത്തങ്ങ, അമരക്ക, തക്കാളി, ക്യാരറ്റ്, ബീറ്റ്റൂട്ട്, ക്യാബേജ്, കത്തിരിക്ക, വഴുതനങ്ങ തുടങ്ങിയ ഒട്ടനവധി പച്ചക്കറികളും, മറ്റു ഉല്പന്നങ്ങളും ഇവിടെ മൊത്തമായും ചില്ലറയായും വിറ്റഴിയുന്നുണ്ട്. ഈ മാർക്കറ്റിനെ ആശ്രയിച്ച് കഴിയുന്ന ചെറുകിട പച്ചക്കറി വ്യാപാരികൾ പഞ്ചായത്ത് പ്രദേശങ്ങളിൽ കൂടുതലായി കാണുന്നു. രാത്രി സമയങ്ങളിലും വെളുപ്പാൻ കാലത്തും സാധനങ്ങൾ കൊണ്ടു വരുമ്പോൾ വെളിച്ചക്കുറവ് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നു. ചന്തയുടെ എല്ലാ സ്ഥലങ്ങളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. കുടിവെള്ളം ചന്തയ്ക്കുള്ളിൽ കിട്ടാനുള്ള സൗകര്യം ഉണ്ടാക്കേണ്ടതാണ്. പ്രത്യേകം പ്രത്യേകം തട്ടുകളായി വിഭജിച്ച് കച്ചവട കേന്ദ്രങ്ങൾ ക്രമീകരിച്ച് പ്രയോജനപ്പെടുത്തേണ്ടതാണ്. ആയതിലുള്ള ചെറിയ ഷെഡ്ഡുകൾ നിർമ്മിക്കേണ്ടതാണ്. പൊതു കക്കൂസ് നിർമ്മിച്ച് ഉപയോഗയോഗ്യമാക്കുകവഴി ജനങ്ങൾക്ക് കുറച്ചുകൂടി സൗകര്യം വർദ്ധിപ്പിക്കാവുന്നതാണ്. ദിനംപ്രതി അടിയുന്ന മാലിന്യങ്ങളും മറ്റ് അവശിഷ്ടങ്ങളും ചപ്പുചവറുകളും മാറ്റാനുള്ള സാങ്കേതിക ക്രമീകരണങ്ങൾ നടപ്പിലാക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ ഉദിയൻകുളങ്ങര ദേശത്ത് പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിൽ അവശ്യ സാധനങ്ങൾ പലപ്പോഴും കിട്ടാതെവരുന്നു. ഓണം, ക്രിസ്തുമസ്സ് മറ്റു വിശേഷ ദിവസങ്ങളിലാണ് സാധാരണ തിരക്ക് അനുഭവപ്പെടുന്നത്. പഞ്ചായത്തിലെ ജനങ്ങൾക്ക് ഈ സാഹചര്യത്തിൽ മറ്റ് ദൂരദേശ കച്ചവട കേന്ദ്രങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. മാവേലി സ്റ്റോർ വഴി എല്ലാ ആവശ്യസാധനങ്ങളും വിലകുറഞ്ഞ നിരക്കിൽ കിട്ടുവാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. ചെങ്കൽ, ആറയൂർ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന സഹകരണ മാവേലിസ്റ്റോർ മുഖേന സാധനങ്ങൾ കൂടുതൽ ലഭ്യമാക്കേണ്ടതാണ്.

മര്യാപുരം ചന്തയ്ക്ക് ചുറ്റുമതിൽ കെട്ടി ഫലപ്രദമായി ഉപയോഗിക്കുക. വട്ടവിളയിൽ ഇപ്പോൾ ചന്ത പ്രവർത്തിക്കുന്നത് റോഡു വക്കിലാണ്. പ്രസ്തുത ചന്ത കൂടുന്നതിന് സമീപ പ്രദേശത്തായി 6 സെന്റ് സ്ഥലം വാങ്ങി ചന്തയെ ആ സ്ഥലത്ത് പ്രവർത്തിക്കാൻ അനുവദിക്കുക. വ്ളാത്താങ്കരയിലെ ചന്തയും സുരക്ഷിത മേഖലയിൽ ആക്കുക. പൊൻവിള ചാനലിന്റെ കരയിലെ ചന്തയ്ക്കും ചുറ്റുമതിൽ ആവശ്യമാണ്. കുറുവണിക്കുളം, കാട്ടിലുവിള എന്നീ സ്ഥലങ്ങളിലും മച്ചിങ്ങവിളാകം-വാര്യവീട്ടുവിളാകത്തും ചന്തകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ചന്തകളെയെല്ലാം പഞ്ചായത്തിന് മുതൽക്കൂട്ടാകുന്ന തരത്തിൽ ഉപയോഗിക്കുക.

# പാർപ്പിടവും സാമൂഹ്യക്ഷേമവും



ചെങ്കൽ പഞ്ചായത്തിൽ പാർപ്പിടത്തിന്റെ ഉറവ് വളരെ പ്രകടമാണ്. ഒന്നിൽ കൂടുതൽ കുടുംബങ്ങൾ താമസിക്കുന്ന അനേകം വീടുകൾ ഈ പഞ്ചായത്തിൽ ഉണ്ട്. വമ്പിച്ച സാമ്പത്തിക ബുദ്ധിമുട്ടാണ് ഇങ്ങനെ ഒന്നിൽ കൂടുതൽ കുടുംബങ്ങൾ ഒരുമിച്ചു താമസിക്കാനുള്ള സാഹചര്യമൊരുക്കിയത്. വേണ്ട വിധത്തിലുള്ള സാമ്പത്തിക സഹായങ്ങൾ സൗജന്യനിരക്കിൽ ലഭിക്കുകയാണെങ്കിൽ ഇവർക്കും ഓരോ ചെറുഭവനങ്ങൾ നിർമ്മിച്ച് താമസിക്കുവാൻ കഴിയും.

ചെലവുകുറഞ്ഞ വീടുകൾ വയ്ക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ശരിക്കുള്ള ബോധവല്ക്കരണം ആവശ്യമാണ്. പഞ്ചായത്തുതലത്തിൽതന്നെ അതിനുള്ള സംവിധാനം ഉണ്ടാകണം. ജനകീയാസൂത്രണത്തോടുബന്ധിച്ചു രൂപംകൊണ്ട കർമ്മസമിതിക്ക് ഇക്കാര്യത്തിൽ കൂടുതൽ കാര്യങ്ങൾ ചെയ്യാൻ കഴിയും. എത്ര വീടുകളിൽ ഇങ്ങനെ കൂട്ടായി കുടുംബങ്ങൾ താമസിക്കുന്നുവെന്നുള്ള കണക്ക് കൃത്യമായി ലഭ്യമായാൽ മാത്രമേ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ സാധിക്കൂ. ഒപ്പം വീടില്ലാത്ത നിർദ്ധനരുടെ കൃത്യമായ കണക്കും പ്രത്യേകം തയ്യാറാക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ പാർപ്പിടരംഗത്ത് ഫലപ്രദമായ ഒരു പ്രവർത്തനം നടത്താൻ കഴിയൂ.

സാമൂഹിക ക്ഷേമ രംഗത്ത് വിവിധയിനം പെൻഷനുകളാണ് പ്രധാനമായും ലഭ്യമാകുന്നത്. കർഷക തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, വാർദ്ധ്യകാല പെൻഷൻ, വികലാംഗ പെൻഷൻ തുടങ്ങിയ പെൻഷൻ ആനുകൂല്യങ്ങൾ ധാരാളം പേർക്കു ലഭിക്കുന്നു. എംപ്ലോയിമെന്റ് എക്സ്ചേഞ്ചുകളിൽനിന്നും തൊഴിൽരഹിതവേതനം ധാരാളം യുവതീയുവാക്കൾക്കു ലഭിക്കുന്നു.

IRDP, NREP തുടങ്ങിയ പദ്ധതിയിൻമേലുള്ള ആനുകൂല്യങ്ങളും സഹായങ്ങളും ഏറിയും കുറഞ്ഞും ലഭിക്കുന്നുണ്ട്. ഗ്രാമീൺ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കേണ്ടതുണ്ട്. ഗ്രന്ഥശാല – വായനശാല, കലാസമിതികൾ, ടി. വി. കിയോസ്കുകൾ, മറ്റു വാർത്താമാദ്ധ്യമങ്ങൾ എല്ലാ വാർഡുകളിലും വ്യാപിപ്പിക്കണം. ചപ്പു ചവറുകൾ കുന്നുകൂടാതെ നീക്കം ചെയ്യാനുള്ള വീപ്പകൾ എല്ലാ കവലകളിലും സ്ഥാപിക്കുകയും അവ യഥാസമയം നീക്കം ചെയ്യുകയും വേണം. അത് കമ്പോസ്റ്റ് വളമാക്കാനുള്ള സാഹചര്യം പഞ്ചായത്തു തലത്തിൽ ഉണ്ടാക്കുകയും വേണം.

**ചെങ്കൽ ഗ്രാമപഞ്ചായത്തിൽ 13 വാർഡുകൾ ആണുള്ളത്. അത് ചുവടെ ചേർക്കുന്നു.**

1. കുടുമ്പോട്ടുകോണം
2. കീഴ്ക്കൊല്ല
3. നൊച്ചിയൂർ
4. ചെങ്കൽ വെസ്റ്റ്
5. ചെങ്കൽ ഈസ്റ്റ്
6. വ്ളാത്താങ്കര
7. കീഴമ്മാകം
8. മേലമ്മാകം പോരന്നൂർ
9. മരിയാപുരം
10. ഉദിയൻകുളങ്ങര
11. ആറയൂർ പടിഞ്ഞാറ്
12. ആറയൂർ കിഴക്ക്
13. വാണിയംകാല

ആവാസയോഗ്യമായ ഭൂപ്രകൃതിയാണ് ഈ പഞ്ചായത്തിന്റെ മുഖ്യഭാഗവും. വിവിധ ജാതിമതസ്ഥർ പാർക്കുന്ന ഈ പഞ്ചായത്ത് മക്കത്തായവഴിക്കാരാണ് ഭൂരിപക്ഷം. കാർഷികവൃത്തിയാണ് ഇവിടുത്തെ പ്രധാന തൊഴിൽ. ഓലമേഞ്ഞ വീടുകൾക്കുപകരം ഓടുവീടുകൾ ധാരാളം ഉണ്ടെങ്കിലും ഇപ്പോൾ ബഹുഭൂരിപക്ഷം ആളുകളും ടെറസ്സ് വീടു നിർമ്മാണത്തിലേയ്ക്ക് മാറിക്കൊണ്ടിരിക്കുകയാണ്.

| വാർഡ് നമ്പർ | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽകൂടുതൽ നിലകളുള്ള വീടുകൾ | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | വിവിധഭവനനിർമ്മാണ പദ്ധതിപ്രകാരം നിർമ്മിച്ച വീടുകൾ |
|---|---|---|---|---|---|---|---|
| 1 | 724 | 3 | 101 | 275 | 311 | 34 | 24 |
| 2 | 616 | — | 86 | 286 | 217 | 27 | 1 |
| 3 | 577 | 1 | 55 | 275 | 228 | 18 | 23 |
| 4 | 712 | 3 | 151 | 314 | 204 | 17 | — |
| 5 | 692 | 1 | 104 | 270 | 299 | 18 | 1 |
| 6 | 901 | 1 | 120 | 368 | 372 | 40 | 14 |
| 7 | 698 | 2 | 89 | 271 | 310 | 26 | 38 |
| 8 | 650 | 1 | 59 | 325 | 225 | 41 | — |
| 9 | 744 | 2 | 128 | 385 | 180 | 19 | — |
| 10 | 986 | 1 | 294 | 334 | 305 | 53 | — |
| 11 | 1007 | 3 | 173 | 443 | 370 | 21 | 28 |
| 12 | 816 | 6 | 180 | 390 | 213 | 27 | — |
| 13 | പുതിയ വാർഡു വിഭജനത്തിനുശേഷമുള്ള അസസ്മെന്റ് എടുത്തിട്ടില്ല | | | | | | |
| | 9123 | 24 | 1540 | 3936 | 3234 | 341 | 128 |

ഗതാഗതസൗകര്യം, ശുദ്ധജലം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ കൂടുതലുള്ള ഭാഗങ്ങളിൽ ആളുകൾ കൂടുതലായി തിങ്ങിപാർക്കുന്നു. പഞ്ചായത്തിലെ വീടുകളിൽ മിക്കവയും അടിസ്ഥാനസൗകര്യങ്ങൾ കുറവാണ്.

സാധനങ്ങളുടെ വിലവർദ്ധനവ് തൊഴിലാളികളുടെ ലഭ്യതകുറവ് എന്നിവ കെട്ടിടനിർമ്മാണരംഗത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ആധുനിക രീതിയിൽ വീടു നിർമ്മിക്കുന്നവർതന്നെ വീടിന്റെ ആരോഗ്യപരമായ ധർമ്മം അവഗണിച്ച് അതിന്റെ പുറമോടിക്കാണ് പ്രാമുഖ്യം നല്കിവരുന്നത്.

പഞ്ചായത്തിൽ 9 അംഗീകൃത ഹരിജൻകോളനികളുണ്ട്. അവ താഴെ പറയുന്നു.

1. പൈങ്കര
2. മര്യായപുരം
3. ആറയൂർ ലക്ഷംവീട്
4. അറത്തലവിള
5. മച്ചിങ്ങവിളാകം
6. ആശാരൂർ കീഴ്ക്കൊല്ല (അംബേദ്കർ ഗ്രാമം)
7. പോരന്നൂർ ലക്ഷംവീട്
8. കാക്കനാട് ചെങ്കൽ (IHDP)
9. വായ്ക്കൽ വരമ്പ്
10. മേലമ്മാകം പുതുവൽ
11. പൂളിയറ

(10, 11:) അംഗീകാരത്തിനു വേണ്ടി അപേക്ഷ

വീടുകൾ കാലപഴക്കംകൊണ്ട് വല്ലാതെ ഉപയോഗശൂന്യമായിട്ടാണ് സ്ഥിതിചെയ്യുന്നത്. വീടുകൾ ആധുനിക രീതിയിൽ പുനഃസംവിധാനം നടത്തുകയും അടിസ്ഥാന സൗകര്യങ്ങളായ വെള്ളം, വൈദ്യുതി, കക്കൂസ്, കളിസ്ഥലം, ശ്മശാനം എന്നിവ പുനഃസംവിധാനം ചെയ്യേണ്ടതാണ്.

## ഭവനനിർമ്മാണത്തെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | വീട് ആവശ്യമുള്ളവരുടെ എണ്ണം | വിവിധപദ്ധതികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|
| 1 | 350 | 50 | 45 | 125 |
| 2 | 235 | 32 | 23 | 75 |
| 3 | 280 | 15 | 10 | 80 |
| 4 | 150 | 20 | 10 | 100 |
| 5 | 200 | 35 | 20 | 75 |
| 6 | 225 | 20 | 15 | 50 |
| 7 | 200 | 15 | 12 | 150 |
| 8 | 110 | 25 | 20 | 50 |
| 9 | 125 | 20 | 15 | 90 |
| 10 | 150 | 15 | 10 | 50 |
| 11 | 250 | 15 | 15 | 75 |
| 12 | 200 | 20 | 18 | 50 |
| 13 | 225 | 20 | 15 | 50 |

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ ഭവനരഹിതരായ എല്ലാ അംഗങ്ങൾക്കും വീടുവയ്ക്കാനുള്ള ലോണും ഗ്രാന്റും കാലോചിതമായി ലഭ്യമാക്കുക.
2. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ഓലമേഞ്ഞ എല്ലാ വീടുകൾക്കും ഓടിടാനുള്ള ലോണും ഗ്രാന്റും ലഭ്യമാക്കണം.
3. പഞ്ചായത്തിനു മദ്ധ്യഭാഗത്ത് പഞ്ചായത്തിലെ എല്ലാ ആളുകൾക്കും പ്രയോജനകരമായ ഒരു ആതുരാലയം നിർമ്മിക്കാൻ ശുപാർശ ചെയ്യുന്നു.
4. പഞ്ചായത്തിനകത്തു സ്ഥിതി ചെയ്യുന്ന എല്ലാ ഗ്രന്ഥശാലകൾക്കും, ആർട്സ് ക്ലബുകൾക്കും, പഞ്ചായത്തിന്റെ ഫണ്ടിൽനിന്നും കെട്ടിടം നിർമ്മിച്ചു നല്കാൻ ശുപാർശ ചെയ്യുന്നു.
5. അംഗനവാടികൾ, ബാലവാടികൾ, അമ്മമാർക്കും കുട്ടികൾക്കും വിശ്രമകേന്ദ്രങ്ങൾ, മഹിളാ സമാജങ്ങൾ എല്ലാ വാർഡിലും ഉണ്ടാകണം.
6. IRDP ഗുണഫലം എല്ലാ ദുർബലവിഭാഗങ്ങൾക്കും കിട്ടുന്നതിനും DWCRD സ്കീം അനുസരിച്ച് തൊഴിൽ സംരംഭങ്ങൾ നല്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.
7. പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കേണ്ട കർഷകതൊഴിലാളികളും വിധവകളും, നിർദ്ധനരും ആയ പാവപ്പെട്ട ആളുകൾക്ക് പെൻഷൻ ആനുകൂല്യം അതാതു മാസങ്ങളിൽ കിട്ടാനും, ക്ഷേമപദ്ധതികളിൽ ഉൾപ്പെടുത്തേണ്ടവരെ ക്ഷേമനിധിബോർഡുകളുടെ പരിധിയിൽ ഉൾപ്പെടുത്തി ആനുകൂല്യത്തിന് അർഹരാക്കണം.
8. എല്ലാ വാർഡുകളിലും സാമൂഹ്യക്ഷേമ സ്ഥാപനത്തോടൊപ്പം ഓരോ ടി വി സെറ്റ് നൽകുന്നത് സാമൂഹിക ക്ഷേമപ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രയോജനം ചെയ്യും.
9. നിലവിലുള്ള നെഴ്സറി സ്കൂളുകൾ പരിശോധിച്ച് അവരുടെ ഉന്നമനത്തിനുവേണ്ട പരിപാടികൾ നടത്തുകയും ആവശ്യമായ കളിക്കോപ്പുകളും ഇരിക്കുവാനുള്ള കസേര, മേശ, ബഞ്ച് എന്നിവ നല്കേണ്ടതാണ്.
10. എല്ലാ VEO ഓഫീസുകളും ആധുനിക രീതിയിൽ പണികഴിപ്പിക്കണം. മര്യാപുരം ചെങ്കൽ VEO ഓഫീസുകൾ വളരെ ശോചനീയാവസ്ഥയിലാണ്.
11. ആറയൂർ LVHS ന് സ്ഥലസൗകര്യം കുറവാണ്. അതുകൊണ്ട് ഒരു ഇരുനില കെട്ടിടം പണിയണം. ഈ സ്കൂളിൽ പഠിക്കുന്ന 50% വിദ്യാർത്ഥികളും ഹരിജനങ്ങളാണ്.
12. ചെങ്കൽ LPBS ഉം LPGS ഉം ശോചനീയാവസ്ഥയിലാണ്. രണ്ടു സ്കൂളുകളും പുനരുദ്ധരിക്കുകയും ചുറ്റുമതിൽ കെട്ടുകയും വേണം.
13. കുടുംബോട്ടുകോണം നെഴ്സറിസ്കൂളിനടുത്ത് പഞ്ചായത്തു സ്ഥലത്ത് ആധുനിക സൗകര്യങ്ങളിലുള്ള കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കുക.

# സാമൂഹ്യക്ഷേമ പ്രവർത്തനം ആവശ്യമായ വിവരം വാർഡുതലത്തിൽ ഒറ്റനോട്ടത്തിൽ

| ക്രമ നമ്പർ | വാർഡിന്റെ പേര് | ഗ്രന്ഥശാല നിർമ്മാണം | ആവശ്യമുള്ള അംഗനവാടി ബാലവാടി | IRDP ഗുണുഫലം | DWCRA യൂണിറ്റ് | ആവശ്യമുള്ള പെൻഷൻ ആനുകൂല്യം | TV സെറ്റ് ആവശ്യം | നേഴ്സറി കളിക്കോപ്പ് ഫർണിച്ചർ |
|---|---|---|---|---|---|---|---|---|
| 1 | കുമ്പോട്ടുകോണം | വേണം | 3 | വേണം | വേണം | 250 | 3 | ആവശ്യമാണ് |
| 2 | കീഴ്കൊല്ലം | ,, | 3 | ,, | ,, | 300 | 3 | ,, |
| 3 | നൊച്ചിയൂർ | ,, | 3 | ,, | ,, | 225 | 4 | ,, |
| 4 | ചെങ്കൽവെസ്റ്റ് | ,, | 3 | ,, | ,, | 250 | 3 | ,, |
| 5 | ചെങ്കൽ ഈസ്റ്റ് | ,, | 3 | ,, | ,, | 250 | 4 | ,, |
| 6 | വ്ലാത്താങ്കര | ,, | 2 | ,, | ,, | 275 | 4 | ,, |
| 7 | കീഴ്മ്മാക്കം | ,, | 3 | ,, | ,, | 250 | 3 | ,, |
| 8 | മേലമാകം പേരന്നൂർ | ,, | 3 | ,, | ,, | 225 | ,, | ,, |
| 9 | മരിയാപുരം | ,, | 3 | ,, | ,, | 250 | 4 | ,, |
| 10 | ഉദിയൻകുളങ്ങര | ,, | 2 | ,, | ,, | 250 | 3 | ,, |
| 11 | ആറയൂർ പടിഞ്ഞാറ് | ,, | 2 | ,, | ,, | 250 | 3 | ,, |
| 12 | ആറയൂർ കിഴക്ക് | ,, | 3 | ,, | ,, | 225 | 4 | ,, |
| 13 | വാണിയാങ്കല | ,, | 3 | ,, | ,, | 225 | 4 | ,, |



# സംസ്ക്കാരം

## അവലോകനം

ചെങ്കൽ പഞ്ചായത്ത് തിരുവിതാംകൂർ ചരിത്ര കാലത്തുതന്നെ സാംസ്കാരികമായി അറിയപ്പെടുന്ന ഒരു ഗ്രാമമായിരുന്നു. മലയാള സാഹിത്യചരിത്രത്തിൽ എന്നെന്നും ഹരിതാഭ വിരിച്ചു വിരാജിക്കുന്ന ശ്രീ. സി. വി. രാമൻപിള്ള എന്ന ചരിത്രാഖ്യായികകാരന് ജൻമം ഏകിയ പുണ്യഭൂമിയാണ്. മലയാളഭാഷക്ക് ഒരു പുതിയ സാഹിത്യസരണിയും, ഗദ്യസാഹിത്യവും പ്രധാനം ചെയ്യുന്നു. മാർത്താണ്ഡവർമ്മ, ധർമ്മരാജാവ്, രാജരാജബഹദൂർ തുടങ്ങിയ ചരിത്രാഖ്യായികളും ചില നാടകങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഭാഷാശൈലി അയവിറക്കാത്ത മലയാളികൾ തുലോം തുച്ഛമായിരിക്കും. തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീ. ചിത്തിരതിരുനാൾ ബാലരാമവർമ്മയുടെ ADC യും തിരുവിതാംകൂർ രാജ്യത്തിൽ കമാന്റർ ഇൻ ചീഫും ആയിരുന്ന ആക്കവിളാകത്തു കൂട്ടൻപിള്ള എന്നു നാട്ടിൽ വിളിച്ചിരുന്ന ശ്രീ. വി. എം. പരമേശ്വരൻപിള്ള, അദ്ദേഹം പട്ടാളസർവ്വ സൈന്യാധിപൻ എന്നു പറയുമ്പോൾ ഈ നാട്ടുകാരനായ അദ്ദേഹം നമ്മുടെ നാടിന് നേടിതന്ന ബഹുമതി വിലമതിക്കാനാകത്തതാണ്. ശ്രീ. ചിത്തിരതിരുനാൾ മഹാരാജാവിന്റെ ട്യൂട്ടർ ആയിരുന്ന തിരുവിതാംകൂറിലെ ആദ്യ എം: എ. ബിരുദധാരി, ശ്രീ. എം. എ. ശങ്കരപിള്ള ചെങ്കൽ ദേശവാസിയായിരുന്നു. അതുപോലെതന്നെ പുതിയ തലമുറയിൽ ജനനായകനും മുൻ മന്ത്രിയുമായ ശ്രീ. എൻ. സുന്ദരൻനാടാർക്കും ജന്മം നൽകിയത് ഈ ചെറുദേശം തന്നെയാണ്. ഇവിടെ ഹിന്ദുക്കളും ക്രിസ്ത്യാനികളും ഇടകലർന്നു താമസിക്കുന്നു. ക്രിസ്ത്യാനികളിൽ തന്നെ റോമൻ കത്തോലിക്കാരും CSI ക്കാരും ലൂഥർ മിഷൻക്കാരും, പെന്തക്കോസ്ത്, സിലോൺ പെന്തക്കോസ്ത് തുടങ്ങിയ അവാന്തരവിഭാഗങ്ങളും ഉണ്ട്.

വ്ളാത്താങ്കര ശ്രീ. കൃഷ്ണസ്വാമിക്ഷേത്രം ഉദിയൻകുളങ്ങര മേലെത്തെരുവ് ശ്രീ മുത്തുമാരിയമ്മൻ ക്ഷേത്രം, അഴകിക്കോണം ശ്രീ. ഭദ്രകാളി ദേവീക്ഷേത്രം, പോരന്നൂർ ശ്രീ കൃഷ്ണക്ഷേത്രം,ഴവഞ്ചക്കാവ് ശാസ്താംക്ഷേത്രം, പ്ലാമൂട്ടുക്കട കൊച്ചു ഭഗവതിക്ഷേത്രം, പുല്ലൂർകുളങ്ങര ദുർഗ്ഗാദേവീക്ഷേത്രം, ചെങ്കൽ കുറ്റാമത്തു ഭഗവതിക്ഷേത്രം, പുളിംങ്കോട് ശ്രീകണ്ഠൻ ശാസ്താക്ഷേത്രം, ചെങ്കൽ ശിവശക്തിക്ഷേത്രം തുടങ്ങിയ ഇനിയും അനേകം ക്ഷേത്രങ്ങളും അനുഗ്രഹങ്ങൾ ചൊരിഞ്ഞുകൊണ്ട് വിരാചിക്കുന്നു. ഈ ക്ഷേത്രങ്ങളെല്ലാം തന്നെ സാംസ്കാരിക കേന്ദ്രങ്ങളുമാണ്. കലകളുടെ സംഗനികേതങ്ങളായ ഈ സ്ഥാപനങ്ങളിൽ ഉത്സവകാലങ്ങളിൽ നിരവധി കലാപരിപാടികൾ നടത്തി കലയെയും, സാഹിത്യത്തെയും പ്രോത്സാഹിപ്പിക്കുന്നു. പള്ളികളെപ്പറ്റി പറയുമ്പോൾ വ്ലാത്താങ്കര സെന്റ്മേരീസ് റോമൻ കത്തോലിക്കാചർച്ച്, മര്യാപുരം മൗണ്ട് കർമ്മൽ ചർച്ച്, സി എസ് ഐ കുടുംബോർഡ്, സി എസ് ഐ ഇസ്മേനിയപുരം കോടാങ്കര സി എസ് ഐ ചർച്ച് ആറയൂർ സി എസ് ഐ ചർച്ച് തുടങ്ങിയവരും കൊടയാൽ (പൊൻവിള) ലൂഥർ മിഷൻ ചർച്ച്, ചെറുതും വലുതുമായ അനേകം പെന്തക്കോസ്തുസഭകൾ തുടങ്ങിയദേവാലയങ്ങളും മതസഹിഷ്ണതയുടെ വേദമന്ത്രം ഉരുവിട്ടുകൊണ്ട് നിലനിൽക്കുന്നു.

ഈ പഞ്ചായത്തിൽ പ്രമുഖ വിഭാഗം നാടാർ വിഭാഗത്തിൽപ്പെട്ടവർ തന്നെയാണ്. രണ്ടാമതായി നായർവിഭാഗവും, മൂന്നാമതായി പട്ടികജാതി പട്ടിക വർഗ്ഗവിഭാഗവും നാലാമതായി ഈഴവവിഭാഗവും അതിനു താഴെ എണ്ണത്തിൽ – ആശാരിമാർ, വിളക്കിത്തല നായൻമാർ തുടങ്ങിയവരും, മറ്റ് പിന്നോക്കവിഭാഗക്കാരും ഉണ്ട്. ജാതി ഘടനയിൽ വരുന്ന "പോറ്റിമാരുടെ" ചില ഭനവങ്ങളും ഈ പഞ്ചായത്തിൽ ഉണ്ട്. എല്ലാ ജാതിവിഭാഗങ്ങളും ഏകദേശം സഹോദരങ്ങളെപ്പോലെ പരസ്പരം സഹകരിച്ച് കഴിഞ്ഞുകൂടുന്നു.

ഈ പഞ്ചായത്തിൽ 5 ഗ്രന്ഥശാലകളും 12 വായനശാലകളും ഉണ്ട്. ഇവയിൽ ആകെകൂടി 65000-ൽപ്പരം പുസ്തകങ്ങളും 60 മാസികകളും 45 ദിനപത്രങ്ങളും 40 ആനുകാലിക പ്രസിദ്ധീകരണങ്ങളും ഉണ്ട്. ഈ ഗ്രന്ഥശാലകളും വായനശാലകളും

ഒരു രണ്ടാംനിര വിദ്യാലയങ്ങളും വിജ്ഞാനകേന്ദ്രങ്ങളുമായി പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ സാക്ഷരതാപ്രവർത്തനത്തിൽ ഇവ നിസ്സീമമായ പങ്കാണ് വഹിച്ചിട്ടുള്ളത്.

ചുരുക്കി പറഞ്ഞാൽ ക്ഷേത്രങ്ങളും, പള്ളികളും, വിദ്യാലയങ്ങളും, നിരവധി ക്ലബുകളും, വായനശാല, ഗ്രന്ഥശാലകളും, മറ്റു സാംസ്കാരിക കേന്ദ്രങ്ങളും കല-സാംസ്കാരിക രംഗത്ത് വഹിക്കുന്ന പങ്ക് നിസീമങ്ങളാണ്. ഇവ നമ്മുടെ പുരോഗതിയുടെ പടവുകളെ ധന്യമാകുന്നു.

## സംസ്കാരം

### വാർഡ് I

കുന്നൻവിള ലക്ഷംവീട് കോളനിയിൽ ഒരു ടി വി കാസ്കും വാർഡിന്റെ മധ്യഭാഗത്ത് വട്ടവിള കേന്ദ്രമാക്കി ഒരു ടി വി റേഡിയോ കാസ്കും നിർമ്മിക്കേണ്ടതാണ്. ഒരു ചൈൽഡ് പാർക്കും കമ്മ്യൂണിറ്റിഹാളും 1-ാം വാർഡ് കേന്ദ്രമാക്കി സ്ഥാപിക്കേണ്ടതാണ്. പൊട്ടൻവിളയിൽ ഒരു കളിസ്ഥലം സ്ഥാപിക്കുകയും, ലൈബ്രറി, ഗ്രന്ഥശാലകൾ ഇവ തുടങ്ങുന്നതിനു വേണ്ടി പഞ്ചായത്തിൽ നിന്നും ഗ്രാന്റ് അനുവദിക്കണം.

### വാർഡ് II

II-ാം വാർഡിൽ യൂത്ത്ക്ലബ് എന്ന പേരിൽ പ്രവർത്തിയ്ക്കുന്ന സന്നദ്ധ സംഘടനയ്ക്ക് സ്വന്തമായി സ്ഥലവും, കെട്ടിടവും ടി വി കാസ്കും അനുവദിക്കണം. കൊച്ചുകുട്ടികളെ പഠിപ്പിക്കുന്നതിനുവേണ്ടി പിണർനിന്നവിള ബാലവാടിയും, അദ്വൈത മഹിളാ സമാജം ഫീഡിംഗ് സെന്ററും ഉണ്ട്. സ്ഥിരമായ കെട്ടിടവും കുട്ടികൾക്കാവശ്യമായ കളിക്കോപ്പുകളും, പഠനോപകരണങ്ങളും വിതരണം നടത്തേണ്ടതാണ്.

### വാർഡ് III

ഈ വാർഡിൽ ഗ്രന്ഥശാലകൾ, ലൈബ്രറികൾ, എന്നിവയ്ക്കും മറ്റു മാധ്യമങ്ങൾക്കും പ്രവർത്തിക്കുവാനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കണം.

### വാർഡ് IV

നിലവിലുള്ള ഗ്രന്ഥശാലയിൽ ഒരു ടി വി സെറ്റ് പ്രവർത്തിപ്പിച്ച് മെച്ചപ്പെടുത്തിയെടുക്കേണ്ടതാണ്. പുസ്തകങ്ങൾ കൂടുതൽ ശേഖരിക്കേണ്ടതിന് സാമ്പത്തിക സഹായങ്ങളും ചെയ്യുക.

### വാർഡ് V

ഈ വാർഡിൽ പ്രവർത്തിക്കുന്ന വായനശാലകൾക്കാവശ്യമായ പുസ്തകങ്ങളും മറ്റു മാധ്യമങ്ങളും ലഭിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.

### വാർഡ് VI

ഈ വാർഡിൽ പ്രവർത്തിക്കുന്ന സൻമ ന്വേഷണ ഗ്രന്ഥശാലയിൽ ഒരു ടി വി സെറ്റ് സ് ക്കുകയും കലാവാസനയുള്ള പ്രതിഭകളെ ക പ്രോത്സാപ്പിക്കേണ്ട നടപടി സ്വീകരിക്കുകയു യ്യുക.

### വാർഡ് VII

സാംസ്കാരിക കേന്ദ്രങ്ങളോ ഗ്രന്ഥശ ളോ, ലൈബ്രറികളോ ഈ വാർഡിൽ പ്രവർത്ത ന്നില്ല. ഒരു ഗ്രന്ഥശാലയും, സാമൂഹ്യക്ഷേമ കേന്ദ്ര തുടങ്ങുവാനുള്ള സഹായം പഞ്ചായത്തിൽ നി ലഭിക്കേണ്ടതാണ്. പൊന്നംകോട് എന്ന സ്ഥല ഹരിജനങ്ങൾക്ക് പ്രയോജനപ്പെടുന്ന ഒരു ടി സെന്റർ അനുവദിക്കേണ്ടതാണ്. നിലവിലുള്ള സമിതിക്ക് പഞ്ചായത്ത് ഗ്രാന്റ് അനുവദിക്ക സാക്ഷരത പ്രവർത്തനം വിപുലപ്പെടുത്താന പ്രോത്സാഹനം പഞ്ചായത്തിൽ നിന്നും ഉണ്ടാകേ താണ്.

### വാർഡ് VIII

ഈ വാർഡിൽ കലാ-കായിക സാംസ്കാരി രംഗങ്ങളിൽ പ്രഗത്ഭരെ വളർത്തിയെടുക്കാനുള്ള ന പടികൾ സ്വീകരിക്കുന്നതിനുവേണ്ടി ക്ലബുകൾ നി വിൽ വരുത്തേണ്ടതാണ്. വായനശാലകളും ഗ്രന്ഥശാ ലകളും കൂടാതെ വായ്ക്കാൽവരമ്പ്, പ്ലാമുട്ടുക്ക, ചെമ്മംവിള എന്നീ കോളനികളിൽ ടി വി പാർക്കുകൾ സ്ഥാപിക്കണം. മദ്യത്തിനെതിരെയുള്ള ബോധവൽക്കരണം നടത്തേണ്ടതാണ്. സന്നദ്ധസേവാ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും സാക്ഷരത പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും നഴ്സറി സ്കൂളിന്റെയും, സ്റ്റേഡിയത്തിന്റെയും പ്രവർത്തനം അത്യാധുനീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും വേണം. കൂടാതെ നമ്മുടെ ചരിത്ര താളുകളിൽ അലയടിച്ചുയർന്നു നിന്ന് ഭക്തിയുടെ അനശ്വരത ചൊരിയുന്ന ക്ഷേത്രങ്ങളെയും, പള്ളികളെയും, ഏകോപ്പിച്ചുകൊണ്ട് മതമൈത്രിസങ്കേതങ്ങൾ വളർത്തിയെടുത്ത് കലാസാംസ്കാരിക മൂല്യങ്ങളെ പരിപോഷിക്കുക.

### വാർഡ് IX

മര്യാപുരം കമ്യൂണിറ്റ് ഹാൾ തുറന്ന് പ്രവർത്തിപ്പിക്കുകയും നിലവിൽ പ്രവർത്തിക്കുന്ന വായനശാലകൾ പുന:രുദ്ധരിപ്പിച്ച് വേണ്ട പുസ്തകങ്ങളും മറ്റു സ്പോർട്സ് ഉപകരണങ്ങളും വാങ്ങാനുള്ള സഹായങ്ങൾ ചെയ്യേണ്ടതാണ്.

### വാർഡ് X

ചെങ്കൽ പഞ്ചായത്തിലെ പ്രധാനകേന്ദ്രമായ ഉദിയൻകുളങ്ങരയിൽ പഞ്ചായത്ത് ആഫീസിന്

സമീപത്തായി സ്ഥിതിചെയ്യുന്ന ഗ്രന്ഥശാലയിൽ വേണ്ടത്ര പുസ്തകശേഖരങ്ങളോ മറ്റു പഠനനിരീക്ഷണ ശേഖരങ്ങളോ ഇല്ല. പഞ്ചായത്തിന്റെ വകയായി ഒരു ടി വി സെറ്റ് ഈ ഗ്രന്ഥശാലയിൽ സ്ഥാപിച്ച് തുടർ നടപടികൾ സ്വീകരിച്ചാൽ ഈ വാർഡിൽ മാത്രമല്ല മറ്റു വാർഡുകളിലുള്ളവർക്കും പ്രയോജനം ചെയ്യുന്നതായിരിക്കും. ഉദിയൻകുളങ്ങര ചന്തയുടെ പുറകിൽ ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലം സന്നദ്ധസേവാസംഘടനകളെക്കൊണ്ട് നന്നാക്കിയെടുത്താൽ കലാകായിക വിനോദങ്ങൾക്കും മത്സരങ്ങൾക്കും പ്രയോജനപ്പെടുത്താവുന്നതാണ്.

### വാർഡ് XI

ചെങ്കൽ പഞ്ചായത്തിൽ സാംസ്കാരികമായി മുന്നിൽ നില്ക്കുന്ന വാർഡാണ് XI -ാം വാർഡ്. കേരള സ്കോട്ട് എന്ന അപര നാമധേയത്തിലറിയപ്പെടുന്ന കേരളത്തിന്റെ ചരിത്രാഖ്യായികകാരനായ സി. വി. രാമൻപിള്ളയുടെ നാമധേയത്തിൽ ഒരു ഗ്രന്ഥശാലയും ഒപ്പം വായനശാലയും ഈ വാർഡിൽ പ്രവർത്തിക്കുന്നു. കൂടാതെ ദേശാഭിമായി വായനശാലയും ഈ വാർഡിലാണ്. ദൂരദർശനിലും ആകാശവാണിയിലും കലാപരിപാടികൾ അവതരിപ്പിച്ച് ശ്രദ്ധപിടിച്ചുപറ്റി (പ്രത്യേകിച്ച് കഥാപ്രസംഗം വിൽമേള) സി. വി. ആർ. ആർട്ട്സ്, ഈ വാർഡിലാണ് പ്രവർത്തിക്കുന്നത്. കൂടാതെ സാരഥി ആർട്ട്സ് ക്ലബ്ബ് എന്നൊരു ആർട്ട്സ് ക്ലബ്ബും പ്രവർത്തിക്കുന്നുണ്ട്.

വിവിധ ജാതിമതസ്ഥർ ഈ വാർഡിൽ ഐക്യത്തോടെ കഴിയുന്നു. ഹിന്ദുക്കളും ക്രിസ്ത്യാനികളും അവരുടെ ഉത്സവങ്ങൾ ആർഭാടപൂർവ്വം ആഘോഷിക്കുന്നു. ഓണത്തിന് അത്തപ്പൂവിടൽ ഒരു മത്സരമായിത്തന്നെ വാർഡിന്റെ വിവിധഭാഗങ്ങളിൽ നടക്കുന്നു. ഇതിനു പിന്നിലുള്ള വിവിധ കലാസംഘടനകളുടെ മത്സരബുദ്ധി പ്രശംസനീയമാണ്. ചെങ്കൽ പഞ്ചായത്തിൽ നടന്നുവരുന്ന കേരളോത്സവത്തിൽ കൂടുതൽ സമ്മാനങ്ങളും വാങ്ങുന്നത് ഈ വാർഡിലെ യുവജനങ്ങളാണ്. സാംസ്കാരികമായുള്ള വളർച്ചയ്ക്ക് വളരെയധികം സാധ്യതകളുള്ള ഈ വാർഡിലെ ആർട്ട്സ് ക്ലബ്ബുകൾക്കും, ഗ്രന്ഥശാലകൾക്കും മറ്റും സ്വന്തമായി കെട്ടിടങ്ങളില്ല എന്നുള്ളത് ഒരു പോരായ്മയാണ്. ഇവയ്ക്ക് വസ്തു വാങ്ങി സ്വന്തം കെട്ടിടങ്ങൾ പണിയാനുള്ള സഹായങ്ങൾ ഉണ്ടാകണം.

### വാർഡ് XII

മലയാള സാഹിത്യത്തിലെ ചരിത്രനോവലിസ്റ്റ് സി. വി. രാമൻപിള്ളയുടെയും, നെയ്യാറ്റിൻകര രൂപതാമെത്രാൻ ഡോ: വിൻസന്റ് സാമുവലിന്റെയും ജന്മംകൊണ്ട് ധന്യമായ നാടാണ് ആറയൂർ കിഴക്കേ വാർഡ്. ശ്രീ.ചിത്തിര തിരുനാളിന്റെ സേനാധിപതി വി. എം. പരമേശ്വരൻ പിള്ളയുടെയും ജനനം ഈ വാർഡിലായിരുന്നു എന്നറിയുമ്പോൾ ഇവിടുത്തുകാർക്ക് അഭിമാനം തന്നെയാണ്. പക്ഷെ പുതിയ തലമുറയുടെ സാംസ്കാരിക വളർച്ചയ്ക്കായുള്ള യാതൊരുപാധികളും ഈ വാർഡിൽ കാണാനില്ല. അതിനാൽ ജനങ്ങളുടെ അറിവ് വർദ്ധിപ്പിക്കുന്നതിനായി ഈ വാർഡിൽ വായനാശാലയോടുകൂടിയ ഗ്രന്ഥശാല ആവശ്യമാണ്. ഒപ്പം ഒരു ടി വി കാസ്കും വേണം.

ഇപ്പോൾ നടക്കുന്ന കേരളോത്സവത്തിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കാനും കൂടുതൽ ഫലപ്രദമാക്കാനും വേണ്ട വാർഡുതലത്തിൽ കലാകായിക മത്സരങ്ങൾ സംഘടിപ്പിച്ചു അതിൽ വിജയികളാകുന്നവരെ പഞ്ചായത്തു തലത്തിൽ നടക്കുന്ന മത്സരങ്ങളിൽ പങ്കെടുപ്പിക്കണം. എങ്കിൽ കേരളോത്സവങ്ങളിൽ കാണുന്ന നിലവാരത്തകർച്ച ഒഴിവാക്കാനും കഴിയും.

### വാർഡ് XIII

സാംസ്കാരികോന്നമനത്തിനായുള്ള യാതൊരു പ്രവർത്തനങ്ങളും നടക്കാത്ത വാർഡാണിത്. അതുകൊണ്ട് സാംസ്കാരിക പ്രവർത്തനങ്ങളുടെ പുരോഗതിക്കായി റേഡിയോപ്പാർക്കും, ടി. വി. പാർക്കും സ്ഥാപിക്കണം.

പഞ്ചായത്തിന്റെയും നാട്ടുകാരുടെയും സഹായത്തോടെ ഒരു വായനശാലയും ലൈബ്രറിയും സ്ഥാപിക്കുവാൻ കഴിയും.

### കായികരംഗം

കായികരംഗത്ത് വലിയ സ്ഥാനമാനമൊന്നും പഞ്ചായത്തിലില്ല. എങ്കിലും ധാരാളം സാധ്യതകൾ ഇപ്പോൾ നിലനിൽക്കുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പല ക്ലബുകളിലായി വിവിധതരത്തിലുള്ള കായികമത്സരങ്ങൾ സംഘടിപ്പിക്കുന്നു. ജില്ലാ സംസ്ഥാന ടീമുകളിൽ പങ്കെടുത്ത പല സ്പോർട്സ്മാൻമാരും ഈ പഞ്ചായത്തിലുണ്ട്. കോടങ്കര കേന്ദ്രമായുള്ള ഒരു വോളി – ബാൾ ക്ലബ് നെയ്യാറ്റിൻകര താലൂക്കിലെ പ്രശസ്തമായ ഒരു ടീമാണ്. ഇതിലൂടെ നിരവധി കളിക്കാർ കായികരംഗത്ത് ശോഭിക്കുന്നതിനും അതിലൂടെ തൊഴിൽ ലഭിക്കുന്നതിനും സാധിച്ചിട്ടുണ്ട്. വോളി–ബാളിന് പുറമെ ഫുട്ബോൾ, ക്രിക്കറ്റ് എന്നിവയും ആണ് മറ്റ് ഗെയിമുകൾ. പഞ്ചായത്തിലെ പലവീടുകളിലും വ്യാപകമായി കണ്ടുവരുന്ന കളികളാണ് ഷട്ടിൽബാഡ്മിന്റനും, ചെസ്സ്, ക്യാരംസ്, കബഡികളി, കിളിത്തൊട്ടുകളി, നാടൻപന്തുകളി തുടങ്ങിയവ.

ജില്ലാ യൂണിവേഴ്സിറ്റി തലത്തിൽ മികച്ച കായികതാരങ്ങളെ വളർത്തിയെടുക്കാൻ ശ്രമിക്കേണ്ടതാണ്. അതിന് പറ്റിയസാഹചര്യങ്ങൾ പഞ്ചായത്തി

ലും സമീപസ്ഥലത്തും ഉണ്ട്. പഞ്ചായത്തിന്റെ അടുത്ത് സ്ഥിതിചെയ്യുന്ന ധനുവച്ചപുരം കോളേജ്, അവിടത്തെ സ്പോർട്സ് ഹോസ്റ്റൽ എന്നിവ ഈ രംഗത്ത് ഏറെ ആശ്വാസംതരുന്ന ഒന്നാണ്. അതുമാത്രമല്ല യൂണിവേഴ്സിറ്റി തലത്തിൽ ഏറ്റവും മികച്ച ഒരു സ്റ്റേഡിയവും ഇവിടെയുണ്ട്.

പഞ്ചായത്ത്തോറും ഓരോ സ്പോർട്സ് കൗൺസിൽ യൂണിറ്റ് തുടങ്ങാൻ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ഒരു suggestion പ്രസ്താവനയായി ചെയ്തു കണ്ടു. ആയത് ഈ പഞ്ചായത്തിലെ തോട്ടിൻകര സ്റ്റേഡിയം പരിശീനത്ത... യും അതിനോടു അനുബന്ധിച്ചു നിർമ്മിച്ചി... പഞ്ചായത്ത് കെട്ടിടം ഓഫീസ് ഉപയോഗത്തിനാ... കായിക പ്രവർത്തനങ്ങൾക്കും ഉപയോഗിക്കാ... താണ്. മാത്രവുമല്ല കായിക രംഗങ്ങളിൽ പ്രതിഭ... കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ... സരങ്ങൾ സംഘടിപ്പിക്കുവാൻ പഞ്ചായത്ത് മുൻ... യെടുക്കേണ്ടതാണ്. സ്കൂൾ തലങ്ങളിലും, ക്ലബ്ബു... മുഖേനയും സംഘടിപ്പിക്കുന്ന കായിക മത്സര... ക്ക് എല്ലാവിധ പ്രോത്സാഹനവും ചെയ്യേണ്ടതാ...



# വനിത

ഓരോ വീടിന്റെയും കെടാവിളക്കാണ് സ്ത്രീ. അവൾ ഉണർന്നാൽ വീടുണരും, ഗ്രാമമുണരും, അങ്ങനെ നാടുണരും. 19-ാം നൂറ്റാണ്ടിൽ ഭാരതീയവനിതകളുടെ ജീവിതരംഗത്ത് കൈവന്ന അദ്ഭുതാവഹമായ പുരോഗതിയും നമ്മുടെ ദേശീയതയുടെ വളർച്ചയ്ക്ക് സഹായകമായി. നൂറ്റാണ്ടുകളായി ഗൃഹത്തിനുള്ളിൽ തന്നെ ജീവിതം ഒതുക്കി നിർത്തിയിരുന്ന സ്ത്രീകൾ ഇക്കാലത്ത് ഉന്നതവിദ്യാഭ്യാസം നേടിക്കൊണ്ടും പൊതുരംഗത്ത് പ്രവേശിച്ചു. രമാഭായിറാനഡേ ആയിരുന്നു സ്ത്രീജനോദ്ധാരണത്തിന് മുൻകൈയെടുത്ത മഹതികളിലൊരാൾ. 1923-ൽ ഇന്ത്യൻ വനിതാസംഘടന സ്ഥാപിതമായി. 1923-ൽ സരോജിനി നായിഡു ഇന്ത്യൻ കോൺഗ്രസിന്റെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടത് വനിതകളുടെ കഴിവിനു ലഭിച്ച വലിയൊരു അംഗീകാരമായിരുന്നു.

1935-ലെ ഇന്ത്യാഗവൺമെന്റ് ആക്ട് അനുസരിച്ച് സ്ത്രീകൾക്ക് കൂടുതൽ രാഷ്ട്രീയാവകാശങ്ങൾ ലഭിച്ചു. ഇന്നിപ്പോൾ ഉന്നതതലങ്ങളിൽ ചലനമുണ്ടാക്കുവാനും മനുഷ്യമനസ്സുകളെ തട്ടിയുണർത്താനും വനിതകൾക്കു കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ തെളിവാണ് 1975-ൽ അന്താരാഷ്ട്ര വനിതാവർഷമായി ഐക്യരാഷ്ട്രസംഘടന പ്രഖ്യാപിച്ചത്. ഇന്ന് പഞ്ചായത്ത് മുതൽ പാർലമെന്റ്‌വരെ സ്ത്രീകൾക്ക് അർഹമായ പ്രാതിനിധ്യം ലഭിച്ചിരിക്കുന്നു.

അംഗത്വത്തിൽ വനിതകൾ 2-ാംസ്ഥാനത്തുനിൽക്കുന്ന ഒരു പഞ്ചായത്ത് ആണ് ചെങ്കൽ ഗ്രാമപഞ്ചായത്ത്. ഈ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും ദരിദ്രരേഖയ്ക്ക് താഴെയായതിനാൽ ഭൂരിപക്ഷം വനിതകളും എന്തെങ്കിലും തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. വിദ്യാഭ്യാസം, സാംസ്കാരികം, സാമൂഹികം തുടങ്ങിയ വേദികളിൽ മുൻപന്തിയിൽ നിൽക്കുന്നവരാണ് അധികം വനിതകളും. വനിതകൾക്കു മാത്രമായി ചെയ്യാൻ കഴിവുള്ള വ്യവസായങ്ങൾ വളരെ കുറവാണ്. എങ്കിലും നാമമാത്രമായി നെയ്ത്ത്, തയ്യൽ, എംബ്രോയ്ഡറി, പാങ്കൂർ, പ്ലാസ്റ്റിക്ക്കൊണ്ടുള്ള വീട്ടുപകരണങ്ങൾ തുടങ്ങിയവ ചെയ്യുവരുന്നുണ്ട്. ഈ പഞ്ചായത്തിലെ വനിതകളുടെ എണ്ണവുമായി താരതമ്യപ്പെടുത്തുമ്പോൾ ടി വ്യവസായങ്ങൾ വളരെ പരിമിതമാണെന്നു കാണാം. ആയതിനാൽ നിലവിലുള്ള വ്യവസായങ്ങളെ വിപുലീകരിക്കുകയും പുതുതായി വ്യവസായങ്ങൾ ഒറ്റയ്ക്കോ, സഹകരണാടിസ്ഥാനത്തിലോ, സന്നദ്ധസംഘടനകൾ വഴിയോ നടത്താൻ വേണ്ട സഹായസഹകരണങ്ങൾ പഞ്ചായത്തിൽനിന്ന് ലഭിക്കേണ്ടതാണ്. കളിമൺവ്യവസായം, തീപ്പെട്ടിവ്യവസായം, മെഴുകുതിരിവ്യവസായം, പനയോലവ്യവസായം, കോഴിവളർത്തൽ ഇവയെല്ലാം സ്ത്രീകൾക്കു മാത്രമായി ചെയ്യാൻ കഴിയുന്ന തൊഴിലുകൾ ആണ്.

കാർഷികപരമായി ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന ഒരു പഞ്ചായത്ത് ആണ് ചെങ്കൽ ഗ്രാമപഞ്ചായത്ത്. എന്നാൽ കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന വനിതകളുടെ എണ്ണം വളരെ കുറവാണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. വനിതകളെ കാർഷികവൃത്തിയിൽ ഏർപ്പെടുന്ന പ്രക്രിയയെ ത്വരിതപ്പെടുത്തുന്നതിലൂടെ കാർഷികവൃത്തിയും അതിലൂടെ പഞ്ചായത്തിലെ സമ്പദ്സമൃദ്ധിയും, സമ്പത്തും കൈവരിക്കാവുന്നതാണ്. ആയതിലേക്ക് അടുക്കളത്തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നതിനാവശ്യമായ ഗുണമേന്മയുള്ള പച്ചക്കറിവിത്തുകൾ നാഷണൽ സീഡ് കോർപ്പറേഷൻ (NSC), കാർഷികകോളേജ് തുടങ്ങിയ സ്ഥലങ്ങളിൽനിന്ന് ശേഖരിച്ച് സൗജന്യമായി വിതരണം ചെയ്യുകയും അവയ്ക്കാവശ്യമായ വളവും കീടനാശിനികളും സൗജന്യമായി വിതരണം ചെയ്യുകയും വേണം. അവയെ പരിചരിക്കുന്നതിനാവശ്യമായ വിദഗ്ധോപദേശം കാർഷിക വിദഗ്ധന്മാരെ കൊണ്ട് കൊടുപ്പിക്കേണ്ടതാണ്.

സാമൂഹികവും സാംസ്കാരികവുമായി മുൻപന്തിയിൽ നിൽക്കുന്ന ഈ പഞ്ചായത്തിലെ വനിത

കൾ. ഈ പഞ്ചായത്തിലെ സാമൂഹ്യദുരാചാരങ്ങൾക്കും അനീതികൾക്കുമെതിരെ ധീരധീരമായി പോരാടുന്നു. മദ്യവിൽപ്പന ഈ പഞ്ചായത്തിൽനിന്നും എന്നെന്നേക്കുമായി നീക്കം ചെയ്യുന്നതിനുവേണ്ടി ഈ പഞ്ചായത്തിലെ വനിതകൾ വഹിച്ച പങ്ക് നിസ്സുലമാണ്. കുടുംബം പുലർത്തുന്ന കാര്യത്തിൽ പുരുഷൻമാരോടൊപ്പം സ്ത്രീകളും നല്ലൊരു പങ്കു വഹിക്കുന്നുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസത്തിനും സംസ്കാരത്തിനുമെല്ലാം വളരെയേറെ ശ്രദ്ധ പുലർത്തുന്നവരാണ് സ്ത്രീകൾ.

ദേശിയമായി വനിതകൾക്ക് പ്രാധാന്യം കൽപ്പിക്കുന്നു എങ്കിലും വനിതകൾ ഇന്നും അടിച്ചമർത്തപ്പെട്ട വിഭാഗമായി കഴിയുന്നു എന്നതാണ് സത്യം. എന്നാൽ ഈ പഞ്ചായതതിൽ സ്ത്രീപുരുഷസമത്വം നിലനിർത്തി ജീവിച്ചുപോരുന്നു. സ്ത്രീധനം എന്ന സാമൂഹികവിപത്ത് ഈ ഗ്രാമപഞ്ചായത്തിലെ വനിതകളേയും സാരമായി ബാധിക്കുന്നു. കർഷകരും, കർഷകതൊഴിലാളികളും, കൂലിവേലക്കാരും അടങ്ങുന്ന ഒരു ജനതയാണ് നമ്മുടെ ഗ്രാമപഞ്ചായത്തിലുള്ളത്. ഈ സാഹചര്യത്തിൽ സ്ത്രീധനം എന്ന ബാലികേറാമലയിൽ എത്തിപ്പിടിക്കാൻ പറ്റാത്ത സാഹചര്യത്തിൽ പെൺകുട്ടികളുടെ വിവാഹം ഇന്നും രക്ഷകർത്താക്കളിൽ ഒരു ചോദ്യചിഹ്നമായി അവശേഷിക്കുന്നു. ഈ സാമൂഹ്യവിപത്തിനെതിരെ പോരാടാൻ വേണ്ട പ്രചോദനം ഈ പഞ്ചായത്തിൽ നിന്നും ഉണ്ടാകേണ്ടതാണ്.

ജനങ്ങളെ ഉണർവ്വുള്ളവരാക്കി തീർക്കാൻ സ്ത്രീകൾ ഉണർന്നു പ്രവർത്തിക്കണം. അവർ പ്രവർത്തനരംഗത്തിറങ്ങിയാൽ കുടുംബം മുഴുവനും ഇറങ്ങുന്നു. അതോടൊപ്പം ഗ്രാമവും രാഷ്ട്രവും നീങ്ങുന്നു: – ജവഹർലാൽ നെഹ്റു

## വനിതകൾക്കുവേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങൾ

1. യാതൊരു സംരക്ഷണവും ഇല്ലാത്തവരെ പുനരധിവസിപ്പിക്കുന്നതിനു വേണ്ടി അഗതിമന്ദിരം സ്ഥാപിക്കുക.
2. എംബ്രോയിഡറി, പനയോലവ്യവസായം, അച്ചാറുനിർമ്മാണം, കൈത്തറി ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന ജോലി തുടങ്ങിയവ പരിശീലനം നല്കാനുള്ള സാഹചര്യം സൃഷ്ടിക്കുക.
3. വീട്ടുവളപ്പിൽ പച്ചക്കറികൃഷി ആരംഭിക്കുക. അതിനായി വിത്തും വളവും സൗജന്യമായി വിതരണംചെയ്യുക. രാസവളം ഉപയോഗിക്കുന്നതിനു പകരം ജൈവവളം ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ബോധവല്ക്കരണം നടത്തുക.
4. ആട്, കോഴി, പശുവളർത്തൽ എന്നിവയ്ക്കുള്ള ധനസഹായവും പ്രോത്സാഹനവും നല്കുക.
5. ആരോഗ്യകുടുംബക്ഷേമസൗകര്യങ്ങളെപ്പറ്റി ചർച്ചാക്ലാസ്സുകൾ സംഘടിപ്പിക്കുക. ഈ ക്ലാസ്സുകൾ വാർഡുകൾതോറും നടത്തേണ്ടതാണ്.
6. വിദ്യാഭ്യാസകർമ്മസമിതിയുടെ സജീവമായ ഇടപെടലിലൂടെ സ്കൂളുകൾതോറും മാതൃസംഗമങ്ങൾ ഫലപ്രദമായി നടത്തുക. അങ്ങനെ മാറിവരുന്ന വിദ്യാഭ്യാസരീതികളെപ്പറ്റിയും പഠനസമ്പ്രദായങ്ങളെ പറ്റിയുമുള്ള ബോധവൽക്കരണം നടത്തുക. ഇത് സമൂഹത്തിൽ അവർക്കുള്ള പങ്കിനെപ്പറ്റിയും ഭാവിതലമുറയെ എങ്ങനെ വളർത്തിക്കൊണ്ടു വരണമെന്നും അവർക്ക് സമൂഹത്തിൽ എന്തുമാത്രം കടപ്പാടുകൾ ഉണ്ടെന്നുമുള്ള ശരിയായ ദിശാബോധം ഉണ്ടാകത്തക്ക തരത്തിൽ വേണം സംഘടിപ്പിക്കാൻ.
7. സ്ക്കൂളുകളിൽ മാതൃസംഗമം സംഘടിപ്പിക്കുന്ന തരത്തിൽതന്നെ വാർഡുകൾതോറും മാതൃസംഗമങ്ങൾ നടത്തുകയും തുടർന്ന് ഗൃഹസദസ്സുകൾക്ക് രൂപംകൊടുത്തുകൊണ്ട് ഉപഭോക്തൃവഞ്ചനയ്ക്കെതിരായും മായംചേർക്കലിനെതിരായും ഫലവത്തായ ക്യാമ്പെയിനുകൾ നടത്താൻ കഴിയും. ഇത്തരം പ്രവർത്തനങ്ങൾ സമൂഹത്തിൽ ദൂരവ്യാപകമായ ഫലങ്ങളുളവാക്കും. രാസവളം ഉപയോഗിക്കാത്ത അടുക്കളത്തോട്ട നിർമ്മാണത്തെപ്പറ്റിയും ഗൃഹസദസ്സുകളിൽ ഫലപ്രദമായ ചർച്ച സംഘടിപ്പിക്കാൻ കഴിയും.
8. ഗൃഹസദസ്സുകൾ കേന്ദ്രമാക്കി കൈത്തൊഴിൽ പരിശീലനവും കൊച്ചുകൊച്ചു ഉല്പാദനയൂണിറ്റുകളും ആരംഭിക്കാൻ കഴിയും.

# സഹകരണം



ഭാരതത്തിൽ 1904–ൽ സഹകരണനിയമത്തിന്റെ അടിസ്ഥാനത്തിൽ വായ്പാസംഘങ്ങൾ രൂപീകൃതമായി. ഈ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് കാർഷികവ്യാവസായികരംഗങ്ങളിൽ സഹകരണപ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നത്. അതിനുശേഷമാണ് കേരളത്തിൽ സഹകരണരംഗത്ത് വിപ്ലവകരമായ മുന്നേറ്റം ഉണ്ടാകുന്നത്. 1969–ൽ നിലവിൽവന്ന സഹകരണനിയമമാണ് കേരളത്തിൽ ഇന്ന് നിലനിൽക്കുന്നത്. കേരളത്തിന്റെ സഹകരണ മാതൃകയാണ് ഇന്ന് മറ്റു സംസ്ഥാനങ്ങളിൽ നടപ്പിലാക്കാൻ ശ്രമിക്കുന്നത്. ജന്മിമാരുടെയും ഇടത്തട്ടുകാരുടെയും ചൂഷണത്തിൽനിന്നും കൃഷിക്കാരെ സംരക്ഷിക്കുക എന്നതായിരുന്നു ഈ സഹകരണ സംഘങ്ങളുടെ പ്രധാനലക്ഷ്യം. ഇപ്പോൾ കൃഷി, കന്നുകാലിവളർത്തൽ, വ്യവസായം, ഗൃഹോപകരണങ്ങൾ വാങ്ങൽ തുടങ്ങി ഉപഭോക്തൃസഹകരണസംഘങ്ങൾ വളരെ പ്രവർത്തിക്കുന്നുണ്ട്. സഹകരണ മേഖല പൊതുമേഖലയ്ക്കും സ്വകാര്യമേഖലയ്ക്കുമിടയിൽ ബ്യൂറോക്രസിയിൽനിന്നും വിമുക്തമായ ഒരു ജനകീയ പ്രസ്ഥാനമായി നിലകൊള്ളുന്നു. ജനങ്ങൾക്കാവശ്യമായ ഹ്രസ്വമായ, മദ്ധ്യകാല, ദീർഘകാല വായ്പകൾ അനുയോജ്യമായ പദ്ധതികൾക്ക് നല്കി വരുന്നു.

വിവിധ മേഖലകളിലായി 11 (പതിനൊന്ന്) സഹകരണസ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഇവയിൽ രണ്ടെണ്ണം പ്രാഥമിക കാർഷിക സഹകരണസംഘങ്ങളും 5 ക്ഷീരസഹകരണസംഘവും ഒരു ഹരിജൻസഹകരണ സംഘവും ഒരു ഭവനനിർമ്മാണ സഹകരണസംഘവും ഒരു വനിതാ വ്യവസായ സഹകരണസംഘവും, ഒരു ഫാംമിംഗ് സഹകരണസംഘവുമാണ്.

ചെങ്കലിലും, ആറയൂരിലുമായി പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക സഹകരണസംഘങ്ങൾ പ്രധാനമായി കാർഷികവായ്പയും മറ്റ് ഹ്രസ്വകാല, മദ്ധ്യകാല, ദീർഘകാല വായ്പകളും വിതരണം ചെയ്യുന്നുണ്ട്. കൂടാതെ പ്രതിമാസലേലചിട്ടികളും, സഹകരണമാവേലിസ്റ്റോർ, കൺസ്യൂമർസ്റ്റോർ, വളംഡിപ്പോ എന്നിവയും നടത്തിവരുന്നുണ്ട്. ചെങ്കൽപഞ്ചായത്തിലെ ജനങ്ങളെ ഋണബാദ്ധ്യതയിൽ നിന്ന് മോചിപ്പിക്കുവാനും അംഗങ്ങളുടെ സാമ്പത്തിക പുരോഗതിക്കും കാര്യമായ സഹായങ്ങൾ സഹകരണസംഘങ്ങൾ ചെയ്തുവരുന്നുണ്ട്. അതുപോലെതന്നെ ഹരിജനങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തിച്ചുവരുന്ന ചെങ്കൽ ഹരിജൻ സഹകരണ സംഘവും കാര്യക്ഷമമാകുന്നുണ്ട്. ചെങ്കൽ ഹൗസിംഗ് കോ–ഓപ്പറേറ്റീവ് സൊസൈറ്റി നെയ്യാറ്റിൻകര താലൂക്ക് മുഴുവൻ പ്രവർത്തനമേഖലയുള്ള ഒരു ഭവനനിർമ്മാണ സഹകരണസംഘമാണ്. ഈ മേഖലയിൽ ആയിരത്തി ഇരുന്നൂറോളം അംഗങ്ങൾ ഉണ്ട്. ക്ഷീരോല്പാദനമേഖലയിൽ ക്ഷീരകർഷകരുടെ ക്ഷേമം ലാക്കാക്കി അഞ്ച് ക്ഷീരവികസന സഹകരണസംഘങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ക്ഷീരോല്പാദക സഹകരണസംഘങ്ങൾ വഴി ശേഖരിക്കുന്ന പാൽ പഞ്ചായത്തിനകത്തും പുറത്തുമുള്ള പ്രദേശങ്ങളിൽ വിപണനം നടത്തുവാൻ കഴിയുന്നുണ്ട്. വ്ലാത്താങ്കരയിൽ പ്രവർത്തിക്കുന്ന ഫാമിംഗ് സഹകരണസംഘവും വനിതകളുടെ ഇടയിൽ വ്യാവസായികശീലം വളർത്തി വനിതകളുടെ സാമ്പത്തിക വിമോചനത്തിനായി പ്രവർത്തിയ്ക്കുന്ന മര്യാപുരം വനിതാവ്യവസായ സഹകരണസംഘവും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. വിവരങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 2

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
|---|---|---|---|---|---|---|---|---|
| നമ്പർ | സ്ഥാപനത്തിന്റെ പേര് | ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗങ്ങൾ | അംഗീകൃത ഓഹരി മൂലധനം | നിക്ഷേപം | വായ്പകൾ | |
| | | | | | | | കാർഷികം | മറ്റുള്ളവ |
| 1 | ചെങ്കൽ SCB 1258 | $22 \frac{10}{1101}$ | ചെങ്കൽ പഞ്ചായത്തിലെ 5 വാർഡുകൾ | 6085 | 10 ലക്ഷം | 5976055.34 | 46,83,905 | 39,43,202 |
| 2 | ചെങ്കൽ ഹരിജൻ സർവ്വീസ് സഹകരണ സംഘം | 1974 | ചെങ്കൽവില്ലേജിൽ പോരന്നൂർ ഒഴികെയുള്ള മേഖല | 872 | 30,000 | 20,852 | ഇല്ല | 95,500 |
| 3 | ചെങ്കൽ ഹൗസിംഗ് സഹകരണസംഘം | 1980 | നെയ്യാറ്റിൻകര താലൂക്ക് | 625 | 40,00,000 | ഇല്ല | ഇല്ല | 65,90,000 |

മുകളിൽ കാണിച്ചിട്ടുള്ള പട്ടികയിൽനിന്നും ഈ മേഖലയിലെ പ്രവർത്തനം വിലയിരുത്താവുന്നതാണ്. ഇനിയും അധികം സാദ്ധ്യതകൾ ഈ മേഖലയിൽ നിലവിലുണ്ട്. അവ പരമാവധി ചൂഷണം ചെയ്യേണ്ടതാണ്. വിവിധയിനം കുടിൽ വ്യവസായങ്ങൾ ചെയ്തുജീവിക്കുന്നവരെയും തയ്യൽ തൊഴിലാളികളെയുമെല്ലാം സഹകരണസ്ഥാപനങ്ങളുടെ പരിധിയിൽ കൊണ്ടുവന്നാൽ വളരെ ഗുണകരമായിരിക്കും. പഞ്ചായത്തിൽ കിട്ടുന്ന കാർഷിക വിഭവങ്ങളെ സഹകരണ സംഘങ്ങൾവഴി സംഭരിച്ച് വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടായാൽ കർഷകർക്കും ഉപഭോക്താക്കൾക്കും അത് വളരെയേറെ ഗുണം ചെയ്യും

| ക്രമ നമ്പർ | സഹകരണസ്ഥാപന ത്തിന്റെ പേര് | ഉദ്ദേശ്യം | അംഗങ്ങളുടെ എണ്ണം | സ്ഥാപിത വർഷം |
|---|---|---|---|---|
| 1 | ചെങ്കൽ SCB 1258 | കാർഷികധനസഹായം | 6085 | 22 $\frac{10}{1101}$ ME |
| 2 | ചെങ്കൽ ഹരിജൻ സർവ്വീസ് സഹകരണസംഘം | ഹരിജനക്ഷേമം | 872 | 1974 |
| 3 | ചെങ്കൽ ഹൗസിംഗ് സഹകരണ സംഘം T 756 | ഭവന നിർമ്മാണം | 625 | 1980 |
| 4 | ആറയൂർ സർവ്വീസ് സഹകരണബാങ്ക് No 69 | കാർഷിക ധനസഹായം | 6209 | 8 $\frac{9}{1099}$ ME |
| 5 | മരിയാപുരം വനിതാക്ഷേമ സഹകരണസംഘം T 945 | വനിതാക്ഷേമം | 700 | 19 87 |
| 6 | വ്ലാത്താങ്കര ഫാമിംഗ് സഹകരണസംഘം | ലഭിച്ചില്ല | ലഭിച്ചില്ല | ലഭിച്ചില്ല |
| 7 | വ്ലാത്താങ്കര KWCS T 48 (D) APCOS | ക്ഷീരോല്പാദനം | ലഭിച്ചില്ല | ലഭിച്ചില്ല |
| 8 | മരിയാപുരം KUCS T 92 (D) | ക്ഷീരോല്പാദനം | " | " |
| 9 | ആറയൂർ ഈസ്റ്റ് & വെസ്റ്റ് KUCS T 106 (D) APCOS | ക്ഷീരോല്പാദനം | " | " |
| 10 | പോരന്നൂർ KUCS T 179 (D) APCOS പ്ലാമൂട്ടുകട | ക്ഷീരോല്പാദനം | " | " |
| 11 | കീഴ്ക്കൊല്ലKUCS T 120 (D) APCOS വട്ടവിള | ക്ഷീരോല്പാദനം | " | " |



# പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം

1991-ലെ സെൻസസ് പ്രകാരം ആകെ ജന സംഖ്യയുടെ 25% പട്ടികജാതി വിഭാഗമാണ്. ഈ പഞ്ചായത്തിലെ പട്ടികജാതി ഈ കുടുംബങ്ങൾ ആറയൂർ മച്ചിംഗവിളാകം, അറത്തലയ്ക്കൽ, മര്യാപുരം, വായ്ക്കാൽവരമ്പ്, പൈങ്കര, ആശാരൂർകുളം, മേലന്മാകം പുതുവൽ, കാളിവിളാകം, കാക്കനാട്, കുന്നൻവിള, വട്ടവിള എന്നീ കോളനികളിൽ കൂട്ടമായും പഞ്ചായത്തിന്റെ ഇതര സ്ഥലങ്ങളിൽ ഒറ്റ ഒറ്റയായും താമസിക്കുന്നു. ക്ലേശ സമ്പൂർണ്ണമായ ജീവിതം നയിച്ചുവരുന്ന ഈ ആളുകൾ, രാഷ്ട്രീയ സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ മണ്ഡലങ്ങളിൽ ആശാവഹമായ നിരവധി നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും മറ്റൊരു സത്യം അവശേഷിക്കുകയാണ്. അതായത് സാമ്പത്തിക പരാധീനത. സാമ്പത്തികമായി നിരവധി കുടുംബങ്ങളും ഇന്നും ദാരിദ്ര്യരേഖയ്ക്ക് താഴെ അർദ്ധപട്ടിണിക്കാരായി കഴിഞ്ഞു കൂടുന്നു.

ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്തേന വാഴുന്ന മാതൃകാസ്ഥാനമാണിത് എന്ന് ഉദ്ഘോഷിച്ച ഈ മലയാളനാട്ടിൽ ഇരുപതാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിലും മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്ന കീഴ്വഴക്കത്തിന് എവിടെ നിന്നൊക്കെയോ സംഘടിതമായ ഇടപെടലുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ജന്മിമാരുടെ കൃഷിയിടങ്ങളിൽ പണിയെടുത്ത് അവരുടെ സൗധങ്ങൾ പരിരക്ഷിക്കുവാൻ വിധിക്കപ്പെട്ടിരുന്ന കാലത്ത് ഒരിറ്റ് ആശ്വാസത്തിന്റെ വിളംബരങ്ങളായി കടന്നുവരുന്ന കുടികിടപ്പ് അവകാശവും മിച്ചഭൂമിയുടെ ലഭ്യതയും അവരെക്കൂടി സാമൂഹ്യധാരയിൽ കൊണ്ടുവരുവാൻ സഹായിച്ചിട്ടുണ്ട്.

നമ്മുടെ മണ്ണിനെ പരിപാലിയ്ക്കുന്ന മണ്ണിന്റെ ഗന്ധമുള്ള ഇവരുടെ, പരമ്പരാഗതമായ കുടിൽ വ്യവസായങ്ങളായ പനയോലവ്യവസായം, കുമ്മായം, കെട്ടിടനിർമ്മാണം, ശാസ്ത്രീയമായ വ്യതിയാനങ്ങളില്ലാത്തതിനാൽ ഇന്ന് അധഃപതനത്തിന്റെ വക്കിലാണ് ഇവരുടെ തൊഴിലിനും ഉന്നതിയ്ക്കും വേണ്ടി സർക്കാരിന്റെ ഏജൻസികൾ നല്കിവരുന്ന വിവിധങ്ങളായ പദ്ധതി ആനുകൂല്യങ്ങൾ ഇടനിലക്കാരുടെ ചൂഷണം മൂലവും അനാസ്ഥമൂലവും കാലാകാലങ്ങളിൽ യഥാസമയം അർഹരായവർക്ക് ലഭിക്കാതെ പോകുന്നതിനാൽ "കോരന് കഞ്ഞി എന്നും കുമ്പിളിൽ" തന്നെ. ആയതിനാൽ അവർ ദാരിദ്ര്യത്തിൽ നിന്നും വീണ്ടും ദാരിദ്ര്യത്തിലേക്കും, സാമ്പത്തികമായി പിന്നോക്കാവസ്ഥയിലേക്കും മൂക്ക് കുത്തി വീഴുന്നു.

## വിദ്യാഭ്യാസം:-

സാക്ഷരകേരളം സുന്ദരകേരളം എന്ന് പ്രഘോഷിച്ചു കൊണ്ട് പാടത്തും പണിശാലകളിലും വിയർപ്പൊഴുക്കി ജീവിച്ചിരുന്നവരെ അക്ഷരങ്ങളുടെ ലോകത്തേയ്ക്ക് ആനയിച്ചെങ്കിലും തുടർവിദ്യാഭ്യാസത്തിൽ അന്തർഭവിച്ചുപോയ അലംഭാവം ഇവരെ വീണ്ടും നിരക്ഷരരാക്കിയിട്ടുണ്ടാവണം. ഭീമമായ സാമ്പത്തിക ഞെരുക്കം കാരണം കുട്ടികളെ സ്കൂളിലേയ്ക്ക് അയയ്ക്കുവാനോ അവരെ വിദ്യാഭ്യാസം ചെയ്യിപ്പിക്കാനോ കഴിയാതെ നെട്ടോട്ടമോടുന്ന രക്ഷകർത്താക്കളുടെ കുടുംബബാധ്യത കുഞ്ഞിൻനാളിലെ ഏറ്റെടുക്കേണ്ടിവരുന്നതിനാൽ പഠിത്തം നിർത്തേണ്ടിവരുന്ന കുരുന്നുഹൃദയങ്ങളേയും പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ കാണാൻ കഴിയുന്നതാണ്. ഹൃദയ തന്ത്രികളിൽ ഉറയാത്ത സ്നേഹമുള്ള ഒരു കൂട്ടം വിദ്യാസമ്പന്നരുടെ കൂട്ടായ പരിശ്രമമുണ്ടെങ്കിൽ മാത്രമേ സമൂഹത്തിലെ താഴെത്തട്ടിലാണ്ടുപോയ ഒരു വിഭാഗമായ പട്ടികജാതിക്കാരെ വിദ്യാഭ്യാസം കൊടുത്ത് ദേശീയ ധാരയിൽ അണിനിരത്തുവാൻ കഴിയുകയുള്ളു. 1996-1997 അദ്ധ്യയനവർഷത്തിൽ ഈ പഞ്ചായത്തിൽ ആകെ 748 പട്ടികജാതി

വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. ഇവരിൽ 393 ആൺകുട്ടികളും 355 പെൺകുട്ടികളുമാണ്. SSLC പരീക്ഷയിൽ പരാജയപ്പെടുന്നവർ തുടർവിദ്യാഭ്യാസത്തിന് തയ്യാറാകുന്നില്ല. അതിനുകാരണം സാമ്പത്തിക ബുദ്ധിമുട്ടുതന്നെയാണ്.

## സാമൂഹ്യസാംസ്കാരികനില:-

ഏതൊരു ദേശത്തിന്റേയും പുരോഗതി ആ നാട്ടിലെ മനുഷ്യന്റെ അറിവിനെ ആശ്രയിച്ചാണിരിക്കുന്നത്. അറിവ് ലഭിച്ചാലെ പഴയതിൽനിന്നും പുതിയതിലേയ്ക്ക് എത്തിച്ചേരൻ കഴിയുകയുള്ളൂ. എന്നാൽ ഈ പഞ്ചായത്തിൽ ഭൂരിപക്ഷം പട്ടികജാതിക്കാരുടെ ബൗദ്ധിക മണ്ഡലത്തെ ധ്വദിപ്പിക്കുന്ന രീതിയിൽ വിദ്യാഭ്യാസം നൽകുവാൻ കഴിഞ്ഞില്ലെങ്കിലും നമ്മുടെ നാട്ടിലെ വികസന കാര്യങ്ങളിലെല്ലാം കർമ്മോന്മുഖമായ പ്രവർത്തനം കാഴ്ച വയ്ക്കുവാൻ അവർക്ക് കഴിയുന്നു. 5% ആളുകൾ ഉന്നതനിലവാരം പുലർത്തുന്നുവെങ്കിലും ഭൂരിപക്ഷം പേരും പിന്നോക്കാവസ്ഥയിലാണ്. അന്ധവിശ്വാസങ്ങളെ വെല്ലുവിളിച്ച ഇവരുടെ ഇടയിൽ ആചാരങ്ങളൊന്നും ഇന്ന് നിലവിലില്ല. സാംസ്കാരിക രംഗത്ത് വനിതകളെക്കാൾ മുമ്പന്തിയിലാണ് പുരുഷന്മാർ.

## ആചാരാനുഷ്ഠാനങ്ങൾ:-

സാമൂഹ്യ രംഗങ്ങളിൽ പരിവർത്തനത്തിന്റെ ശംഖൊലി മുഴക്കി കാലംകൊഴിഞ്ഞു പോയെങ്കിലും നമ്മുടെ ആചാരനുഷ്ഠാനങ്ങൾക്ക് വളരെയധികം വ്യതിയാനങ്ങളൊന്നും തന്നെ വന്നിട്ടുള്ളതായി കാണുന്നില്ല. ചില ആചാരങ്ങൾ അല്പമെങ്കിലും വ്യതിയാനും സംഭവിച്ചെങ്കിലും അവ ഇന്നും നിലനില്ക്കുകയാണ്. അവയ്ക്കൊന്നും ഒരു കോട്ടവും തട്ടിയിട്ടില്ല. ഈ വിഭാഗത്തിന്റെ സമ്പന്നമായ കരവിരുതും അനുഷ്ഠാന കലകളും മതിയായ തോതിൽ പ്രോത്സാഹിപ്പിച്ചാൽ നിലവിലുള്ള ആചാരക്രമങ്ങൾ നിലനിർത്തുവാൻ കഴിയും. ഇവിടത്തെ പട്ടികജാതിക്കാരിൽ ഭൂരിഭാഗവും അവരവരുടെ കുലത്തൊഴിലുകൾ ചെയ്തു ഉപജീവനം നടത്തുന്നവരാണ്. എന്നാൽ ഇത്തരം തൊഴിലുകളുടെ തകർച്ചയും അതിനുവേണ്ടുന്ന പരിചരണവും ഇല്ലാത്തതിനാൽ ജീവിക്കുവാനുള്ള വ്യാഗ്രതയിൽ അവർ മറ്റ് തൊഴിലുകൾ തേടി അലയുന്നു. ആയതിനാൽ പരമ്പരാഗതമായ തൊഴിൽ സാധ്യതകൾ നിലനിർത്തുവാൻ വേണ്ടി ബന്ധപ്പെട്ട സർക്കാരിൽനിന്നും വേണ്ടത്ര പ്രോത്സാഹനത്തോടുകൂടിയ സംരംഭങ്ങൾ ആരംഭിക്കണം.

## പാർപ്പിടം

അടിസ്ഥാന ആവശ്യങ്ങളിലൊന്നായ പാർപ്പിട പ്രശ്നം പൂർണ്ണതോതിൽ പരിഹരിയ്ക്കാൻ കഴിഞ്ഞിട്ടില്ലാ എങ്കിലും സർക്കാരിന്റെ വിവിധ ഏജൻസികളുടെ കൂട്ടായ പ്രവർത്തനവും സാമ്പത്തിക സഹായം നല്കലും കാരണം ഭൂരിപക്ഷത്തിനും ഇത് പരിഹരിയ്ക്കാൻ കഴിഞ്ഞു. ഇന്നത്തെ നിലയിൽ പട്ടികജാതിക്കാർ കൂട്ടമായി താമസിച്ചുവരുന്ന കോളനി പ്രദേശങ്ങളിൽ ആനുകൂല്യങ്ങൾ നല്കുന്നതോടൊപ്പം പഞ്ചായത്തിന്റെ മറ്റു പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികജാതിക്കാർക്കും കൂടി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന നടപടികൾ സർക്കാരിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടതാണ്. അതുപോലെ തന്നെ പദ്ധതികൾക്ക് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം ഒന്നുംതന്നെ വിജയകരമായി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ അനുവദിക്കുന്ന ആനുകൂല്യങ്ങളുടെ പരിധി വർദ്ധിപ്പിക്കുവാൻ വേണ്ട നടപടിയുണ്ടായാൽ പ്രയോജനപ്രദമായിരിക്കും.

## ആരോഗ്യം

ആരോഗ്യപ്രവർത്തന രംഗത്ത് നിരവധി സർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾ ഉണ്ടെങ്കിലും പട്ടികജാതിക്കാർക്ക് പ്രയോജനം ചെയ്യുന്നതരത്തിലുള്ള സേവനം ലഭിക്കുന്നില്ല. ആരോഗ്യസെമിനാറുകൾ സംഘടിപ്പിക്കുന്നതിലും ഗർഭിണികളുടെയും അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യം മെച്ചപ്പെടുത്തുവാനുള്ള മരുന്നുകൾ സൗജന്യനിരക്കിൽ ഈ സ്ഥാപനങ്ങളിലൂടെ വിതരണം ചെയ്യേണ്ടതാണ്. പ്രോട്ടീൻ ഇല്ലാത്ത ആഹാര പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതുമൂലം പട്ടികജാതിക്കാരുടെ കുടുംബങ്ങളിൽ ഇന്നും രോഗങ്ങൾ നിരന്തരം ശല്യമുണ്ടാക്കുന്നുണ്ട്. ജീവിതത്തിലും ഏറ്റക്കുറച്ചിലുകൾ ഉണ്ടാക്കുന്നതായി കാണാം. കോളനി നിവാസികളായ ഭൂരിഭാഗം പട്ടികജാതി കുടുംബങ്ങൾക്ക് നല്ല രീതിയിലുള്ള വൈദ്യസഹായം ലഭ്യമല്ലാത്തതിനാൽ രോഗങ്ങൾ വർദ്ധിക്കുന്നു. ഒപ്പം കഠിനാദ്ധ്വാനം കുറഞ്ഞുവരുകയും ചെയ്യുന്നു. സൗജന്യനിരക്കിൽ ഇവർക്ക് ചികിത്സാ സമ്പ്രദായം ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

## പ്രശ്നങ്ങൾ

സാമൂഹ്യ ബന്ധങ്ങളുടെയും സാമുദായിക ബന്ധങ്ങളുടെയും ചങ്ങലക്കെട്ടുകൾക്കുള്ളിൽ ആണ്ടുപോയ പട്ടികജാതി കുടുംബങ്ങൾ ഇന്നും അകലെ മാറിനിയ്ക്കേണ്ടുന്ന അവസ്ഥയാണുള്ളത്. ജന്മിമാരുടെ മുന്നിൽ ഓച്ഛാനിച്ചു നില്ക്കുന്നതിന് പകരം സർക്കാരാഫീസുകളിൽ ഉദ്യോഗസ്ഥൻമാരെ പ്രീതിപ്പെടുത്തുവാൻവേണ്ടി ഇവർ കാണിയ്ക്കുന്ന യാതനകൾ എങ്ങും ദർശിക്കാവുന്നതാണ്. ഇവരിൽ ആരും തന്നെ അർഹിക്കുന്നത് നേടുന്നില്ല എന്നുള്ള


ത് വാസ്തവമാണ്. ഇടനിലക്കാരാരെങ്കിലും ആയിരിക്കും ഇത് നേടുന്നത്. സാമൂഹ്യബോധവൽക്കരണം ഇവർക്ക് അത്യാവശ്യഘടകം തന്നെയാണ്. ഇവരുടെ പരിവേദനങ്ങൾ ദിനംപ്രതി കൂടുമ്പോൾ സർക്കാരിന്റെ മുന്നിൽ പരിഹാരമാർഗ്ഗങ്ങൾ ഒന്നുംതന്നെ നടപ്പിലാക്കുന്നില്ല. സമൂഹത്തിൽ ഇവരുടെ സ്ഥാനം പരമപ്രധാനമാണ്. കൃഷിസ്ഥലങ്ങളിലും, വിദ്യാഭ്യാസഘട്ടങ്ങളിലും, ഉദ്യോഗതലങ്ങളിലും ഇവർ അനുഭവിക്കുന്ന ത്യാഗങ്ങൾ നിരവധിയാണ്. ഇതിനൊക്കെ പരിഹാരമായി സർക്കാർ തലങ്ങളിൽ നിന്നും അവസരോചിതമായ നടപടികൾ ഉണ്ടാകുമെന്ന് കരുതുന്നു.

## ആവശ്യങ്ങൾ

1. പട്ടിജാതിക്കാർക്ക് മാസത്തിൽ ഒരുതവണ സൗജന്യനിരക്കിൽ റേഷൻ അനുവദിക്കണം.
2. കോളനി പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് വൈദ്യുതി സൗജന്യമായി വിതരണം നടത്തണം.
3. ലോൺ, ഗ്രാന്റ് എന്നി വ്യവസ്ഥയിൽ വീടുകൾ അനുവദിച്ചു കൊടുക്കണം.
4. വിവാഹ ആവശ്യത്തിനായുള്ള സാമ്പത്തിക സഹായം നൽകണം.
5. വസ്തു ഇല്ലാത്ത പട്ടികജാതിക്കാർക്ക് വസ്തു വാങ്ങാനുള്ള സാമ്പത്തിക സഹായം നൽകണം.
6. അൻപത് വയസ്സ് കഴിഞ്ഞ എല്ലാ പട്ടികജാതിക്കാർക്കും പെൻഷൻ അനുവദിച്ചു കൊടുക്കണം.
7. പട്ടികജാതക്കാർക്ക് മെഡിയ്ക്കൽ സംവിധാനം സൗജന്യമായി നൽകേണ്ടതാണ്.
8. പോഷക ഗുണനിലവാരമുള്ള ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യേണ്ടതാണ്.
9. പട്ടികജാതികാർക്ക് തൊഴിൽ സംരംഭങ്ങൾ ഉണ്ടാക്കികൊടുക്കണം.

| വാർഡ് | പുരുഷൻ | സ്ത്രീകൾ | ആകെ | പട്ടികജാതി പട്ടികവർഗ്ഗം പുരുഷൻ | സ്ത്രീകൾ | ആകെ | സാക്ഷരർ പുരുഷൻ | സ്ത്രീകൾ | ആകെ |
|---|---|---|---|---|---|---|---|---|---|
| I | 1417 | 1375 | 2792 | 107 | 121 | 228 | 1138 | 1038 | 2176 |
| II | 1147 | 1152 | 2299 | 37 | 35 | 72 | 903 | 836 | 1739 |
| III | 1066 | 1042 | 2108 | 70 | 64 | 134 | 804 | 738 | 1542 |
| IV | 1212 | 1230 | 2492 | 158 | 184 | 342 | 981 | 953 | 1934 |
| V | 1280 | 1296 | 2576 | 133 | 149 | 282 | 1029 | 984 | 2013 |
| VI | 1579 | 1506 | 3085 | 59 | 67 | 126 | 1173 | 989 | 2162 |
| VII | 1271 | 1253 | 2524 | 149 | 155 | 304 | 1028 | 1003 | 2031 |
| VIII | 1353 | 1286 | 2639 | 149 | 148 | 297 | 1050 | 910 | 1960 |
| IX | 1263 | 1288 | 2551 | 85 | 96 | 181 | 994 | 914 | 1908 |
| X | 1472 | 1499 | 2971 | 97 | 87 | 184 | 1163 | 1051 | 2214 |
| XI | 1609 | 1640 | 3249 | 459 | 489 | 948 | 1276 | 1204 | 2480 |
| XII | 1738 | 1648 | 3386 | 75 | 76 | 151 | 1469 | 1260 | 2729 |
| XIII | 1572 | 1683 | 3255 | 68 | 82 | 150 | 1321 | 1245 | 2566 |
| ആകെ | 17979 | 17948 | 35927 | 1646 | 1753 | 3399 | 14329 | 13125 | 27454 |

അവലംബം സെൻസസ് റിപ്പോർട്ട് 1991




# വിഭവ സമാഹരണം

ഒരു സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്താണ് ചെങ്കൽ ഗ്രാമ പഞ്ചായത്ത്. ജനസംഖ്യയിൽ അധികവും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്. തൊഴിലില്ലായ്മയാണ് ഇവിടത്തെ ഒരു പ്രധാന പ്രശ്നം. സമസ്ത മേഖലകളിലായി തൊഴിൽ അന്വേഷിക്കുന്നവരുടെ എണ്ണം വർഷം തോറും ഏറി വരുന്നു. എന്നാൽ കാർഷിക മേഖല ഒരു വിധം സമ്പുഷ്ടമാണ്. പരമ്പരാഗത വ്യവസായങ്ങള ഏകദേശം അസ്തമിച്ചമട്ടിലാണ്. വ്യവസായങ്ങൾ നാമമാത്രമായേ ഈ ഗ്രാമ പഞ്ചായത്തിലുള്ളൂ.

കെട്ടിട നികുതി ഇനത്തിൽ 95-96 വർഷം 1,78,684 രൂപയാണ് ലഭിച്ചത്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കെട്ടിടങ്ങളുടെ എണ്ണം വർദ്ധിച്ചു. കെട്ടിട നികുതിയ്ക്ക് പുറമെ തൊഴിൽ നികുതി, വിനോദ നികുതി, ലൈസൻസ്, ഫീസ് തടങ്ങിയവയാണ് പഞ്ചായത്തിന്റെ പ്രധാന ധനാഗമ മാർഗ്ഗങ്ങൾ.

പട്ടിക A

ചെങ്കൽ ഗ്രാമപഞ്ചായത്ത് — വരവ്

| ക്രമനമ്പർ | ഇനം | 1993–94 | 1994–95 | 1995–96 |
|---|---|---|---|---|
| 1 | കെട്ടിടനികുതി | 164201 | 167818 | 178486 |
| 2 | തൊഴിൽനികുതി | 91260 | 107646 | 132919 |
| 3 | വിനോദനികുതി | 17647 | 22808 | 11234 |
| 4 | ലൈസൻസ്ഫീസ് | 6501.75 | 8093 | 12346 |
| 5 | വസ്തുകൈമാറ്റചുങ്കം | 119695 | 208313 | 257191 |
| 6 | ലീസ് ലേലംപലവക | 14271 | 11938 | 296147 |
| | ആകെ | 413575.75 | 526616 | 888323 |

പട്ടിക B
സർക്കാർഗ്രാന്റ്

| ക്രമനമ്പർ | ഇനം | 1993–94 | 1994–95 | 1995–96 |
|---|---|---|---|---|
| 1 | അടിസ്ഥാനനികുതി ഗ്രാന്റ് | 23045 | 14529 | 24506 |
| 2 | എക്സ്ട്രാ ഗ്രാന്റ് | — | — | — |
| 3 | വി.ആർ.എം ഗ്രാന്റ് | 28919 | 28207 | 28876 |
| 4 | വി.റ്റി.സി ഗ്രാന്റ് | — | 22990 | 305708 |
| 5 | എം.ഐ ഗ്രാന്റ് | 11430 | 11430 | 12000 |
| | ആകെ | 63394 | 77156 | 371090 |

സർക്കാർ ഗ്രാന്റ് ഇനത്തിൽ അടിസ്ഥാനനികുതി ഗ്രാന്റ് വി. ആർ. എം. ഗ്രാന്റ്, വി. ടി.സി. ഗ്രാന്റ്, എം. ഐ. ഗ്രാന്റ് എന്നീ ഇനങ്ങളിലായി 95–96 വർഷത്തിൽ 3,71,090 രൂപ ലഭിച്ചിട്ടുണ്ട്.

തനത് വരുമാനത്തിന്റെ 80% ഭരണച്ചെലവിന് വിനിയോഗിക്കുന്നതിനായി കഴിഞ്ഞ മൂന്ന് വർഷത്തെ കണക്കുകൾ കാണിക്കുന്നു. 95–96 വർഷത്തിൽ 10% കുടിവെള്ളത്തിനും ആരോഗ്യത്തിനുമായി ചെലവഴിച്ചിട്ടുണ്ട്. പൊതുമരാമത്തിന് വേണ്ടി 95–96 വർഷത്തിൽ ഒന്നും തന്നെ ചെലവഴിച്ചിട്ടില്ല. അതുപോലെതന്നെ ഉല്പാദനമേഖലയിലും വേണ്ടത്ര പ്രാധാന്യം കൊടുത്തിട്ടില്ല.

പട്ടിക A
ചെങ്കൽ ഗ്രാമപഞ്ചായത്ത് — വരവ്

| ക്രമനമ്പർ | ഇനം | 1993–94 | 1994–95 | 1995–96 |
|---|---|---|---|---|
| 1 | ഭരണം | 5,86,930 | 5,13,154 | 6,86,266 |
| 2 | പൊതുമരാമത്ത് | — | 3,85,495 | — |
| 3 | വിദ്യാഭ്യാസം | — | 1,695 | 25,765 |
| 4 | ജലവിതരണം ആരോഗ്യം | — | 6,615 | 83,442 |
| 5 | തെരുവ് വിളക്ക് | 75,583 | 60,942 | 71,366 |
| 6 | മറ്റുള്ളവ | 5,75,247 | 4,09,750 | 3,94,503 |
| | ആകെ | 12,37,760 | 13,77,651 | 12,61,342 |

## വിഭവസമാഹരണം

### കെട്ടിടനികുതി:

9,123 കെട്ടിടങ്ങളുള്ള പഞ്ചായത്തിന് കഴിഞ്ഞ വർഷം കെട്ടിട ഇനത്തിൽ ലഭിച്ച തുക 1,78,4486 രൂപയാണ്. ഇതുവളരെ കുറവാണ്. കെട്ടിടനികുതി നിയമപ്രകാരം 6% മുതൽ 10% വരെ കെട്ടിടങ്ങളുടെ പൊതുസ്വഭാവമനുസരിച്ച് നികുതി ഈടാക്കാവുന്നതാണ്. എന്നാൽ ഏറ്റവും കുറഞ്ഞ 6% മാത്രമേ ഈ പഞ്ചായത്തിൽ കെട്ടിടനികുതി ഏർപ്പെടുത്തുന്നുള്ളു.

### തൊഴിൽനികുതി.

പട്ടിക പരിശോധിച്ചാൽ ആനുപാതികമായി തൊഴിൽ നികുതിയിൽ വർദ്ധനവുള്ളതായി കാണുന്നു. ഗ്രാമവികസന വകുപ്പിന്റെ സഹായത്തോടെ 1992-ൽ 14 ലക്ഷം രൂപ ചെലവഴിച്ച് ഒരു ഷോപ്പിംഗ് കോംപ്ലക്സ് പണി കഴിപ്പിച്ചിട്ടുണ്ട്. അതിൽനിന്നും പ്രതിവർഷം 64,057 രൂപ വാടക ഇനത്തിൽ ലഭിക്കുന്നുണ്ട്. പഞ്ചായത്ത് കെട്ടിടങ്ങളുടെ നിലവിലുള്ള വാടക പുനഃപരിശോധിയ്ക്കുകയും വാടക വർദ്ധിപ്പിക്കുകയും ചെയ്താൽ ആ ഇനത്തിൽ അല്പം വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

**മറ്റിനങ്ങൾ**

| ക്രമനമ്പർ | ഇനം | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| 1 | ഉപാധിരഹിതഫണ്ട് | 1,97,60 | 2,75,500 | 2,89,490 |
| 2 | ഡെപ്പോസിറ്റ് ഫണ്ട് | 54,932 | 15,915 | 27,35 |
| | ആകെ | 2,51,992 | 2,91,415 | 2,92,225 |

കെട്ടിടനികുതി ഇനത്തിൽ നികുതി കണക്കാക്കുന്നതിന് അനുയോജ്യമായ സംവിധാനങ്ങളില്ല. പണിപൂർത്തിയാക്കുന്നതിനുമുമ്പ് വീട് നമ്പർ കൊടുക്കേണ്ടിവരുന്നതിനാൽ നിർമ്മാണച്ചെലവ് കണക്കാക്കുന്നതിൽ ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട്. ചില കെട്ടിടങ്ങൾ പുതുക്കി പണിതാൽ അധികൃതരുടെ ശ്രദ്ധയിൽപ്പെട്ട് നികുതി പുതുക്കി നിശ്ചയിക്കുന്നതിന് കാലതാമസം നേരിടുന്നു. ഇത് പരിഹരിക്കുവാൻ പഞ്ചായത്ത്രാജ് നിയമം അനുശാസിക്കുന്ന കെട്ടിടനിയമം പഞ്ചായത്തിൽ ബാധകമാക്കേണ്ടതാണ്.

### വിഭവസമാഹരണം

ഈ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ നിയമാനുസൃതമല്ലാതെ, വലിയ തുകയ്ക്കുള്ള ചിട്ടികൾ നടത്തിവരുന്നു. അത്തരത്തിൽ അനധികൃതമായി നടത്തിവരുന്ന ചിട്ടികൾക്ക് നികുതി ഈടാക്കിയാൽ ഒരു വലിയ തുക പഞ്ചായത്തിന് വരുമാനമായി ലഭിക്കും. ഈ പഞ്ചായത്തിൽ വളരെയധികം ആൾക്കാർ പണിയെടുക്കുന്ന ഒരു മേഖലയാണ് ഇഷ്ടിക നിർമ്മാണം. ഇത്തരത്തിലുള്ള നിർമ്മാണശാലകളുടെ വ്യക്തമായ കണക്കെടുത്ത് ലൈസൻസ് ഫീസ് പുതുക്കി നിശ്ചയിച്ച് തുക ഈടാക്കിയാൽ പഞ്ചായത്തിന് അധികവരുമാനം ഉണ്ടാക്കാൻ സാധിക്കും. ഈ പഞ്ചായത്തിൽ നിന്നും ഖനനം ചെയ്തെടുക്കാവുന്ന എല്ലാ വസ്തുക്കളുടെയും ഉടമസ്ഥാവകാശം പഞ്ചായത്ത് ഏറ്റെടുക്കേണ്ടതും, അവ പഞ്ചായത്തിനകത്തു നടത്തുന്ന വ്യവസായാവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ടതുമാണ്. ഈ പഞ്ചായത്തിലെ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന ഏതൊരു സാധനവും പഞ്ചായത്തിനു പുറത്തുകൊണ്ടു പോകുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്.

പഞ്ചായത്ത് പരിധിക്കകത്തെ വാഹനങ്ങൾക്ക് പഞ്ചായത്ത് രജിസ്ട്രേഷൻ നിർബന്ധമാക്കണം. അടിസ്ഥാനഭൂനികുതി കാലോചിതമായി പരിഷ്കരിച്ച് പഞ്ചായത്ത് വിഹിതം വർദ്ധിപ്പിക്കേണ്ടതാണ്. ഭൂമിതരം മാറ്റുന്നതിന് പ്രത്യേകം ഫീസ് വസൂൽ ചെയ്യുക. അറവുശാലകൾക്ക് ലൈസൻസ് നിർബന്ധമാക്കി നിലവിലുള്ള ഫീസ് ഉയർത്തേണ്ടതാണ്. പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമിയിൽ അനുയോജ്യമായ കൃഷികൾ ചെയ്ത് വരുമാനം വർദ്ധിപ്പിക്കുക. തരിശ്ശിടുന്ന കൃഷിഭൂമിക്ക് പിഴചുമത്തുക. പഞ്ചായത്തിന്റെ പരിധിയിൽവരുന്ന പൊതുമുതലുകളേതായാലും, അവ നശിപ്പിക്കുന്നവരിൽ നിന്നും കനത്ത നികുതി ചുമത്തുക.


അദ്ധ്വാനശീലരും ചുറുചുറുക്കുമുള്ള ഒരു കൂട്ടം ചെറുപ്പക്കാർ, ഈ പഞ്ചായത്തിൽ അധിവസിക്കുന്നുവെന്നത് എടുത്തു പറയേണ്ട ഒരു കാര്യമാണ്. എന്നാൽ അവരുടെ അദ്ധ്വാന ശേഷിക്കനുസരിച്ചുള്ള തൊഴിൽ സാധ്യതകൾ ഇല്ലാത്ത ഒരു പഞ്ചായത്താണിത്. ആയതിനാൽ ഈ പഞ്ചായത്തിനകത്തു വരുന്ന വലുതും ചെറുതുമായ മരാമത്തു പണികൾ കോൺട്രാക്ട് അടിസ്ഥാനത്തിൽ ചെയ്യിക്കാതെ, ജനപങ്കാളിത്തത്തോടുകൂടി പണികൾ ചെയ്യിപ്പിച്ചാൽ ഈ പഞ്ചായത്തിലെ തൊഴിലില്ലായ്മയ്ക്ക് ഒരു പരിധി വരെ പരിഹാരം കാണാനും പഞ്ചായത്തിന്റെ പണം കൂടുതൽ നഷ്ടമാകാതിരിക്കാനും സഹായകരമായിരിക്കും.

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുകയും, ജനപങ്കാളിത്തത്തോടെ നടത്തിവരുന്ന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതുമാണ്. വികസന പ്രവർത്തനങ്ങളിൽ ബഹുജനസംഘടനകളെയും സന്നദ്ധ സംഘടനകളെയും അണിനിരത്തുന്നതുവഴി ഒരു വികസനസംസ്കാരം സൃഷ്ടിച്ചാൽ എല്ലാ പ്രവർത്തനങ്ങൾക്കും തൊഴിൽരഹിതരും അഭ്യസ്തവിദ്യരുമായ യുവജനങ്ങളെ ഈ മേഖലയിലേക്ക് ആകർഷിക്കാൻ കഴിയും.

വ്യാവസായികാവശ്യത്തിനുള്ള വിവിധ സാധനസാമഗ്രികൾ നിർമ്മിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ, പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒറ്റയ്ക്കോ കൂട്ടായോ നടത്തുന്നതിനാവശ്യമായ സാമ്പത്തികവും, സാങ്കേതികവുമായ ഉപദേശങ്ങൾ നല്കുക. പഞ്ചായത്ത് നേരിട്ടു വാടകയ്ക്കു കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ നിലവിലുള്ള വാടക പുന:പരിശോധിച്ച്, പുതുക്കി നിശ്ചയിച്ച് തുക ഈടാക്കേണ്ടതാണ്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ഏഴു ചന്തകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഉദിയൻ കുളങ്ങരയിൽ പ്രവർത്തിക്കുന്ന ഒരു ചന്തയിൽ നിന്നും മാത്രമാണ് പഞ്ചായത്തിന് കരംപിരിക്കാൻ സാധിക്കുന്നത്. വട്ടവിള, വ്ലാത്താങ്കര, മര്യാപുരം എന്നീ സ്ഥലങ്ങളിൽ നല്ല തിരക്കുള്ള ചന്തകളാണ് പ്രവർത്തിക്കുന്നതെങ്കിലും പഞ്ചായത്തിന് യാതൊരു വരുമാനവും ലഭിക്കുന്നില്ല. ആയതിനാൽ പ്രസ്തുത ചന്തകൾ പഞ്ചായത്ത് ഏറ്റെടുത്ത്, സ്ഥലം കണ്ടെത്തി ചന്തയ്ക്കുവേണ്ട സൗകര്യങ്ങൾ ചെയ്ത് കരം പിരിവ് നടത്താവുന്നതാണ്. ഈ പഞ്ചായത്തിനകത്തു നടത്തുന്ന എല്ലാത്തരം ഷോപ്പുകൾക്കും ലൈസൻസ് നിർബന്ധിതമാക്കണം. ഉപയോഗശൂന്യമായി പോകുന്ന വസ്തുവകകൾ സർക്കാർ ലേലവ്യസ്ഥകൾക്കു വിധേയമായി യഥാസമയം ലേലം ചെയ്തു വിറ്റ് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

ഈ പഞ്ചായത്തിലെ മുഴുവൻ ആളുകളെയും സമ്പാദ്യശീലമുള്ളവരാക്കി മാറ്റാൻ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കേണ്ടതാണ്. അതിലൂടെ നിക്ഷേപിക്കുന്ന നിക്ഷേപത്തുക ഈ പഞ്ചായത്തിനകത്ത് സ്ഥിതിചെയ്യുന്ന സർവ്വീസ് സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുന്നതിന് നിർബന്ധിതരാക്കേണ്ടതണ്. പ്രസ്തുത തുക ഈ പഞ്ചായത്തിലെ വിവിധ വികസനങ്ങൾക്കും കാർഷിക ആവശ്യങ്ങൾക്കുമായി വിനിയോഗിക്കുന്നതിലൂടെ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. പഞ്ചായത്ത് തനതായി ഏതെങ്കിലുമൊരു ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിയാൽ ഈ പഞ്ചായത്തിലെ ജനങ്ങളുടെ ജീവിതത്തിന് ഉറപ്പും പഞ്ചായത്തിന് സാമ്പത്തിക ഭദ്രതയും കൈവരിക്കാവുന്നതാണ്.

ഈ പഞ്ചായത്തിൽ നിലവിലുള്ള നികുതികളും, പുതുതായി നടപ്പിലാക്കുന്ന നികുതികളും കൃത്യസമയത്ത് ആത്മാർത്ഥയോടെ പിരിച്ചെടുത്താൽ ഈ പഞ്ചായത്തിലെ വരുമാനം ചെറിയൊരളവിൽ വർദ്ധിപ്പിക്കാൻ സാധിക്കും.



# ഉപസംഹാരം

അശാസ്ത്രീയമായ വികസനമാണ് നാം ഇതുവരെ സ്വീകരിച്ചു പോന്നിരുന്നത്. റോഡും പാലവും കുടുവെള്ളവും ലഭ്യത പരിഹരിച്ചാൽ സമ്പൂർണ്ണ വികസനമായി എന്ന് അവകാശപ്പെട്ടിരുന്നു. കാർഷിക മേഖലയിലോ മൃഗസംരക്ഷണ മേഖലയിലോ വിദ്യാഭ്യാസകാര്യങ്ങളിലോ സാമൂഹ്യ ബോധവൽക്കരണത്തിലോ നാം എത്തുന്നില്ല. കാരണം ഇതൊക്കെ ഡിപ്പാർട്ടുമെന്റുകളുടെ വികസനമാണെന്ന പേരിൽ നാം കൈയ്യൊഴിയുന്നു. വികസനം ഫയലുകലിൽ കുരുങ്ങിക്കിടക്കുന്ന ഇവയെ ആരും ശ്രദ്ധിക്കപ്പെടുന്നില്ല. ഇന്നലെവരെ അനുവർത്തിച്ചു പോന്ന കാര്യങ്ങൾ ജനകീയ ആസൂത്രണത്തിലൂടെ പരിഹരിക്കപ്പെടുകയാണ്. ഇവിടെ വികസന രേഖ തയ്യാറാക്കുന്നത് കക്ഷിരാഷ്ട്രീയ ബന്ധം മറന്ന് നമ്മൾ ഒരുമിച്ചു തന്നെയാണ്.

മുമ്പ് സാമ്പത്തിക പരാജയം മൂലം നമ്മുടെ വികസന പദ്ധതി തകരാറിലായിട്ടുണ്ട്. ഇതിനുവേണ്ടി ഫണ്ട് സമാഹരിക്കണം. സർക്കാരേതര ഏജൻസികളെ കണ്ടെത്തി യോജിച്ച പദ്ധതികൾ സമർപ്പിച്ച് ഫണ്ടു ശേഖരിക്കാൻ പ്രയാസമില്ല. ഇതിനും കൂട്ടായ ഒരു ശ്രമം തന്നെ നടത്തേണ്ടിയിരിക്കുന്നു.

. പദ്ധതികൾ നടപ്പിലാക്കുമ്പോൾ വസ്തുനിഷ്ഠമായ സമീപനം പ്രായോഗികമാക്കണം. സാമൂഹ്യ രാഷ്ട്രീയ രംഗത്തുള്ള എല്ലാ തർക്കങ്ങൾക്കും കാരണം പ്രശ്നങ്ങളെ ആത്മനിഷ്ടമായി വിലയിരുത്തുന്നതാണ്. വസ്തുനിഷ്ഠമായി തെളിവിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നതോടെ തർക്കങ്ങൾ ഇല്ലാതാവുകയും ഐക്യം വളർന്നു വരുകയും ചെയ്യും. വിഭവ ഭൂപടങ്ങൾ സർവെ ഡിപ്പാർട്ടുമെന്റുകൾ എന്നിവ എല്ലാ വികസന പ്രക്രിയ കൾക്കും വസ്തുനിഷ്ഠമായ അടിത്തറയാണ് നൽകുന്നത്.


ജനകീയ പ്രശ്നങ്ങളെ മുൻഗണനാക്രമത്തിൽ വിലയിരുത്തേണ്ടതാണ്. ഇതിൽ ഏതാണ്ട് കാര്യക്ഷമം, അനുകൂല സാഹചര്യം, നടപ്പിലാക്കേണ്ട കാരണം ഇവ ബോധപൂർവ്വം നിരീക്ഷിച്ചുകൊണ്ടിരിക്കണം പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ടത്. ഇതിനുവേണ്ടി ജനശക്തിയും പ്രകൃതി വിഭവങ്ങളും പ്രയോജനപ്പെടുത്താൻ കഴിയുന്നതാണ്.

പ്രോജക്ടുകൾ സമർപ്പിക്കുന്നതിന് അതാത് വിഷയങ്ങളിൽ വിദഗ്ദ സ്ഥലം സ്ഥിരമായി പ്രവർത്തിച്ചേ മതിയാവൂ. സർക്കാർ നൽകുന്ന 40% പദ്ധതി വിഹിതം തന്നെ കഴിഞ്ഞ കാലങ്ങളിലെ സാമ്പത്തിക നിലയെക്കാൾ വലിയ നേട്ടങ്ങൾക്ക് കാരണമാണ്. അഞ്ചാം പദ്ധതിക്കുള്ള ആകെ തുക 14,800 കോടി രൂപയാണ്. ഇതിന്റെ 40% എന്നാൽ 5,920 കോടി രൂപയാണ്. ഇതിന്റെ പകുതി 2900 കോടി ഗ്രാമ പഞ്ചായത്തുകൾക്കു കിട്ടാനിടയുണ്ട്. ചുരുങ്ങിയത് 25% ജനവിഹിതം ലഭിക്കാൻ ആകും എന്നു പ്രതീക്ഷിക്കണമെങ്കിൽ പ്രതിവർഷം പഞ്ചായത്തിനു നൽകുന്ന തുക 72.9 ലക്ഷം ആണ്. വികസന രംഗത്ത് ഇതൊരു കുതിച്ചു ചാട്ടത്തിന് കാരണമാകും എന്നുറപ്പാണല്ലോ.

വികസനം അടിത്തട്ടിൽനിന്ന് മേലോട്ട്, സാർവ്വത്രിക സ്വപ്നലോകത്തിനു യാഥാർത്ഥ്യം. ജനോപകാരമായിട്ടുള്ള ജനകീയ പദ്ധതികൾ ശീഘ്രഗതിയിൽ ഫലപ്രദമായിട്ട് നടപ്പിലാക്കേണ്ട സാമൂഹ്യായുധമാണ് ജനകീയാസൂത്രണം.

ഈ കാരണങ്ങൾകൊണ്ട് മാത്രം തന്നെയാണ് നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ 'സമഗ്രവികസനരേഖ' സമ്പുഷ്ടമാക്കി, കാര്യം സമ്പൂർണ്ണമായി നടപ്പിലാക്കാനുള്ള പ്രതിബദ്ധത നാം നിലനിർത്തിയേ തീരൂ. കക്ഷി രാഷ്ട്രീയത്തിനതീതമായി ജനത ഒറ്റക്കെട്ടായി വികസനത്തിന്റെ രാഷ്ട്രീയത്തിൽ മുഴുകിയാൽ, യഥാർത്ഥം, ജനകീയ രാഷ്ട്രീയം അതിൽനിന്നും, പാലാഴി മദനത്തിൽനിന്നും അമൃതകുംഭം എന്നപോലെ ഉയർന്നുവരുമെന്നത് സ്വാഭാവികം മാത്രമാണ്. അയൽകൂട്ടങ്ങളുടെയും ഗ്രാമസഭകളുടെയും ജനകീയ ശക്തിയിൽ ഗ്രാമവികസനത്തിനൊരു വേലിയേറ്റം സൃഷ്ടിക്കുവാൻ നമുക്കു കഴിയും, കഴിയണം.

മഹത്തായ ഈ പ്രതീക്ഷ നിറവേറ്റാൻ സമീപകാലത്തുതന്നെ നമുക്ക് കഴിയുമെന്ന് പ്രത്യാശയോടെ ഈ 'ഗ്രാമ വികസനരേഖ' ചെങ്കൽ ഗ്രാപഞ്ചായത്ത് വികസന സെമിനാറിനു മുമ്പാകെ വിശദമായ വിശകലനത്തിനും ചർച്ചക്കും പരിഷ്ക്കരണത്തിനും വേണ്ടി സമർപ്പിക്കുന്നു.



## ജനകീയാസൂത്രണ ടാസ്ക്ഫോഴ്സ് (കർമ്മസ മിതി)

**കൺവീനർമാരും ജോയിൻ കൺവീനർമാരും.**

1. കൃഷി, ജലസേചനം,

| | |
|---|---|
| കൺവീനർ | എസ്. ജെ. ഹരികുമാർ (കൃഷി ഓഫീസർ) |
| ജോ: കൺവീനർ | ആർ. ദാമോധരൻ, ധർമ്മ രാജ്, ഷാജി. |

2. മൃഗസംരക്ഷണം, മത്സ്യബന്ധം

| | |
|---|---|
| കൺവീനർ | മണികണ്ഠൻ (വെറ്റിനറി സർജൻ) |
| ജോ: കൺവീനർ | കെ. ഗോപിനാഥൻ, ഗോപി. |

3. വിദ്യാഭ്യാസം

| | |
|---|---|
| കൺവീനർ | കലാകുമാരി (എച്ച് എം. യു പി എസ്, ചെങ്കൽ) |
| ജോ: കൺവീനർ | പി എസ് രാജേഷ്, പ്രസന്നകുമാരി, അനിൽകുമാർ |

4. ആരോഗ്യം, കുടുവെള്ളം, പരിസരശുചിത്വം

| | |
|---|---|
| കൺവീനർ | ഡോ. പ്രിയകുമാർ (PHC ചെങ്കൽ) |
| ജോ: കൺവീനർ | പ്രേമശ്രീ, വിലാസിനി. |

5. വ്യവസായം

| | |
|---|---|
| കൺവീനർ | ബി. വിജയകുമാർ (വേലപ്പ ഭവൻ) |
| ജോ: കൺവീനർ | ആർ. പി. നടരാജൻ, ലളിത, രത്നമ്മ. |

6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

| | |
|---|---|
| കൺവീനർ | ഫ്രാൻസിസ് കെ. (KSEB, ഉദിയൻകുളങ്ങര) |
| ജോ: കൺവീനർ | ബിജു എസ് വി. ടി. ചന്ദ്രൻ. |

7. ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം

| | |
|---|---|
| കൺവീനർ | ബി. സുന്ദരൻനാടാർ (തോട്ടിൻങ്കര) |
| ജോ: കൺവീനർ | അജിതകുമാരി ഡി, നിർമ്മല, സുഹൃദം. |

8. സംസ്കാരം

| | |
|---|---|
| കൺവീനർ | കുഞ്ഞികൃഷ്ണൻ (പ്രസിഡന്റ്, സി. വി. ആർ. ഗ്രന്ഥശാല) |
| ജോ: കൺവീനർ | മഞ്ജു എൻ എൽ, പ്രേമലത, ഷീല. |

9. വനിത

| | |
|---|---|
| കൺവീനർ | ഡോ. ശോഭ ജോണി (ആയുർവ്വേദ ആശുപത്രി) |
| ജോ: കൺവീനർ | ടി. രാജം, പ്രേമലീല, ജയകുമാരി, സുഗന്ധി. |

10. സഹകരണമേഖല

| | |
|---|---|
| കൺവീനർ | എസ്. രാഘവൻ (സർവ്വീസ് സഹകരണ ബാങ്ക്, ചെങ്കൽ) |
| ജോ: കൺവീനർ | ജെപസിംഗ്, സർവ്വീസ് സഹകരണ ബാങ്ക്, ആറയൂർ. |

11. പട്ടികജാതിപട്ടിവർഗ്ഗക്ഷേമം

| | |
|---|---|
| കൺവീനർ | എസ്. സർജനം (നൊച്ചിയൂർ) |
| ജോ: കൺവീനർ | എച്ച് രാജു, സരോജിനി, അജിതകുമാരി, ജയിനമ്മ. |

12. വിഭവസമാഹരണം

| | |
|---|---|
| കൺവീനർ | ഇ. ജനാർദ്ദനൻ നായർ, കീഴമ്മാകം. |
| ജോ: കൺവീനർ | സ്റ്റാൻലി രാജ് ആർ. |

# അധികാരം ജനങ്ങളിലേക്ക്

## ഒമ്പതാംപദ്ധതി ജനകീയപദ്ധതി

*Printed at KSAVRC, Tvm-24 Ph 476550*